KOTTAYAM PUBLIC LIBRARY

Call No. 900 Acc. No. 4506

Author: ഉണ്ണിരാജാ. സി.

Title: യുദ്ധമോ സമാധാനമോ?

1175

No-4506

# യുദ്ധമോ സമാധാനമോ?

ഗ്രന്ഥകാരൻ:

സി. ഉണ്ണിരാജാ എം. എ.

NATIONAL BOOK STALL
KOTTAYAM
KALARIKAL BAZAAR

പ്രസാധകന്മാർ:

മംഗളോദയം ലിമിററഡ്,

തൃശ്ശിവപേരൂർ.

ഒന്നാം പതിപ്പ്: കോപ്പി 1000

വടക്കാഞ്ചേരി
അരുണോദയം പ്രസ്സിൽ അച്ചടിച്ചത്.

1121 ചിങ്ങം

വില 1ക. 4ണ.

No. 4506

# യുദ്ധമോ സമാധാനമോ?

## ആക്രമണതന്ത്രങ്ങളുടെ ബലപരീക്ഷ

നിങ്ങളിൽ വളരെപ്പേർ ഇന്നു നടക്കുന്ന യുദ്ധത്തെ സംബന്ധിച്ചുള്ള ചലനചിത്രങ്ങൾ പലപ്പോഴും കണ്ടിട്ടുണ്ടാവുമെന്നു തീച്ചയാണ്. ആദ്യമായി കണ്ട സമയത്തു പലരും തെല്ലൊന്ന് ആശാഭംഗപ്പെട്ടിട്ടുണ്ടായിരിക്കണം. എന്താണ് നിങ്ങൾ ആ ചിത്രങ്ങളിൽ കാണുന്നത്? മിന്നൽവേഗത്തിൽ കൺചിന്നിക്കുമാറു പാഞ്ഞുപോകുന്ന മോട്ടോർവാഹനങ്ങൾ, മലയിടുക്കുകളിലും കാട്ടുകളിലും ഒളിഞ്ഞും കിടന്നും ഇഴഞ്ഞും വെടിവെച്ചുകൊണ്ട് ഒററയ്ക്കും ചെറുസംഘങ്ങളായും നീങ്ങുന്ന പട്ടാളക്കാർ, ചില പൊട്ടിത്തെറിയ്ക്കലുകൾ, കത്തിക്കാളലുകൾ.

ലക്ഷക്കണക്കിനു പട്ടാളക്കാരും പതിനായിരക്കണക്കിനു ടാങ്കുകളും വിമാനങ്ങളും ഇരുഭാഗക്കാരും അണിനിരത്തി അന്യാദൃശമായ ഭയങ്കരതയോടുകൂടി നടത്തുന്ന ഇന്നത്തെ യുദ്ധത്തിൻെറ ഗതിവിശേഷങ്ങളെപ്പററി പത്രപംക്തികളിൽ നാം വായിക്കാറുണ്ട്. ആ സന്ദർഭത്തിൽ ആധുനികകുരുക്ഷേത്രങ്ങളായ ഈ യുദ്ധരംഗങ്ങളെക്കുറിച്ചു നമ്മുടെ മനസ്സിലുണ്ടാകുന്ന ചിത്രം നാം സിനിമാപടത്തിൽകാണുന്നതുമായി യാതൊരു പൊരുത്തവുമില്ലാത്തതായിത്തോന്നുന്നു. ഒന്നുകിൽ ഈ ചലനചി

ത്രങ്ങളിൽ കാണുന്നതു യാഥാർത്ഥ്യത്തിൽനിന്നെത്രയോ അകന്നതാണ്; അല്ലെങ്കിൽ പത്രങ്ങളിൽ നാം കാണുന്ന ഈ നാലും അഞ്ചും അക്കങ്ങളുള്ള സംഖ്യകൾക്കെന്തോ തെററുണ്ട്.

അതിലത്ഭുതമില്ല. യുദ്ധമെന്നാലെന്താണെന്നതിനെപ്പററി നമുക്കുള്ള ധാരണ, യുദ്ധത്തിൻെറ രീതിയിലും സ്വഭാവത്തിലും ഈ യുദ്ധത്തിന്നു മുമ്പും അതിന്നിടയ്ക്കും വന്നിട്ടുള്ള വമ്പിച്ച പരിവർത്തനങ്ങളോടൊപ്പം മാറിയിട്ടില്ലെന്നതാണ് ഇതിന്നു കാരണം. കുട്ടിക്കാലത്തു മഹാഭാരതവും രാമായണവും മററു പുരാണങ്ങളും അമ്മയുടെ മുലപ്പാലോടൊപ്പം, ഉൾക്കൊണ്ടിട്ടുള്ള നമുക്കു യുദ്ധം എന്നു കേട്ടാൽ കൌരവപാണ്ഡവയുദ്ധവും രാമരാവണയുദ്ധവുമാണ് ഒന്നാമത് ഓർമ്മയിൽ വരിക. ഇരുഭാഗക്കാരുടേയും ചതുരംഗസേനകൾ അഭിമുഖമായി അണിനിരന്നുനിന്ന് ഏതെങ്കിലും ഒരു ഭാഗം കീഴടങ്ങുകയോ കൊല്ലപ്പെടുകയോ ചെയ്യുന്നതുവരെ യുദ്ധം ചെയ്യും: നമ്മുടെ ധാരണയതത്രേ.

അല്ലെങ്കിൽ, കഴിഞ്ഞ ലോകമഹായുദ്ധത്തെപ്പററി കേൾക്കാനും അറിയാനും സാധിച്ചിട്ടുള്ളവരെയെടുക്കുക. അവരുടെ മനസ്സിൽ യുദ്ധത്തെപ്പററിയുണ്ടാകുന്ന പ്രതീതി എന്തായിരിക്കും? കോട്ടകൊത്തളങ്ങൾ കെട്ടി, കുഴികൾ കുഴിച്ച്, മുള്ളുകമ്പിവേലികൾ ഉണ്ടാക്കി ഇരുപട്ടാളങ്ങളും സ്ഥാനമുറപ്പിച്ച് അന്യോന്യം വെടിവെയ്ക്കുകയും ശത്രുസൈന്യത്തിന്നു ക്ഷീണവും നാശവും പിണഞ്ഞുവെന്നുകണ്ടാൽ, കടന്നാക്രമിക്കുകയും, അങ്ങനെ മു

മ്പോട്ടുകേറിയും പിൻവാങ്ങിയും എങ്ങും രക്ഷാനിരകളു റപ്പിച്ച യുദ്ധംചെയ്യുകയുമെന്നുള്ളതായിരിക്കും.

ആയുധങ്ങളും ആയോധനമുറകളും മാറി.

ഈ രണ്ടു ധാരണകളും ഇന്നത്തെ യുദ്ധത്തെസ്സംബ ന്ധിച്ചേടത്തോളം അയഥാൎത്ഥങ്ങളാണ്.

ഈ കാലത്തിനിടയ്ക്കു് ആയുധങ്ങൾ മാറിയിരിക്കു ന്നു, ആയോധനമുറകളും മാറിയിരിക്കുന്നു.

പണ്ടുകാലത്ത് ആന, തേർ, കുതിര, കാലാളും അ മ്പും വില്ലും വാളും കുന്തവുമായിരുന്നു യുദ്ധംനടത്തലി ന്റെ പ്രധാനോപകരണങ്ങൾ. കഴിഞ്ഞ ലോകമഹായു ദ്ധത്തിൽ, കാലാൾപ്പടയും കുതിരപ്പട്ടാളവും തോക്കുക ളും യന്ത്രത്തോക്കുകളും പീരങ്കികളും ചെറിയതോതിൽ മോട്ടോർവാഹനങ്ങളും (വിമാനവും ടാങ്കും അവസാന ത്തിലേ ആവിർഭവിച്ചുള്ളു; കപ്പൽപട വേറെയുണ്ട്) ഉ പയോഗിച്ചിട്ടാണ് യുദ്ധം ചെയ്തിരുന്നത്. ഇന്നത്തെ യു ദ്ധത്തിലാകട്ടെ, കാലാൾപ്പടതന്നെ മോട്ടോർവാഹനങ്ങ ളിലാണ് പടക്കളത്തിലേയ്ക്കു നീങ്ങുക; വായുവേഗത്തിൽ പായുന്ന ടാങ്കുകളും വിമാനങ്ങളുമാണ് ആയുധങ്ങളിൽ ഏററവും പ്രധാനങ്ങൾ.

ആയുധങ്ങളിൽ വന്ന ഈ മാററം യുദ്ധതന്ത്രത്തി ലും മാററംവരുത്തീട്ടുണ്ട്. 'പഴക്കംചെന്ന ഒരു സേനാനാ യകൻ' എഴുതീട്ടുള്ള ഒരു ലേഖനത്തിൽ പറയുന്നു:

"ഈ യുദ്ധത്തിലെ ആയോധനമുറകൾ 1-ാം ലോ കമഹായുദ്ധത്തിന്റേതിൽനിന്നും മൌലികമായി വി ഭിന്നങ്ങളാണ്. യുദ്ധസാമഗ്രികളുടെ സാങ്കേതികമാ

യ സത്വരവളൎച്ചയാണു് ഈ മാററത്തിന്നു നിദാനം. രണ്ടു ലോകമഹായുദ്ധങ്ങൾക്കിടയ്ക്കു മാത്രമല്ല, ഇന്നത്തെ യുദ്ധത്തിന്നിടയ്ക്കുതന്നെ, യുദ്ധസാമഗ്രികൾ പരിഷ്കരിച്ചുവന്നിട്ടുണ്ടു്. പ്രധാനമായി ആയോധനമുറകളെ പാടേ പരിവൎത്തനം ചെയ്ത സംഗതി, മോട്ടോർവാഹനങ്ങളുടെ ഉപയോഗവും യന്ത്രീകരണവുമാകുന്നു. ഇതുകൊണ്ടു് ആയോധനത്തിന്നു് പണ്ടത്തേക്കാൾ എത്രയുമധികം ചലനസ്വഭാവം കിട്ടി, കൂടുതൽ സൌകൎയ്യം കിട്ടി. അവയുടെ ഊക്കിനേയും ശക്തിയേയും വൎദ്ധിപ്പിച്ചു.”

ഒരിടത്തു നിന്നുകൊണ്ടല്ല ഇന്നു യുദ്ധം ചെയ്യുന്നതു്. ശത്രുവിനെ ഒരൊററ അടിക്കു വീഴ്ത്താനും വളഞ്ഞിടാനുമായി പട്ടാളം—ടാങ്കുകളും കാലാൾപ്പടയും പീരങ്കിപ്പടയും—മിന്നൽവേഗത്തിൽ പാഞ്ഞുകയറുന്നു. നില്ക്കുന്നുണ്ടെങ്കിൽ അടുത്ത കയററത്തിന്നുള്ള ഒരുക്കക്കൂട്ടലായിട്ടുമാത്രം. പട്ടാളമാകെ അണിനിരന്നുകൊണ്ടല്ലതാനും ഈ പാഞ്ഞുകയറൽ; ശത്രുവിൻെറ ദുർബ്ബലസ്ഥാനങ്ങൾ നോക്കി സംഘങ്ങളായിട്ടാണു്.

അതുകൊണ്ടാണു് വൎത്തമാനപത്രങ്ങളിൽ കാണുന്ന സംഖ്യകളും സിനിമയിൽ കാണുന്ന ചിത്രങ്ങളും തമ്മിൽ പൊരുത്തമില്ലെന്നു സാധാരണക്കാൎക്കു തോന്നാനിടയാകുന്നതു്.

ഇന്നത്തെ യുദ്ധം വമ്പിച്ച ആക്രമണങ്ങളുടെ യുദ്ധമാണെന്നാകുന്നു മാക്സ് വെർണർ എന്ന പ്രസിദ്ധയുദ്ധതന്ത്രജ്ഞൻ അഭിപ്രായപ്പെടുന്നതു്. കഴിഞ്ഞ അഞ്ചുകൊല്ലത്തെ യുദ്ധഗതിയെ പരിശോധിച്ചുനോക്കുന്നവ

ക്ക് ഈ അഭിപ്രായത്തിലടങ്ങിയിട്ടുള്ള വാസ്തവം മനസ്സിലാക്കാം.

## ആക്രമണങ്ങളുടെ യുദ്ധം

യുദ്ധത്തിലെ ആദ്യത്തെ മൂന്നു കൊല്ലം അച്ചുതണ്ടുശക്തികൾ സത്വരവിജയത്തോടുകൂടി എതിരില്ലാതെ പാഞ്ഞുകയറിയ കാലമായിരുന്നു. 1939 സപ്തമ്പറിലെ പോളണ്ടാക്രമണംമുതൽ 1942 വേനൽക്കാലത്തു റഷ്യയിൽ കാക്കസസ്സ്പർവ്വതനിരയുടെ അടിവാരത്തിലേയ്ക്കുള്ള കയററംവരെ ഓരോ ആക്രമണത്തിലും അച്ചുതണ്ടുശക്തികൾക്കു രാജ്യവിസ്തൃതിയുടേയും തന്ത്രസ്ഥാനങ്ങളുടേയും കാൎയ്യത്തിൽ വമ്പിച്ച നേട്ടങ്ങളുണ്ടായി.

1) 1939_40ലെ പടിഞ്ഞാറൻയൂറോപ്പിലെ ജൎമ്മനാക്രമണം. പോളണ്ടുതൊട്ടു ഫ്രാൻസുവരെ എല്ലാ യൌറോപ്യരാജ്യങ്ങളും കരിയിലപോലെ ഹിററ്ലറുടെ പട്ടാളശക്തിക്കു മുമ്പിൽ കൊഴിഞ്ഞുവീണു.

2) 1941_ൽ ജൎമ്മനിയുടെ ഒന്നാമത്തെ റഷ്യനാക്രമണം. ജൎമ്മനി യൂറോപ്യൻറഷ്യയുടെ മിക്ക ഭാഗങ്ങളും പിടിച്ചു; മോസ്കോവിൻേറയും ലെനിൻഗ്രാഡിൻേറയും റോസ്റ്റോവിൻേറയും പടിക്കൽ എത്തി.

3) 1941 ഡിസമ്പറിൽ തുടിയ ജപ്പാൻേറ ശാന്തസമുദ്രയുദ്ധം. പോളണ്ടിലേയും ഫ്രാൻസിലേയും പട്ടാളങ്ങളുടെ ഗതിതന്നെയാണു് ഇവിടെ ബ്രിട്ടീഷമേരിയ്ക്കൻസൈന്യത്തിന്നു് നേരിട്ടതു്.

4) 1942 വേനൽക്കാലത്തു ജൎമ്മനി റഷ്യയിൽ തുടങ്ങിയ രണ്ടാമത്തെ ആക്രമണം. ഫാഷിസ്ററുപട്ടാ

ളങ്ങൾ കാക്കസസ്സ്പർവ്വതനിരയുടെ പ്രാന്തങ്ങളിലും സ്റ്റാലിൻഗ്രാഡിൻെറ അയൽപക്കത്തും സ്ഥാനമുറപ്പിച്ചു.

ഇതിൽ പടിഞ്ഞാറൻയൂറോപ്പിലേയും ശാന്തസമുദ്രത്തിലേയും രണ്ടാക്രമണവും, റഷ്യയിലെ രണ്ടാക്രമണവും തമ്മിൽ അതിപ്രധാനവും മൌലികവുമായ ഒരു വ്യത്യാസമുണ്ട്. ആ വ്യത്യാസമാണ് യുദ്ധത്തിൻെറ അനന്തരഗതിയെയാകെ സഖ്യരാഷ്ട്രങ്ങൾക്കനുകൂലമായി, പിന്നത്തെ രണ്ടു വർഷത്തിനിടയ്ക്ക്, തിരിച്ചുവിട്ടതും ഇന്നു ഫാഷിസത്തിൻെറ അവസാനപരാജയം ദൃഷ്ടിഗോചരമാക്കിത്തീർത്തതും.

എന്താണ് ഈ വ്യത്യാസം? യൂറോപ്യൻരംഗത്ത് 1939—40-ൽ ജർമ്മനിക്കും, ശാന്തസമുദ്രരംഗത്ത് 1941-42-ൽ ജപ്പാനും താന്താങ്ങളുടെ മിന്നൽയുദ്ധതന്ത്രം ഫലപ്രദമായി പ്രയോഗിക്കാൻ സാധിച്ചു. ശത്രുപട്ടാളങ്ങളെ ബലഹീനമാക്കി, ഛിന്നഭിന്നമാക്കി, വളഞ്ഞിട്ടു നശിപ്പിക്കാൻ കഴിഞ്ഞു. റഷ്യൻരംഗത്ത് അതു സാധിച്ചില്ല. രാജ്യം പിടിച്ചടക്കാൻ സാധിച്ചെങ്കിലും, ജർമ്മനിക്കു റഷ്യൻപട്ടാളത്തെ വലയംചെയ്യാനോ വിനാശഗർത്തത്തിലാഴ്ത്താനോ കഴിഞ്ഞില്ല.

യുദ്ധഗതിയെയാകെ മാററുന്നു

ജർമ്മൻ പട്ടാളത്തിൻെറ ആക്രമണവലയങ്ങളിൽനിന്നു രക്ഷപ്പെട്ടും, ഇടയ്ക്കിടയ്ക്ക് അടിയുറച്ചുനിന്നു വീറോടെ ചെറുത്തും, വേണ്ടപ്പോൾ സാമർത്ഥ്യത്തോടെ അങ്ങോട്ട് എതിർത്തും റഷ്യൻപട്ടാളം തകരാതേയും താറുമാറാകാതേയും പിൻവാങ്ങി.

ഇതിൻെറ ഫലം ജമ്മൻകാക്ക് ഒട്ടും അനുകൂലമായിരുന്നില്ല. അവരുടെ യുദ്ധമുന്നണിക്കു നീളം കൂടിക്കൊണ്ടുവന്നു; റഷ്യയിൽ അധികമധികം ഉള്ളിലോട്ടു കടക്കും തോറും, പട്ടാളങ്ങളേയും പടക്കോപ്പുകളേയും യുദ്ധരംഗത്തിലെത്തിക്കാൻവേണ്ടി ജമ്മൻകാക്കു കൂടുതൽ സമയവും ശക്തിയും ചെലവഴിക്കേണ്ടിവന്നു. നിത്യേന പന്ത്രണ്ടുപതിനഞ്ചു നാഴിക മുന്നോട്ടു കയറിക്കൊണ്ടാണു് അവർ യുദ്ധം തുടങ്ങിയതു്; ക്രമേണ അതു മൂന്നുനാലു നാഴികയായി. 1941 ആഗസ്റ്റിൽ ലെനിൻഗ്രാഡിൻെറ പടിവാതില്ക്കലെത്തിയ ജമ്മൻ ടാങ്കുസൈന്യവിഭാഗത്തിന്നു്, രണ്ടുകൊല്ലത്തിന്നുശേഷം തോററു പിന്നോക്കം ഓടേണ്ടിവന്നതുവരെ, ഒരൊററയടി മുന്നോട്ടു വെയ്ക്കാൻ കഴിഞ്ഞില്ല. സ്റ്റാലിൻഗ്രാഡുനഗരത്തിൻെറ ഗോപുരദ്വാരത്തിലെത്തിയ വമ്പിച്ച ജമ്മൻസൈന്യവ്യൂഹത്തിന്നു് പട്ടണം പിടിക്കുവാൻ കഴിഞ്ഞില്ലെന്നു മാത്രമല്ല, തിരിഞ്ഞുനോക്കിയപ്പോഠം രക്ഷാമാൎഗ്ഗമെല്ലാം അടച്ചുകൊണ്ടു റഷ്യൻപട്ടാളം ചുററും വളഞ്ഞുകൊണ്ടിരിക്കുന്നതാണനുഭവപ്പെട്ടതു്.

1942 ഡിസമ്പറിൽ സ്റ്റാലിൻഗ്രാഡിൽവെച്ചു് റഷ്യക്കാർ പ്രത്യാക്രമണം തുടങ്ങി. സഖ്യരാഷ്ട്റങ്ങളുടെയാകെ പ്രത്യാക്രമണത്തിൻെറ നാന്ദിയായിരുന്നു അതു്. സ്റ്റാലിൻഗ്രാഡുയുദ്ധത്തെപ്പററി മാക്സ് വെർണർ പറയുന്നു:

"ചുകപ്പുപട്ടാളം ജമ്മൻസൈന്യത്തിൻെറ ആക്രമണശക്തിയെ ഛിന്നഭിന്നമാക്കി അങ്ങോട്ടു് എതി

ക്കാൻ തുടങ്ങി. ജമ്മനിയുടെ ആയുധങ്ങളുടേയും ആയോധനമുറകളുടേയും ആകത്തുകയ്ക്കു് ഈ ആക്രമണത്തിൽ, റഷ്യക്കാരുടെ തടുത്തുനില്ക്കാനുള്ള ആയുധങ്ങളുടേയും ആയോധനമുറകളുടേയും ആകത്തുകയേ പരാജയപ്പെടുത്താൻ കഴിഞ്ഞില്ല........ശത്രുവിനെ വളഞ്ഞിട്ടു നശിപ്പിക്കാനുള്ള ഒരു യുദ്ധമായിട്ടാണു് റഷ്യക്കാർ ഇതിനെ പ്ലാൻചെയ്തതു്. ഇതിൽ അവർ ജയിക്കുകയും ചെയ്തിരിക്കുന്നു.''

<u>തിരിച്ചടി</u>

സ്റ്റാലിൻഗ്രാഡിന്നുശേഷം സഖ്യരാഷ്ട്രങ്ങൾ അങ്ങോട്ടു് ആക്രമിച്ചതിൻെറ കാലഘട്ടമാണു്:

1) സ്ററാലിൻഗ്രാഡിൽനിന്നു തുടങ്ങി റഷ്യയുടെ മിക്ക ഭാഗങ്ങളേയും, കാക്കസസ്സിനേയും ഉക്രേനിനേയും വിമോചിപ്പിച്ചതിന്നുശേഷം വെെററുറഷ്യയുടെ അതിർത്തിവരെ എത്തിയ ചുകപ്പുപട്ടാളത്തിൻെറ ഒന്നാമത്തെ പ്രത്യാക്രമണം. ഇതു 1943-ാംകൊല്ലം മുഴുവനും, 1944-ലെ ആദ്യത്തെ മൂന്നു മാസവും തുടച്ചയായി നീണ്ടുനിന്നു.

2) 1942 അവസാനത്തിൽ ബ്രിട്ടീഷമേരിക്കൻ പട്ടാളങ്ങൾ വടക്കേ ആഫ്രിക്കയിൽ ആരംഭിച്ച പ്രത്യാക്രമണം. വടക്കേ ആഫ്രിക്കയിൽനിന്നു അവർ ഫാഷിസ്ററുപട്ടാളങ്ങളെ ആട്ടിപ്പായിച്ചു; 1943 ജൂലായിൽ ഇററലിയിൽ, യൂറോപ്യൻ വൻകരയിൽ കാലുറപ്പിച്ചു.

3) 1944 ജൂൺമാസത്തിൽ തുടങ്ങിയ യൂറോപ്യൻ ആക്രമണം. തെക്കൻഫ്രാൻസിൽ സഖ്യപട്ടാളം ഇ

റങ്ങിയതിന്നുശേഷം ചിരപ്രതീക്ഷിതമായ ഈ രണ്ടാം യുദ്ധരംഗം നാസിപട്ടാളത്തിൻെറ അവസാനപരാജയത്തിൻെറ കാഹളമൂതിയിരിക്കുന്നു.

4) രണ്ടാം യുദ്ധരംഗം തുറന്നതോടുകൂടി റഷ്യൻ പട്ടാളം ആരംഭിച്ച രണ്ടാമത്തെ ആക്രമണം. യുദ്ധത്തിൻെറ ചരിത്രത്തിൽ ഒരു കാലത്തും ഇത്രവേഗത്തിൽ ഒരു പട്ടാളം മുന്നോട്ടു കയറുകണ്ടായിട്ടില്ല. നാല്പതു ദിവസംകൊണ്ടു റഷ്യൻസൈന്യം 400 നാഴിക പിന്നിട്ടു. ചില ദിവസങ്ങളിൽ അവർ 35 നാഴികവരെ മുന്നോട്ടു പോവുകയുണ്ടായിട്ടുണ്ട്. റഷ്യയെയാകെ വിമോചിപ്പിച്ചതിന്നുശേഷം ചുകപ്പു പട്ടാളം ഇന്നു നാസികളെ പിന്തുടൎന്നുകൊണ്ടു മററു യൂറോപ്യൻരാജ്യങ്ങളിലേയ്ക്കും പ്രവേശിച്ചിരിക്കുന്നു. ഹംഗറിയുടേയും ബൾഗേറിയയുടേയും യൂഗോസ്ലാവിയയുടേയും അതിൎത്തികളിൽ എത്തിയിരിക്കുന്നു.

യാതൊന്നുകൊണ്ടു ലോകത്തെയാകെ കീഴടക്കാമെന്നു ജൎമ്മനി മോഹിച്ചുവോ, ആ മിന്നലാക്രമണയുദ്ധതന്ത്രം ഇന്നു പരാജയപ്പെട്ടിരിക്കുന്നു. ആ തന്ത്രത്തെ പരാജയപ്പെടുത്തുക അസാദ്ധ്യമല്ലെന്നു് ഒന്നാമതു ലോകത്തിന്നു് അനുഭവത്തിൽ കാണിച്ചുകൊടുത്തതു റഷ്യൻപട്ടാളമാണു്. ഇന്നു റഷ്യൻപട്ടാളം അതേ മിന്നലാക്രമണതന്ത്രത്തെ തിരിച്ചു പ്രയോഗിക്കയും, വിജയം നേടുകയും ചെയ്യുന്നു. എന്താണീ വിജയത്തിൻെറ രഹസ്യം? റഷ്യൻയുദ്ധതന്ത്രത്തിൻെറ പ്രണേതാവായ മാർഷൽ സ്റ്റാലിൻ മറുപടി പറയുന്നതിങ്ങനെയാണു്:

"അവരുടെ യുദ്ധമുറകൾ അറുത്തുമുറിച്ചവയാണ്; കാരണം, പടക്കളത്തിലെ സംഭവങ്ങളെ തങ്ങളുടെ യുദ്ധതന്ത്രഗ്രന്ഥത്തിലെ ചില പാരകളോടു യോജിപ്പിക്കാനാണ് അവർ ശ്രമിക്കുന്നത്. പുസ്തകനിയമങ്ങൾ അങ്ങനെതന്നെ പ്രയോഗിക്കുന്നതു ശരിയാവുന്ന പരിതസ്ഥിതിയിൽ ജർമ്മൻകാരുടെ പ്രവൃത്തികൾ കണിശവും കൃത്യവുമാണ്. അതാണവരുടെ ശക്തി. പക്ഷേ, സ്ഥിതിഗതികൾ വിഷമമായിത്തീരുമ്പോൾ, പുസ്തകത്തിലെ നിയമങ്ങൾക്കൊന്നും യോജിക്കാത്തതായിത്തീരുമ്പോൾ, പുസ്തകത്തിലെ വകുപ്പുകളിൽ പറയാത്ത സ്വതന്ത്രതീരുമാനങ്ങൾ എടുക്കേണ്ടതായി വരുമ്പോൾ, ജർമ്മൻകാർ നിസ്സഹായരാവുന്നു. ഇതാണവരുടെ മൌലികമായ ബലക്ഷയം."

നേരെമറിച്ച്, റഷ്യൻപട്ടാളത്തിൻെറ ആയോധനമുറകൾ അതാതുസമയത്തെ സ്ഥിതിഗതികളെ തികച്ചും കണക്കാക്കി രൂപവൽക്കരിക്കുന്നതാകുന്നു. അവയുടെ മെച്ചവും മേന്മയും ഇന്നത്തെ യുദ്ധവിജയങ്ങൾ അനിഷേധ്യമായി തെളിയിച്ചിട്ടുമുണ്ട്. അതാണ് സഖ്യപട്ടാളങ്ങളുടെയാകെ വിജയത്തിന്നടിസ്ഥാനം.

കഴിഞ്ഞ അഞ്ചുകൊല്ലത്തെ യുദ്ധത്തിൽ ആക്രമണതന്ത്രങ്ങളുടെ ഒരു ബലപരിക്ഷയാണ് നടന്നത്. അതിലാരു ജയിച്ചുവെന്നും നാം കണ്ടു. ആക്രമണങ്ങൾക്കും ആയോധനങ്ങൾക്കുമല്ലാതെ, ലോകത്തിൻെറയാകെ ഭൂരിസുഖത്തിന്നായി മനുഷ്യരുടെ ഉത്തമമസ്തിഷ്ക്കങ്ങൾ നിർബ്ബാധം ഉപയോഗിക്കാനുള്ള ഒരു സ്ഥിതി ഇതിൽനിന്നും ഉളവാകില്ലേ? 1120 ചിങ്ങം.

# യൂറോപ്യൻ യുദ്ധം

## കലാശം കൊട്ടിത്തുടങ്ങി

കഴിഞ്ഞ അഞ്ചു മാസങ്ങൾ—യൂറോപ്യൻയുദ്ധരംഗത്തിൽ എന്തൊരു വമ്പിച്ച മാററമാണ് ഈ നൂററമ്പതുദിവസങ്ങൾ വരുത്തിയത്? അഞ്ചു മാസങ്ങൾക്കു മുമ്പാണ്, അമേരിയ്ക്കയുടേയും ബ്രിട്ടൻേറയും പട്ടാളങ്ങൾ അസാധാരണമായ സാഹസവും സംഘടിതപ്രവത്തനവുമാവശ്യപ്പെട്ട ഒരു ധീരകൃത്യം ചെയ്തതു്; ശത്രുക്കളുടെ ബോംബേറുവിമാനങ്ങളുടേയും പീരങ്കിപ്പടയുടേയും മരണം വമിയ്ക്കുന്ന തീജ്വാലയിലേയ്ക്കു് കുതിച്ചുചാടി യൂറോപ്യൻവൻകരയിൽ കാലുറപ്പിച്ചതു്. അതു് അഭൂതപൂവ്വമായ ഒരു സംഭവമായിരുന്നു. ചരിത്രത്തിലിതേവരെ ഇംഗ്ലീഷുചാനൽ മുറിച്ചു കടന്നു യൂറോപ്പിൽനിന്നു ഇംഗ്ലണ്ടിലേയ്ക്കാകട്ടെ, ഇംഗ്ലണ്ടിൽനിന്നു യൂറോപ്പിലേയ്ക്കാകട്ടെ സൈനികാക്രമണം നടത്താനുള്ള ഉദ്യമങ്ങളൊന്നും വിജയപയ്യവസായിയായിട്ടില്ല. എലിസബത്തുമഹാറാണിയുടെ കാലത്തു സ്പെയിനിലെ രാജാവു് ഒരു വലിയ കപ്പൽപ്പടയുണ്ടാക്കി ഇംഗ്ലണ്ടിനെ ആക്രമിയ്ക്കാൻ നോക്കി. തോൽവിയായിരുന്നു ഫലം. പിന്നീടു നെപ്പോളിയൻ ഇംഗ്ലണ്ടിനെ ആക്രമിയ്ക്കാനായി പടയൊരുക്കുകയേയുണ്ടായുള്ളു. ഇക്കൊല്ലമിതാ, ബ്രിട്ടീഷമേരിയ്ക്കൻപട്ടാളം യൂറോപ്പിലേയ്ക്കു് ഹനുമാൻചാട്ടം ചാടുന്നു; യൂറോപ്യൻ വൻകരയിൽ നിലയുറപ്പിക്കുന്നു; ശത്രുവിൻെറ പൈശാചികമായ എതിപ്പിനെ തട്ടിത്തകത്തു മുന്നോട്ടു കയറുന്നു.

## യുദ്ധചരിത്രത്തിലാദ്യം

ബ്രിട്ടീഷമേരിയ്ക്കൻപട്ടാളങ്ങളുടെ ഈ പ്രഥമ വിജയത്തെപ്പററി അന്നു മാർഷൽ സ്റ്റാലിൻ അഭിപ്രായപ്പെടുകയുണ്ടായി:

"പദ്ധതിയുടെ വലിപ്പത്തിലാകട്ടെ, പ്രവൎത്തനത്തിൻെറ തോതിലാകട്ടെ, സാമൎത്ഥ്യത്തിൻെറ ആധിക്യത്തിലാകട്ടെ ഇതിന്നു സദൃശമായി മററൊരു സൈനികസംരംഭം യുദ്ധത്തിൻെറ ചരിത്രത്തിലില്ലെന്ന് ഏതൊരാൾക്കും സമ്മതിയ്ക്കാതിരിക്കാൻ നിവൃത്തിയില്ല.

" 'അജയ്യ'നായ നെപ്പോളിയൻ പണ്ടുകാലത്ത് ഇംഗ്ലീഷുചാനൽ മുറിച്ചുകടന്നു ബ്രിട്ടീഷുദ്വീപുകൾ പിടിച്ചടക്കാനുള്ള പരിശ്രമത്തിൽ അവമാനകരമായി പരാജിതനാവുകയാണുണ്ടായതെന്നു നമുക്ക് അറിയാം. ഭ്രാന്തിളകിയ ഹിററ്ലർ, അങ്ങനെ ചെയ്യുമെന്നു രണ്ടു കൊല്ലക്കാലം വീമ്പിളക്കിയെങ്കിലും, അതിന്നൊരു മെട്ടില്ല. ഇന്നു ബ്രിട്ടീഷമേരിയ്ക്കൻപട്ടാളങ്ങളാണ് ചാനൽ മുറിച്ചു കടന്നു വൻതോതിൽ പട്ടാളങ്ങളെയിറക്കുകയെന്ന വിപുലമായൊരു പ്ലാൻ പ്രശസ്തമായി നിറവേററിയിട്ടുള്ളത്."

ഈ രണ്ടാംയുദ്ധരംഗംതുറക്കൽ യുദ്ധതന്ത്രത്തിൻെറ ഒരു വിജയമെന്നനിലയ്ക്കു മാത്രമല്ല നമുക്കു പ്രധാനമായിട്ടുള്ളത്. ഇന്നത്തെ ലോകമഹായുദ്ധത്തിൽ, കഴിഞ്ഞ അഞ്ചു കൊല്ലക്കാലമായി ലോകത്തെയാകെ പീരങ്കിപ്പുകകൊണ്ട് ഇരുട്ടടിപ്പിച്ച ഈ യുദ്ധത്തിൽ, മാനവസമു

ദായത്തെ ഫാഷിസത്തിൻെറ കാട്ടാളഭരണമാകുന്ന കാളരാത്രിയിൽ എന്നെന്നേയ്ക്കുമായാഴ്ത്തുമെന്നു ഭീഷണിപ്പെടുത്തിയ ഈ യുദ്ധത്തിൽ, അതു പുതിയ ഒരു അദ്ധ്യായം, യുദ്ധത്തിൻെറ അന്തിമഫലം നിർണ്ണയിക്കുന്ന അദ്ധ്യായം, തുറന്നു; സഖ്യശക്തികളുടെ വിജയത്തിന്നുള്ള ആദ്യത്തെ അദ്ധ്യായം.

കാരണം, കഴിഞ്ഞ അഞ്ചുകൊല്ലത്തെ ജർമ്മനിയുടെ വിജയത്തിൻെറ രഹസ്യം അതിന്ന് ഒരൊററ രംഗത്തിലേ യുദ്ധം വെട്ടേണ്ടിയിരുന്നുള്ളുവെന്നതാണ്. നാലുകൊല്ലക്കാലംകൊണ്ടു യൂറോപ്യൻരാജ്യങ്ങളെ ഓരോന്നോരോന്നായി സ്വന്തം ഇരുമ്പുമടമ്പുകൾക്കടിയിലാക്കാനും, കിഴക്കു സ്റ്റാലിൻഗ്രാഡുവരെ മിന്നൽപ്രവാഹം പോലെ അടിച്ചുകയറി ഇന്ത്യയേയും ഏഷ്യാഭൂഖണ്ഡത്തിലെ മററു രാജ്യങ്ങളേയും ആക്രമിക്കുമെന്ന നിലയിലെത്തുവാനും, അമേരിക്കയെക്കൂടി പേടിപ്പെടുത്താനും ഹിററ്ലൎക്കു സാധിച്ചതു ജർമ്മനിയുടെ വമ്പിച്ച പട്ടാളശക്തിയെയാകെ ഒരൊററ യുദ്ധരംഗത്തിൽത്തടിപ്പിച്ചുനിൎത്താൻ കഴിഞ്ഞുവെന്നതാണ്.

രണ്ടാംയുദ്ധരംഗത്തിൻെറ പ്രാധാന്യം മനസ്സിലാക്കണമെങ്കിൽ, ബ്രിട്ടീഷമേരിയ്ക്കൻപട്ടാളങ്ങളുടെ ശക്തി എത്രയുണ്ടെന്നറിയുകയേ വേണ്ടു. രണ്ടാംയുദ്ധരംഗം തുറക്കുന്നതിന്നു രണ്ടു മാസംമുമ്പ്, അമേരിയ്ക്കയിലെ യുദ്ധകാൎയ്യമന്ത്രിയായ സ്റ്റിംസൺ പറയുകയുണ്ടായി, 36½ ലക്ഷം അമേരിയ്ക്കൻപട്ടാളക്കാർ അമേരിക്കയ്ക്കുപുറമേ യുദ്ധംചെയ്യുന്നുണ്ടെന്ന്. ഇതിൽ ഭൂരിഭാഗവും ഇംഗ്ലണ്ടി

ലാണ് താവളമുറപ്പിച്ചിരുന്നത്. 1944 മേയ് 1-ാംനു- ഇംഗ്ലണ്ടിലുള്ള ബ്രിട്ടീഷ്പട്ടാളത്തിൽ 52½ ലക്ഷം സൈനികരുണ്ടെന്നു ഗവമ്മേണ്ടുമെമ്പർ ലിററിൽട്ടൺ പറയുകയുണ്ടായി. ഈ പട്ടാളങ്ങളെല്ലാംതന്നെ ജമ്മനിയ്ക്കെതിരായ യുദ്ധത്തിൽ ആയുധമെടുത്തിറങ്ങുകയാണെന്നായിരുന്നു രണ്ടാംയുദ്ധരംഗം തുറന്നതിൻെറ അത്ഥം.

## സംയുക്തസമരതന്ത്രം

ഇതിന്നുള്ള തീരുമാനമാണ് ഒരു കൊല്ലംമുമ്പ്, കഴിഞ്ഞ ഡിസമ്പർ ആദ്യത്തെ ആഴ്ചയിൽ, ബ്രിട്ടീഷ് പ്രധാനമന്ത്രിയായ ചച്ചിലും അമേരിയ്ക്കൻപ്രസിഡണ്ടായ റൂസ്വെൽട്ടും റഷ്യൻസവ്വസൈന്യാധിപനായ മാർഷൽ സ്റ്റാലിനും ടെഹറാൻപട്ടണത്തിൽവെച്ച് ഒന്നാമത് ഒന്നിച്ചുകൂടിയ സമയത്തു ചെയ്തത്. തുടന്നേഴമാസം സഖ്യശക്തികഠം ജൂൺ 6-ാംയ്ക്കുവേണ്ടി ഒരുക്കക്കൂട്ടുകയായിരുന്നു.

ഈ നവമ്പർ 7-ാംനു- റഷ്യക്കാരുടെ ഓണമായ വിപ്ലവദിനത്തിൽ മാർഷൽ സ്റ്റാലിൻ ചെയ്ത പ്രസംഗത്തിൽ സഖ്യശക്തികളുടെ ഈ സംയുക്തസമരതന്ത്രത്തെപ്പററി പറയുകയുണ്ടായി:

"കഴിഞ്ഞ കൊല്ലത്തിൽ 'ഹിററ്ലർജമ്മനി'യ്ക്കെതിരായ യുദ്ധത്തിലുണ്ടായ ഒരു പുതിയ സംഭവവികാസമെന്തെന്നാൽ: ഇതുവരെത്തെപ്പോലെ ചുകപ്പുപട യുദ്ധംചെയ്യുന്നത് ഒററയ്ക്കല്ലാതായി; സഖ്യശക്തികളോട്ടുകൂടിയായി. ടെഹറാൻസമ്മേളനം വെറുതെയായിരുന്നില്ല. പടിഞ്ഞാറുനിന്നും തെക്കുനിന്നും കിഴക്കു

നിന്നും ഒരുമിച്ചു ജർമ്മനിയെ ആക്രമിയ്ക്കാനുള്ള തീരുമാനം ഏററവും കണിശത്തോടുകൂടി നടപ്പിൽ വരുത്തിയിരിയ്ക്കുന്നു. പ്രതീക്ഷിച്ചിരുന്നപോലെ, ജർമ്മനിയ്ക്ക് ചുകപ്പുസൈന്യത്തിൻേറയും സഖ്യപട്ടാളങ്ങളുടേയും കൂട്ടായ ആക്രമണത്തെ തടുത്തുനില്ക്കാൻ കഴിഞ്ഞില്ല. സ്വല്പകാലത്തിന്നുള്ളിൽ, ശത്രുസൈന്യങ്ങളെ ഫ്രാൻസിൽനിന്നും തെക്കൻ ഇററലിയിൽനിന്നും പുറത്താക്കിക്കഴിഞ്ഞു. ശത്രുവിന്നു ജർമ്മനതിർത്തികളിലേയ്ക്ക് പിൻവാങ്ങേണ്ടതായി വന്നിരിക്കുന്നു.”

സഖ്യപട്ടാളങ്ങളുടെ യൂറോപ്യനാക്രമണം തുടങ്ങിയതിൻെറ പിറേറദിവസം ജർമ്മൻപ്രചരണമന്ത്രിയായ ഗീബൽസ് താക്കീതു നല്കുകയുണ്ടായി:

“സഖ്യപട്ടാളങ്ങൾ യൂറോപ്യൻവൻകരയെ സമീപിക്കുമ്പോൾ, പുരാണങ്ങളിൽ വിവരിച്ചിട്ടുള്ള വൈതരണികൂടി വിനോദസ്ഥലമായിത്തോന്നാവുന്നത്ര ഭയങ്കരമായ നരകം അവക്ക് അനുഭവിക്കേണ്ടതായി വരും.”

തീർച്ചയായും നരകം അനുഭവിയ്ക്കേണ്ടതായി വന്നു; പക്ഷേ, സഖ്യപട്ടാളങ്ങൾക്കല്ല, ജർമ്മൻപട്ടാളങ്ങൾക്ക്. കഴിഞ്ഞ അഞ്ചു മാസത്തിന്നകം സഖ്യപട്ടാളങ്ങൾ ജർമ്മനിയോടു കൂടുതൽ സമീപിക്കുന്തോറും ജർമ്മൻകാർക്കാണ് കൂടുതൽ നരകം അനുഭവപ്പെട്ടുകൊണ്ടിരിയ്ക്കുന്നതും.

നമുക്കു നോക്കാം. രണ്ടാം യുദ്ധരംഗം തുറന്ന സമയത്ത്, കിഴക്കൻ സമരരംഗത്തിൽ ചുവപ്പുപട്ടാളം വൈററ് റഷ്യയുടെ കിഴക്കനതിർത്തിയിലായിരുന്നു; വിററ്ബ

സ്റ്റ്നഗരത്തിലായിരുന്നു; ബർലിനിൽനിന്ന് 800 നാഴി കയകലെയായിരുന്നു. പോളണ്ടും ബാൾട്ടിക്കരാജ്യങ്ങളും ഇററലിയും ഗ്രീസും യുഗോസ്ലാവിയയും ഫ്രാൻസും ജമ്മനിയുടെ അധീനത്തിലായിരുന്നു; ഫിൻലണ്ട്, ബൾഗേറിയ, ഹംഗറി, റുമേനിയ എന്നീ രാജ്യങ്ങൾ ജമ്മനിയുടെ ഭാഗത്തായിരുന്നു; ഈ രാജ്യങ്ങളിലെ ധനശക്തിയേയും ജനശക്തിയേയും ജമ്മനി യഥേഷ്ടം യുദ്ധത്തിന്നുപയോഗിച്ചിരുന്നു.

ഇന്നോ? ഫ്രാൻസ് തികച്ചും സ്വതന്ത്രമാക്കപ്പെട്ടു കഴിഞ്ഞു; ബാൾട്ടിക്ക് രാജ്യങ്ങളിൽനിന്നു ജമ്മൻപട്ടാളത്തെ ചുകപ്പുപട അടിച്ചുതുടച്ചുനീക്കി. ഫിൻലണ്ടും ബൾഗേറിയയും റുമേനിയയും യുദ്ധത്തിലല്ലാതായി; ആ രാജ്യങ്ങൾ തോൽവി സമ്മതിച്ചു സഖ്യശക്തികളുമായി സന്ധിചെയ്തു. ഇററലിയിൽനിന്നു ജമ്മൻപട്ടാളത്തെ ക്രമേണ വടക്കോട്ടു തള്ളിനീക്കിക്കൊണ്ടിരിക്കുന്നു. ഗ്രീസ്സിൽനിന്നു ജമ്മൻസൈന്യത്തിന്ന് ഒഴിഞ്ഞുപോകേണ്ടതായിവന്നു.

ചുകപ്പുപട്ടാളം ഇന്ന് മാർഷൽ ടീറേറാവിൻെറ യുഗോസ്ലാവിയൻദേശീയസൈന്യവുമായി കൈകോർത്തുപിടിച്ചു യുഗോസ്ലാവിയയിലാണ് പൊരുതുന്നത്; ഹംഗറിയുടെ തലസ്ഥാനമായ ബുഡാപെസ്റ്റിൻെറയും പോളണ്ടിൻെറ തലസ്ഥാനമായ വാർസയുടേയും പടിവാതില്ക്കലാണ് യുദ്ധം ചെയ്യുന്നത്. കിഴക്കൻപ്രഷ്യയിൽ ജമ്മനിയുടെ അതിർത്തിക്കോട്ടകളെ അതിലംഘിച്ചു ഉള്ളിലോട്ടു കടന്നിരിക്കുന്നു. വടക്കു ഫിൻലണ്ടിൽനിന്നു നോർവേ

യിലേയ്ക്കു പ്രവേശിച്ചിരിക്കുന്നു. ബർലിൻപട്ടണത്തിൻെറ 312 നാഴിക അടുത്തെത്തുകയും ചെയ്തിരിക്കുന്നു.

ബ്രിട്ടീഷമേരിക്കൻപട്ടാളങ്ങൾ, വടക്കൻഫ്രാൻസിൽ ഇറങ്ങിയതിനെത്തുടൎന്നു തെക്കൻഫ്രാൻസിലും പിന്നീടു ഗ്രീസിലും ഇറങ്ങി. ഫ്രാൻസിൻെറ തെക്കും വടക്കും ഇറങ്ങിയ സഖ്യപട്ടാളങ്ങളുടെ ഇരുമ്പുകൈകൾ രക്ഷാമാൎഗ്ഗമില്ലാത്ത ഒരു മുറുക്കിപ്പിടുത്തത്തിൽ ഫ്രാൻസിലെ ജൎമ്മൻപട്ടാളത്തെ കുടുക്കി. ഒന്നുകിൽ നശിക്കുക അല്ലെങ്കിൽ ഫ്രാൻസിൽനിന്നു് ഒഴിഞ്ഞുപോവുക: ഇതേ ജൎമ്മൻപട്ടാളത്തിന്നു ഗതിയുള്ളുവെന്ന നില വന്നു. ഫ്രാൻസും ബൽജിയവും ഗ്രീസും സ്വതന്ത്രമാക്കപ്പെട്ടു. സഖ്യപട്ടാളം ജൎമ്മനിയുടെ അതിർകോട്ടകളിലെത്തി; ബർലിനിൽനിന്നു് 318 നാഴികയകലെ മാത്രമാണിന്നവരുടെ നില.

ഇററലിയിൽനിന്നു പിൻവാങ്ങുന്ന ജൎമ്മൻപട്ടാളത്തിന്നു രക്ഷപ്പെടാൻ വഴിയില്ല; ഫ്രാൻസിലേയ്ക്കുള്ള വഴിയടഞ്ഞുകഴിഞ്ഞു. യുഗോസ്ലാവിയയിലേയ്ക്കു കടക്കാൻ നോക്കുകയാണെങ്കിൽ ചുകപ്പുപട്ടാളവും ടീറ്റോവിൻെറ സൈന്യവും അവിടെ കാത്തു നിൽപ്പുണ്ടു്. ഗ്രീസിൽനിന്നു പിൻമാറിയ ജൎമ്മൻപട്ടാളത്തിന്നും യുഗോസ്ലാവിയയിലേയ്ക്കു കടക്കുകയേ നിവൃത്തിയുള്ളു; അങ്ങോട്ടു കടക്കാനൊട്ടു വയ്യതാനും. ഒരു മരണക്കെണിയിലാണു് ജൎമ്മൻപട്ടാളം ചെന്നു പെട്ടിട്ടുള്ളതു്.

### അവസാനഘട്ടത്തിലേയ്ക്കു്

ഇങ്ങനെ പരാജയത്തിൻെറ വക്കത്തെത്തിയ 'ഹി

ററ്ലർജമ്മനി' നാശത്തിൻെറ അവസാനനിമിഷത്തെ അകററിനിത്താനായി പഠിച്ച പണി പതിനെട്ടും നോക്കുകയാണ്.

ഇംഗ്ലണ്ടിലേയ്ക്കയയ്ക്കാൻ തുടങ്ങിയിട്ടുള്ള പറക്കും ബോംബുകളും വാണങ്ങളും ഇതിൻെറ ലക്ഷണമാണ്. ബ്രിട്ടീഷമേരിക്കൻപട്ടാളങ്ങളുടെ നേരെയല്ല ഹിററ്ലർ ഈ രഹസ്യായുധങ്ങറം ഉപയോഗിക്കുന്നത്, ബ്രിട്ടീഷ്ജനങ്ങളുടെനേരെയാണ്. പട്ടാളങ്ങളുമായി യുദ്ധംചെയ്ത് സഖ്യശക്തികളെ തോല്പിക്കാമെന്ന ആശ ഹിററ്ലക്കു നശിച്ചുകഴിഞ്ഞു. പിന്നെയോ? അങ്ങേയററത്തെ പൈശാചികതചത്തിന്നൊരുങ്ങിയിരിക്കയാണ്: അതാണ് കണ്ടമാനം ആളുകളേയും വീടുകളേയും തീവെച്ചു നശിപ്പിക്കുന്ന പറക്കുംബോംബുകറംകൊണ്ടും വാണങ്ങറംകൊണ്ടും ഉദ്ദേശിച്ചിട്ടുള്ളത്. അങ്ങനെ ബ്രിട്ടീഷ്ജനങ്ങളുടെ മനോധൈര്യം തകക്കാമെന്നാണ് ആശ.

ജമ്മനിയിൽ ഹിററ്ലർ ഒരു പുതിയ 'ജനകീയ സൈന്യ'ത്തെ രൂപവൽക്കരിക്കാനുള്ള കല്പന കൊടുത്തിട്ടുള്ളതും ഈ അവസാനത്തെ മരണപ്പിടച്ചിലിൻെറ ലക്ഷണമാണ്. 16 വയസ്സിന്നും 60 വയസ്സിന്നും ഇടയിലുള്ള എല്ലാ സ്ത്രീപുരുഷന്മാരും ഈ പട്ടാളത്തിൽ ചേൎന്നുകൊള്ളണംപോലും. എന്തിന്നു്? സഖ്യപട്ടാളങ്ങറംക്കെതിരായി ഒളിയുദ്ധം നടത്താൻ.

സഖ്യപട്ടാളങ്ങളാകട്ടെ, അവസാനത്തെ സമരത്തിന്ന് ഒരുക്കംകൂട്ടിക്കഴിഞ്ഞു. ഒക്ടോബറവസാനത്തിൽ, ചുകപ്പുപട്ടാളം കിഴക്കൻ പ്രഷ്യയിൽ വമ്പിച്ചൊരു ആ

ക്രമണം ആരംഭിച്ചിരിക്കുന്നു. ഇതുവരെയുണ്ടായ എല്ലാ ആക്രമണങ്ങളെക്കാളും ശക്തികൂടിയതാണതു്. ആറു് സോവിയററുപട്ടാളനായകന്മാരുടെ നേതൃത്വത്തിൽ വലിയൊരു ടാങ്കുപട്ടാളമാണു് കിഴക്കൻ പ്രഷ്യയുടെ കോട്ടകളെ ആക്രമിച്ചിരിക്കുന്നതു്. കാരണം, ഇവിടെയാണു് ജർമ്മൻപട്ടാളം അവസാനത്തെ ചെറുത്തുനില്പിന്നു തയ്യാറായിട്ടുള്ളതു്. മാർഷൽ സ്റ്റാലിൻെറ വിപ്ലവദിനപ്രസംഗത്തിൽ എടുത്തു കാണിച്ചതുപോലെ, റഷ്യൻയുദ്ധരംഗത്തു് 204 ജർമ്മൻപട്ടാളവിഭാഗങ്ങൾ ഇന്നും യുദ്ധം ചെയ്യുന്നുണ്ടു്; അതേ സമയത്തു പടിഞ്ഞാറൻ രംഗത്തു് 75 പട്ടാളവിഭാഗങ്ങളേയുള്ളു. എന്തുകൊണ്ടെന്നാൽ കിഴക്കൻ പ്രഷ്യയിലൂടെയാണു് ബർലിനിലേയ്ക്കുള്ള കുറുക്കുവഴി കിടക്കുന്നതു്. ഈ വഴി തുറന്നുകഴിഞ്ഞാൽ, മലവെള്ളംപോലെ ചുകപ്പുപട്ടാളം തള്ളിക്കയറും, ബർലിനിലെത്തുന്നതുവരെ അതിനെ ആക്കും തടുക്കാനാവില്ല.

പടിഞ്ഞാറു ബ്രിട്ടീഷ്അമേരിക്കൻപട്ടാളങ്ങൾ പഴയ സിഗ്ഫ്രീഡ്നിരയുടെ മുമ്പിൽ എത്തിയിരിയ്ക്കുന്നു; ആ നിര പൊളിയ്ക്കാൻവേണ്ടി സർവ്വശക്തിയും കേന്ദ്രീകരിച്ചു യുദ്ധം തുടങ്ങിയിരിക്കുന്നു. പടിഞ്ഞാറൻയുദ്ധരംഗം അധികമധികം 1914—18ലെ പടക്കളത്തിൻെറ മട്ടായി വരുന്നുണ്ടെന്നാണു് ലണ്ടനിൽനിന്നു് ഒരു പത്രലേഖകൻ എഴുതിയിട്ടുള്ളതു്. അതായതു്, കിടങ്ങുകളും കമ്പിവേലികൾകൊണ്ടു രക്ഷാനിരകളുറപ്പിച്ച കോട്ടകളും അതോ

ടൊപ്പം ചളിയും വെള്ളവും മണ്ണും അവിടെ നിറഞ്ഞിരിക്കുന്നു.

അവസാനംവരെ മക്കടമുഷ്ടിയോടെ പൊരുതാനുള്ള ജമ്മനിയുടെ ഭ്രാന്തുപിടിച്ച ദൃഢനിശ്ചയത്തെപ്പററി ആക്കും യാതൊരു സംശയവും വേണ്ടതില്ലെന്നു ജമ്മൻ പട്ടാളപ്രചാരവേലക്കാർ ഇടതടവില്ലാതെ പ്രസംഗിച്ചുകൊണ്ടിരിക്കുന്നുണ്ട്. പക്ഷേ ഇത്ര കാലം യൂറോപ്പിനെയാകെ കീഴടക്കി, യൂറോപ്പിലെ ജനങ്ങളെയാകെ അടിമകളാക്കി, യൂറോപ്പിലെ സംസ്കാരകേന്ദ്രങ്ങളെയാകെ ചുട്ടുകരിച്ചു, ലോകത്തിൽ എങ്ങും കാട്ടാളയുഗം സൃഷ്ടിക്കുകയെന്ന അഹമ്മതിനിറഞ്ഞ പ്രവൃത്തിക്കൊരുങ്ങിയ ഹിററ്ലരോടും അനുയായികളോടും സഖ്യരാജ്യങ്ങളിലെ പട്ടാളങ്ങളാകട്ടെ, ജനങ്ങളാകട്ടെ ദയ കാണിയ്ക്കാൻ പോകുന്നില്ല. "ഫാഷിസ്ററു ചെന്നായ്യെ അതിൻെറ മടയിൽവെച്ചുതന്നെ നശിപ്പിച്ചു ബർലിനിൽ വിജയപതാക നാട്ടാൻ" (സ്റ്റാലിൻ) സഖ്യപട്ടാളങ്ങൾ മുന്നോട്ടു കുതിച്ചുകൊണ്ടിരിക്കയാണ്. യൂറോപ്പിലെ ജനങ്ങൾ, എന്നല്ല ലോകമാകെ, ഈ കാളരാത്രിയുടെ അവസാനത്തേയും ഒരു നവയുഗത്തിൻെറ പൊൻപുലരിയേയും വിരിഞ്ഞ കണ്ണുകളോടെ നോക്കിനില്ക്കുന്നു.

1120 തുലാം

# യുദ്ധം—പടിഞ്ഞാറും കിഴക്കും

ഒരു മാസത്തിലധികംമുമ്പു്, ചൈനയിലെ അമേരിക്കൻപട്ടാളത്തിൻെറ നായകനായ ജനറൽ സ്റ്റിൽവെല്ലിനെ പ്രസിഡണ്ടു് റൂസ്വെൽട്ടു മടക്കിവിളിച്ചു. തീരെ അവിചാരിതമായ ഈ സംഭവം ലോകത്തിലെങ്ങും അമ്പരപ്പും ആശ്ചര്യവും ഉളവാക്കി. ചൈനയിലെ പ്രധാനമന്ത്രിയും സർവ്വസൈന്യാധിപനുമായ ചിയാങ്ങ്കൈഷേക്കുമായി കാര്യമായ അഭിപ്രായവ്യത്യാസങ്ങളുണ്ടായതുകൊണ്ടാണു് സ്റ്റിൽവെല്ലിനെ മടക്കിവിളിച്ചതെന്നു പറയപ്പെടുന്നു. എങ്ങിനെയായാലും ഈ മടക്കിവിളിക്കലും ശാന്തസമുദ്രത്തിലെ ജപ്പാന്നെതിരായ യുദ്ധവും തമ്മിൽ അടുത്ത ബന്ധമുണ്ടെന്നു തീർച്ചയാണു്. കഴിഞ്ഞ നാലഞ്ചൊല്ലക്കാലമായി ചൈനയിൽ ജപ്പാൻ നടത്തുന്ന സൈനികപ്രവർത്തനവും അതിൽ അവർക്കുണ്ടാവുന്ന വിജയങ്ങളും നമ്മുടെ സവിശേഷശ്രദ്ധയെ അർഹിക്കുന്നു.

## ശാന്തസമുദ്രരംഗത്തിൽ

യൂറോപ്പിലെ യുദ്ധത്തിൻെറ അവസാനം കാണാമെന്നനിലയിലെത്തിയതോടുകൂടി, സഖ്യരാഷ്ട്രങ്ങളിലെ രാഷ്ട്രീയ-സൈനികനായകന്മാർ തങ്ങളുടെ ദൃഷ്ടി അധികമധികം കിഴക്കോട്ടു തിരിക്കാൻ തുടങ്ങീട്ടുണ്ടു്; ജപ്പാനെക്കൂടി തോല്പിക്കാതെ യുദ്ധത്തിന്നു പരമമായ അറുതി വരികയില്ലല്ലോ; എല്ലാ കഴിവുകളും അതിന്നുവേണ്ടി ഉപയോഗിക്കാവുന്നതും ഉപയോഗിക്കേണ്ടതുമായ

അവസരമാണ് ആസന്നമാവുന്നതു്. അതിന്നു വേണ്ട ഒരുക്കങ്ങറം തുടങ്ങിക്കഴിഞ്ഞു.

ജപ്പാനും ഈ പുതിയ ആപത്തു മനസ്സിലാക്കാതിരിക്കുന്നില്ല. അതിനെ തടയാൻ വേണ്ട മാൎഗ്ഗങ്ങറം അവിടുത്തെ നായകന്മാരും ആലോചിക്കുന്നുണ്ടു്. ഇക്കാലമത്രയും ജാപ്പുപട്ടാളത്തിന്നു താരതമ്യേന രക്ഷയുണ്ടായിരുന്നു. അമേരിക്കൻനാവികപ്പടയുടെ എതിൎപ്പുകളെ പരാജയപ്പെടുത്തുകയും, ചൈനയിൽ തന്റെ നില തെററാതെ നോക്കുകയും മാത്രമേ ജപ്പാന്നു് ചെയ്യേണ്ടിയിരുന്നുള്ളു. സഖ്യപട്ടാളത്തിന്റെ അധികഭാഗത്തേയും യൂറോപ്പിൽത്തന്നെ ആവശ്യമാക്കിത്തീൎത്തിട്ടു തന്റെ കൂട്ടുകാരനായ ഹിററ്ലർ ജപ്പാനെ സഹായിച്ചിരുന്നു. ആ സഹായം ഇനി അധികകാലം ഉണ്ടാവില്ലെന്നു ജപ്പാൻകാൎക്കു നല്ലവണ്ണം ബോധപ്പെട്ടിട്ടുണ്ടു്. സ്വന്തം കഴിവുകളെമാത്രം ആശ്രയിക്കേണ്ടിവരുന്ന സമയം അടുത്തെത്തിക്കഴിഞ്ഞു.

1942_ ഡിസമ്പർ ആറാംതിയ്യതിയാണു് ജാപ്പുപട്ടാളം ശാന്തസമുദ്രത്തിൽ ആദ്യത്തെ ആക്രമണത്തിന്നൊരുങ്ങിയതു്. പേറംഹാർബർപട്ടണത്തിൽ സജ്ജീകരിച്ചുനിൎത്തിയിരുന്ന അമേരിക്കൻനാവികസൈന്യത്തേയും വിമാനപ്പടയേയും പെട്ടെന്നെതിൎത്തുനാമാവശേഷമാക്കിയിട്ടു ഇപ്പോറം രണ്ടുകൊല്ലം കഴിഞ്ഞു. എവിടെ നിന്നെന്നറിയാത്ത ആ പ്രഹരമേററു തട്ടിപ്പിടഞ്ഞെഴുന്നേററ അമേരിക്കയും ബ്രിട്ടനും കൺമിഴിച്ചു ചുററുപാടും നോക്കിയപ്പോഴയ്ക്കും സിംഗപ്പൂരും മലയയും ബൎമ്മയും

ജപ്പാൻ കൈവശമാക്കിയിരുന്നു; ഉറക്കഭ്രാന്തിൽ ആത്മരക്ഷയ്ക്കുവേണ്ടി എല്ലാം ഉപേക്ഷിച്ച് ഓടുകയാണ് അന്നു ബ്രിട്ടീഷമേരിക്കൻപട്ടാളങ്ങൾ ചെയ്തത്. ശാന്തസമുദ്രത്തിലെ ദ്വീപുകൾ ഓരോന്നോരോന്നായി കൈവശപ്പെടുത്തിക്കൊണ്ടു ജപ്പാൻെറ അജേയശക്തിയായ നാവികസൈന്യം ആസ്ത്രേലിയയുടെ അതിർക്കടലുകൾവരെ എത്തി.

അതിനെത്തുടന്ന് ഈ ഓരോ ദ്വീപും വീണ്ടെടുക്കാനുള്ള ഭഗീരഥപ്രയത്നമാണ് കഴിഞ്ഞ ഒരു കൊല്ലക്കാലമായി അമേരിക്കൻനാവികപ്പട ശാന്തസമുദ്രത്തിൽ നടത്തിയിട്ടുള്ളത്. ക്ഷിപ്രസാദ്ധ്യമായ ഒന്നായിരുന്നില്ല അത്. ഓരോ കൊച്ചുദ്വീപിലും ജാപ്പുപട്ടാളം കോട്ടകെട്ടിയുറപ്പിച്ചിട്ടുണ്ടായിരുന്നു; ജാപ്പു നാവികപ്പട, ജപ്പാൻദ്വീപുകളിലേയ്ക്കും ചൈനീസ്‌വൻകരയിലേയ്ക്കും സമീപിക്കാൻ വയ്യാത്തവിധം രക്ഷാവലയങ്ങൾ നിർമ്മിച്ചിട്ടുണ്ടായിരുന്നു. ഈ രക്ഷാവലയങ്ങളെ ഓരോന്നിനേയും തകർത്തു ജപ്പാൻദ്വീപുകളെ സമീപിക്കയെന്നതായിരുന്നു അമേരിക്കയുടെ യുദ്ധതന്ത്രം. സാവധാനത്തിലാണെങ്കിലും കാലിടറിച്ചു പററാതെ അമേരിക്കൻപട മുന്നോട്ടു നീങ്ങി. ആസ്ത്രേലിയയ്ക്കു തൊട്ടടുത്തുകിടക്കുന്ന ന്യൂഗിനിയദ്വീപിൻകൂട്ടങ്ങളിൽനിന്നു പുറപ്പെട്ട് അമേരിക്കൻപടയിപ്പോൾ ഫിലിപ്പൈൻദ്വീപിൻകൂട്ടങ്ങളിലെത്തിയിരിക്കുന്നു; ജപ്പാൻെറ രക്ഷാനിരകളുടെ ഉൾവലയത്തിലെത്തിയിരിക്കുന്നു.

ഇന്ത്യയുടെ നേക്ക്

ആയുധശക്തിയിൽ അമേരിക്കയ്ക്കു മെച്ചം കിട്ടിക്കഴിഞ്ഞുവെന്നു ജപ്പാന്നറിയാം. ബ്രിട്ടീഷമേരിക്കൻപട്ടാളങ്ങൾ ഏഷ്യാവൻകരയിലേയ്ക്കു കടക്കുന്നതിനെ തടയാനുള്ള മറുതന്ത്രം ജപ്പാനും ആരായാൻ തുടങ്ങി. അതിൻെറ ആദ്യഭാഗമായിരുന്നു ബൎമ്മാഅതിൎത്തിയിലൂടെ ഇന്ത്യയിലേയ്ക്കുള്ള ആക്രമണം. ചൈനയ്ക്കു് സഖ്യരാജ്യങ്ങളിൽനിന്നു കിട്ടുന്ന ആയുധസാഹായ്യത്തെ തടയുക; ഇന്ത്യയിൽനിന്നു കരവഴിക്കുള്ള ആക്രമണത്തിൻെറ സാദ്ധ്യതകളെ കാലേക്കൂട്ടിത്തന്നെ അടച്ചുകളയുക: ഇതാണ് എട്ടുമാസംമുമ്പു ആസ്സാമിലേയ്ക്കു കടക്കാൻ ജപ്പാൻ ശ്രമിച്ചതിൻെറ ഉദ്ദേശം. ആ ഉദ്ദേശം തീരെ ഫലിച്ചില്ലെന്നു പറയാൻ വയ്യ.

തീൎച്ചയായും ആസ്സാമിനെ കീഴടക്കാൻ സാധിച്ചില്ല. ബ്രിട്ടീഷമേരിക്കൻപട്ടാളക്കാരുടെ സാഹായ്യത്തോടുകൂടി ഇന്ത്യൻസൈന്യങ്ങൾ ബൎമ്മാ അതിൎത്തിയിലെ മനുഷ്യസ്പൎശമേററിട്ടില്ലാത്ത മലയിടുക്കുകളിൽ ധീരോദാത്തമായി യുദ്ധംചെയ്തു; ജനറൽ സ്റ്റിൽവെല്ലിൻെറ നേതൃത്വത്തിൽ ബൎമ്മയിലെ ചൈനീസ്-അമേരിക്കൻ സൈന്യങ്ങളും ജപ്പാൻ പട്ടാളത്തിന്നു് പിന്നണിയിൽ യാതൊരു പൊറുതിയും കൊടുത്തില്ല. ശത്രുപട്ടാളങ്ങൾക്കു പിൻവാങ്ങേണ്ടിവന്നു. പക്ഷേ അഞ്ചാറുമാസകാലം ചൈനയ്ക്കു് ഇന്ത്യവഴിക്കു കിട്ടുന്ന സാഹായ്യം ഇല്ലാതായി. ചൈനയുടെ ശക്തിയെ അതു സാരമായി ബാധിച്ചിട്ടുണ്ടെന്നതിന്നു സംശയമില്ല.

No: 4506



ഇതോടുകൂടി ശാന്തസമുദ്രത്തിലൂടെ ചൈനയിലിറങ്ങാൻ സഖ്യപട്ടാളം ശ്രമിച്ചേയ്ക്കാനിടയുള്ളതിനെ തടയാനും ജപ്പാൻ ശ്രമം തുടങ്ങി. ചൈനയിലെ കടൽത്തീരമാകെ ഭദ്രമാക്കുകയെന്നതായിരുന്നു അതു്. അതനുസരിച്ചുള്ള യുദ്ധമാണു് ഇന്നു ചൈനയിൽ നടക്കുന്നതു്.

വടക്കു പെക്കിങ്ങുമുതൽ കാൻടൺവരേയും, കാൻടൺമുതൽ ഇൻഡോചീനയിലെ ബാങ്കോക്ക് പട്ടണം വരേയും, ബാങ്കോക്കുമുതൽ ബർമ്മയിലെ റംഗൂൺവരേയും തുടർച്ചയായി നീണ്ടുകിടക്കുന്ന തെക്കുവടക്കൻറെയിൽപ്പാതയാകെ ശത്രുശല്യത്തിൽനിന്നു ഭദ്രമാക്കുകയാണു് ജപ്പാൻെറ ആവശ്യം. ലോയാങ്ങ്, ചാങ്ങ്ഷാ, കപീലിൻ എന്നീ പട്ടണങ്ങൾക്കുവേണ്ടി ജപ്പാൻ നടത്തിയവിജയകരമായ യുദ്ധങ്ങൾ ഈ ഉദ്ദേശലബ്ധിയെ എത്രയോ അടുത്തെത്തിച്ചിട്ടുണ്ടു്.

## ചൈനയിലെ ജാപ്പ് യുദ്ധതന്ത്രം

കപീച്ചോസംസ്ഥാനത്തിൽ ഇന്നു നടക്കുന്ന ജാപ്പാക്രമണം ഈ തന്ത്രത്തിൻെറ ഭാഗംതന്നെയാണു്.. ചുങ്കിങ്ങിനു തെക്കായി ബർമ്മാറോഡിനു തൊട്ടു കിടക്കുന്ന ഒരു സംസ്ഥാനമാണു് കപീച്ചോ. അതിൻെറ തലസ്ഥാനമായ കപീയാങ്ങ് ബർമ്മാറോഡിലെ ഒരു പ്രധാനനഗരമാണു്. ആ പട്ടണം പിടിക്കുകയെന്നുവെച്ചാൽ, ബർമ്മാറോഡിനെ മുറിക്കാൻമാത്രമല്ല, തെക്കുവടക്കൻറെയിൽവേയുടെ കുറേഭാഗം ജാപ്പുപട്ടാളത്തിൻെറ കൈവശമാക്കാൻകൂടി സാധിക്കും. തൽക്കാലത്തേയ്ക്കു ജപ്പാൻെറ

ഈ പുതിയ ആക്രമണത്തെ തടുക്കാൻ സാധിച്ചിട്ടുണ്ടെന്നാണ് ചൈനീസ് നായകന്മാർ പറയുന്നത്.

ഈ റയിൽവേയാകെ കൈവശപ്പെടുത്തുന്നതിൽ ജപ്പാൻെറ ഉദ്ദേശം രണ്ടാണ്: ഒന്നാമത്, ചൈനയെ രണ്ടായി മുറിക്കുക; ചൈനയുടെ കടലോരപ്രദേശത്തെ ഉൾപ്രദേശത്തിൽനിന്നു വേർപെടുത്തുക; ഇതു ജപ്പാൻ സാധിച്ചുകഴിഞ്ഞിരിക്കുന്നു. രണ്ടാമത്, ശാന്തസമുദ്രത്തിലെ ദ്വീപുകളെല്ലാംതന്നെ അമേരിക്കൻനാവികപ്പട കൈവശമാക്കിയാൽപ്പോലും, കടൽവഴിക്കല്ലാതെ കരവഴിക്കുതന്നെ സിംഗപ്പൂരിലേയ്ക്കും ബർമ്മയിലേയ്ക്കും യുദ്ധസാമഗ്രികളെത്തിക്കാനുള്ള മാർഗ്ഗം സുരക്ഷിതമാക്കുക.

ഇതിൽ ചൈനയിലെ ഇന്നത്തെ അഭ്യന്തരസ്ഥിതി, ചുങ്കിങ്ങിലെ ചിയാങ്ങിൻെറ ഗവർമ്മേണ്ടും വടക്കൻ ചൈനയിലിപ്പോഴും ജാപ്പ് പട്ടാളത്തിൻെറ സിംഹഭാഗത്തോടെതിർത്തുകൊണ്ടിരിക്കുന്ന കമ്മ്യൂണിസ്റ്റ്കാരുടെ പട്ടാളവും തമ്മിൽ പരിപൂർണ്ണമായ ഐക്യമില്ലായ്മ, ജപ്പാന് സഹായകമാവുന്നുണ്ടെന്നതു് ഒരു യാഥാർത്ഥ്യം മാത്രമാണ്. ഈ ഐക്യമില്ലായ്മയെ അവസാനിപ്പിക്കാനായി ജനറൽ സ്റ്റിൽവെൽ ചിയാങ്ങിനെ നിരന്തരം നിർബന്ധിക്കുമെന്നതാണ് അവർതമ്മിലുണ്ടായ പ്രധാനമായ അഭിപ്രായവ്യത്യാസം.

ഇന്ത്യയേയും ചൈനയേയും വീണ്ടും യോജിപ്പിക്കാനുള്ള പുതിയ ആസ്സാംറോഡിൻെറ ജോലി ഒട്ടുമുക്കാലും പൂർത്തിയായിരിക്കുന്നു; സംഖ്യരാഷ്ട്രങ്ങളിൽനിന്നു നിർബ്ബാധം ആയുധസാഹായ്യം ചൈനയ്ക്കു കിട്ടാനുള്ള വഴി തുറ

ക്കുക എന്നാണ് ഇതിന്റെ അർത്ഥം. അതോടൊപ്പം, സഖ്യരാഷ്ട്രങ്ങളുടെ ശ്രദ്ധ മുഴുവനും ജപ്പാന്റെനേരേ തിരിക്കാവുന്ന സമയം, യൂറോപ്യൻയുദ്ധത്തിന്റെ അവസാനം ദൃഷ്ടിഗോചരമായിട്ടുമുണ്ട്. ഈ സന്ദർഭത്തിൽ ചൈനയ്ക്കകത്തെ യോജിപ്പില്ലായ്മ ശത്രുവിന്ന് അനുകൂലമായ ഒരു തടസ്ഥമായി നിലകൊള്ളുകയാണെങ്കിൽ, അതിലേറെ നിർഭാഗ്യകരവും നാശകരവുമായി മറ്റൊന്നില്ല.

## ജർമ്മനിയുടെ നെഞ്ചിലേയ്ക്ക്

യൂറോപ്പിലാകട്ടെ, മഞ്ഞുകാലം തുടങ്ങിയിരിക്കുന്നു. ഹേമന്തകാലത്തെ മഴയും ചളിയും നിലച്ച് മഞ്ഞുവീണു നിലം ഉറയ്ക്കുന്നതോടുകൂടി ജർമ്മനിയുടെ നേർക്കുള്ള അവസാനത്തെ ആക്രമണം നടത്താൻ സഖ്യപട്ടാളങ്ങൾ തയ്യാറെടുക്കുകയാണ്, സ്ഥാനമുറപ്പിക്കുകയാണ്.

പടിഞ്ഞാറു ബ്രിട്ടീഷമേരിക്കൻപട്ടാളങ്ങൾ യുദ്ധരംഗത്തിലാകെ ആക്രമണം നടത്തിക്കൊണ്ടിരിക്കുന്നു. തെക്കു സ്വിററ്സർലാണ്ടിന്റെ അതിർത്തിമുതൽ വടക്കുഹോളണ്ടിൽ അത്‌ലാന്തിക്ക് കടൽത്തീരംവരെ അഞ്ഞൂറു നാഴിക നീളത്തിൽ യുദ്ധം മുറുകിവരുന്നു. ആറു പട്ടാളവിഭാഗങ്ങളാണിവിടെ പടക്കളത്തിലിറങ്ങീട്ടുള്ളത്. ഒന്നാംഫ്രഞ്ചുപട്ടാളം, ഒന്നും മൂന്നും അഞ്ചും ഏഴും അമേരിക്കൻപട്ടാളങ്ങൾ, രണ്ടാംബ്രിട്ടീഷുപട്ടാളം—എല്ലാംകൂടി 10 ലക്ഷം പട്ടാളക്കാരുണ്ടാവും. ഫ്രാൻസിനേയും ബൽജിയത്തേയും മോചിപ്പിക്കാനുണ്ടായ വമ്പിച്ച ആക്രമണ

ങ്ങൾക്കുശേഷം, വൻതോതിലുള്ള ഒന്നാമത്തെ പടനീക്കലാണിതു്.

പടിഞ്ഞാറുനിന്നു ജർമ്മനിയിലേയ്ക്കുള്ള പ്രവേശനദ്വാരത്തിൽ കോട്ടകെട്ടിയുറപ്പിച്ചിട്ടുള്ള സീഗ്ഫ്രീഡ്നിരയെ തകൎക്കാനുള്ളതാണു് ഈ ആക്രമണം. ജർമ്മനിയുടെ ഈ മാർച്ചട്ട പൊളിച്ചാലേ, അതിൻെറ ഹൃദയത്തിലേയ്ക്കു കഠാരിയിറക്കാൻ സാധിക്കയുള്ളു. സീഗ്ഫ്രീഡ്നിരയെ നേരിട്ടാക്രമിക്കുന്നതിന്നുമുമ്പു്, ദുർബ്ബലമായ ഭാഗങ്ങൾനോക്കി അവിടവിടെ വിടവുകളുണ്ടാക്കി ജർമ്മനിക്കകത്തേയ്ക്കു കിനിഞ്ഞിറങ്ങുകയാണു് സഖ്യപട്ടാളനായകനായ ഐസൻഹോവറുടെ അടവു്. സ്വിററ്സർലാൻറിൻെറ അതിർത്തിക്കടുത്തു ഫ്രഞ്ചുമേരിയ്ക്കൻപട്ടാളങ്ങൾക്കു് ഇതു സാധിച്ചിരിക്കുന്നു. അതുകൊണ്ടു് അവിടെ കൂടുതൽ വേഗത്തിൽ ശത്രുസൈന്യങ്ങൾ പിന്നോട്ടു തള്ളപ്പെടുന്നുണ്ടു്. ഫ്രഞ്ചുപട്ടാളം ഈ രംഗത്തിൽ ചില ദിവസങ്ങളിൽ ഇരുപതുനാഴികപോലും മുന്നോട്ടു പോകുന്നുണ്ടു്.

നേരെമറിച്ചു്, തെക്കെ അററത്തും നടുക്കു കോളോൺപ്രദേശത്തും കഠിനസമരമാണു് നടക്കുന്നതു്. ഒരാഴ്ചകൊണ്ടു് അഞ്ചെട്ടുനാഴികയേ പുരോഗതിയുണ്ടായിട്ടുള്ളു. ജർമ്മനിയുടെ വ്യവസായങ്ങളെല്ലാം കേന്ദ്രീകരിച്ചിട്ടുള്ള റൂർപ്രദേശമാണു് ഈ സീഗ്ഫ്രീഡ്നിരയുടെ പിന്നിൽ കിടക്കുന്നതു്. റൂർപ്രദേശം ജർമ്മനിയ്ക്കു നഷ്ടപ്പെട്ടാൽ, ആ പ്രദേശം യുദ്ധരംഗമായി അവിടുത്തെ വ്യവസായങ്ങൾ നിലച്ചുപോയാൽ, ജർമ്മനിയ്ക്കു വമ്പിച്ച ക്ഷീണമാ

യിരിക്കും; ചെറുത്തുനില്പ്പാനുള്ള കഴിവു മുക്കാലും പോവും. അതുകൊണ്ടുതന്നെയാണ് ജർമ്മൻപട്ടാളം ആ ഭാഗത്തു സീഗ്ഫ്രീഡുനിരയിൽ പററിപ്പിടിച്ചു നില്ക്കുന്നത്.

ഇരുഭാഗത്തുനിന്നും ഇടി

അപ്പുറത്തു ചുകപ്പുപട്ടാളവും അവസാനത്തെ ആക്രമണത്തിന്നു തയ്യാറെടുക്കുകയാണ്.

"ചുകപ്പുപട്ടാളവും സഖ്യസൈന്യങ്ങളും ശത്രുവിനെ അതിൻെറ പാർപ്പിടത്തിലേയ്ക്കു പുറകോട്ടു തള്ളിയിരിക്കുന്നു; ജർമ്മനിയുടെ മർമ്മസ്ഥാനങ്ങളെ എതിർക്കാൻവേണ്ടി, അവസാനത്തെ അടിയടിക്കാൻവേണ്ടി, അവർ തന്ത്രപ്രധാനമായ നിലകളുറപ്പിച്ചുകൊണ്ടിരിക്കയാണ്. ഈ ആക്രമണങ്ങൾ ജർമ്മൻ പട്ടാളത്തിൻെറ പരാജയത്തിലവസാനിക്കും; നാസിജർമ്മനിയുടെ വിധിയെഴുത്തും" ഒരു ചുകപ്പുപട്ടാളലേഖകൻെറ വിദഗ്ദ്ധാഭിപ്രായമാണിതു്.

ചുകപ്പുപട്ടാളം എല്ലാ രംഗത്തിലും ഇന്നു് ഒരുക്കുകൂട്ടുന്നുണ്ടു്:

"വേനൽക്കാലാക്രമണകാലത്തു് ഇക്കൊല്ലം ചുകപ്പുപട്ടാളം എല്ലാ വഴിക്കും 350 മുതൽ 560 നാഴികവരെ മുന്നോട്ടു പോയിട്ടുണ്ടു്. ഇനി മുന്നോട്ടു കേറുന്നതിന്നുമുമ്പു പട്ടാളങ്ങളെ രണ്ടാമതും ഒരുക്കുകൂട്ടണമെന്നു വ്യക്തമാണ്. മാത്രമല്ല, ആയുധസാമഗ്രികൾ കൊണ്ടുവരണം. ശത്രു മരുപ്പരപ്പാക്കിട്ടുള്ള സ്ഥലങ്ങളിൽ പുതിയതായി പട്ടാളത്താവളങ്ങൾ നിർമ്മിക്കേണ്ടതായിട്ടുണ്ടു്" (റെഡ്സ്റ്റാർ എന്ന സോവിയററ് സൈന്യപത്രത്തിൽനിന്നു്.)

വടക്കേ ചുകപ്പുപട്ടാളം ബാൾട്ടിക്കുകടലിലുള്ള പ്രധാന ദ്വീപായ ഓസൽ കൈവശമാക്കിയിരിക്കുന്നു; വടക്കൻ ബാൾട്ടിക്കുകടലിൻെറയാകെ നിയന്ത്രണം ഇതുകൊണ്ടു റഷ്യയ്ക്കായിട്ടുണ്ട്. ലിത്വാനിയൻകടൽത്തീരത്തു കുടുങ്ങിക്കിടക്കുന്ന ജർമ്മനിയുടെ 30 പട്ടാളവിഭാഗങ്ങളിലൊന്നിനെപ്പോലും രക്ഷപ്പെടുത്താമെന്നു് ഇനി ആശിക്കുകയേ വേണ്ട.

റഷ്യയുടെ നാലാം ഉക്രേനിയൻപട്ടാളം ചെക്കോസ്ലോവാക്യയിൽ പുതിയൊരു ആക്രമണം തുടങ്ങിയിട്ടുണ്ടു്. ചെക്കോസ്ലോവാക്യയുടെ കിഴക്കെ അററത്തുള്ള റുതേനിയയിൽനിന്നു പുറപ്പെട്ടു് ഇപ്പോൾ സ്ലോവാക്യവരെ എത്തിയിട്ടുള്ള ചുകപ്പുപട്ടാളം ചെക്കോസ്ലോവാക്യയിൽ യുദ്ധംചെയ്യുന്ന ജർമ്മൻസൈന്യത്തെ ഹംഗറിയിൽനിന്നു വേർപെടുത്തിയിരിക്കുന്നു. ഹംഗറിയിലാകട്ടെ, മാർഷൽ മാലിനോഫ്സ്കിയുടെ പട്ടാളങ്ങൾ ബുഡാപെസ്റ്റിനെ ഒരു ഇരുമ്പുവലയത്തിന്നകത്തു കുടുക്കുകയും ഹംഗറിയിൽ യുദ്ധംചെയ്യുന്ന ജർമ്മൻപട്ടാളങ്ങളെ ആസ്ട്രിയയിൽനിന്നു വേർപെടുത്തുകയും ചെയ്തിരിക്കുന്നു.

ഇതെല്ലാംകൊണ്ടു തങ്ങളുടെ ഗതി മുട്ടിയിരിക്കുന്നുവെന്നു നാസിനേതാക്കന്മാർ മനസ്സിലാക്കുന്നുണ്ടു്. അവസാനമൊരുകയ്യു നോക്കാനായി അവർ ഭ്രാന്തുപിടിച്ചു പരിശ്രമിക്കുകയാണു്. അതിൻെറ രണ്ടുദാഹരണങ്ങളാണു് അടുത്ത ആഴ്ചകളിൽ ജർമ്മനിയിൽ നടന്നതു്: ഒന്നാമതു്, നാസിരഹസ്യപ്പൊല്ലീസ്സിൻെറ നായകനായ ഹിംമ്ലർക്കു ജർമ്മൻ ഭരണത്തിൽ കൂടുതൽ അധികാരം

കിട്ടിയിരിക്കുന്നു. അയാൾ ഇപ്പോൾ അവിടുത്തെ ഫ്യൂറർ ആണ്, ജമ്മനിക്കകത്തെ പട്ടാളത്തിൻെറ നായകനാണ്, രഹസ്യപ്പൊല്ലീസ്സിൻെറ മേധാവിയുമാണ്. ജമ്മനിക്കകത്തു തലപൊക്കിയേയ്ക്കാവുന്ന ഏതു തരം നിസ്സാരമായ എതിപ്പിനേയും നിട്ദയം അമത്തുകയെന്നതാണിതിൻെറ മുഖ്യമായ ഉദ്ദേശം. രണ്ടാമതു്, ജമ്മൻപട്ടാളത്തെ നാസിപ്പാർട്ടിയിൽ ചേത്തിയിരിക്കുന്നു. യുദ്ധതന്ത്രവൈദഗ്ദ്ധ്യമല്ല നാസികൾക്കിന്നു് ആവശ്യം, നാസിപ്പാർട്ടിയോടുള്ള അന്ധമായ കൂറാണ്. ആ കൂറിന്നു് ഉടവുതട്ടിക്കുന്നതായാൽ യുദ്ധതന്ത്രത്തിൻെറകാര്യംകൂടി അവഗണിക്കുകയേ നിവൃത്തിയുള്ളു. ജമ്മൻ പട്ടാളത്തിലും അതിൻെറ നായകന്മാരിലും നാസികൾക്കു വിശ്വാസമില്ലാതായിത്തീന്നിരിക്കുന്നുവെന്നു വരുമ്പോൾ, ജമ്മനിക്കകത്തു് ഇന്നുള്ള കുഴപ്പത്തിൻെറ ആഴം കാണാൻ സാധിക്കും.

പുതിയ യുഗത്തിൻെറ പേററുനോവ്

ഈ സന്ദർഭത്തിലാണ് ജമ്മൻ ചവിട്ടടിയിൽനിന്നു വിമുക്തങ്ങളായ ബൽജിയത്തിലും ഗ്രീസ്സിലും ആഭ്യന്തരക്കുഴപ്പം ആവിർഭവിച്ചിട്ടുള്ളതു്. ജമ്മനി പിടിച്ചടക്കിയതിനുശേഷം ആ രാജ്യങ്ങൾക്കകത്തു്, അനൃഹ്യമായ മദ്ദനവിധാനത്തിൻകീഴിൽ, എന്തു ത്യാഗം സഹിച്ചിട്ടും സ്വാതന്ത്ര്യവാഞ്ഛയുടെ നാളം കെട്ടുപോകാതെ നിലനിത്താനുറച്ചു്, അവിടുത്തെ ജനങ്ങൾ വളത്തിക്കൊണ്ടുവന്ന ദേശീയവിമോചനപ്രസ്ഥാനങ്ങളുടെ നേരേ സഖ്യപ

ട്ടാളങ്ങൾതന്നെ ആയുധമെടുക്കുകയെന്ന വൈപരീത്യം ഓക്കാനേ വയ്യാത്തതാണ്.

ഈ രാജ്യങ്ങളിലെ പണ്ടത്തെ ഭരണാധികാരികൾ ജർമ്മനാക്രമണസമയത്ത് ആത്മരക്ഷയ്ക്കായി പുറനാട്ടുകളിലേയ്ക്ക് ഓടിപ്പോയി. നാസിഭരണത്തിന്റെ ദുസ്സഹമായ അപമാനങ്ങളും അരിഷ്ടങ്ങളുമൊന്നും അവൎക്ക് അനുഭവിക്കേണ്ടിവന്നിട്ടില്ല. അവൎക്കിന്നു ബൽജിയത്തിലേയ്ക്കും ഗ്രീസ്സിലേയ്ക്കും തിരികെ വരാൻ സാധിച്ചിട്ടുണ്ടെങ്കിൽ, അവിടുത്തെ വിമോചനപ്രസ്ഥാനത്തിലെ സ്വാതന്ത്ര്യസമരവീരരുടെ ത്യാഗമോഹനമായ ധീരോദാത്തതയുടെ മുകളിലാണ്. നാസിഭരണകാലത്ത് ജർമ്മൻപട്ടാളക്കാരോടു സഹകരിച്ചു ജനങ്ങളെ ദ്രോഹിച്ചിട്ടുള്ള വഞ്ചകന്മാരോടു ദയകാണിക്കരുത്, അത്തരക്കാരെ ആയുധം വെപ്പിച്ചു ശിക്ഷിക്കണം—ഇതാണ് ഗ്രീസ്സിലും ബൽജിയത്തിലും വിമോചനപ്രസ്ഥാനക്കാരുടെ ആവശ്യം. 'പടക്കുററവാളികളെ ലോകത്തിന്റെ ഏതു മൂലയിൽനിന്നും പിടിച്ചുകൊണ്ടുവന്നു ശിക്ഷിക്കാൻ' സഖ്യരാജ്യങ്ങളിലെ നേതാക്കന്മാർ ഒരു കൊല്ലംമുമ്പ് പാവനമായ ശപഥംചെയ്തിട്ടുണ്ട്. നേരേമറിച്ച്, ഈ രാജ്യങ്ങളിലെ ഭരണാധികാരികൾ വിമോചനപ്രസ്ഥാനക്കാരെ ആയുധം വെപ്പിക്കാനും ശിക്ഷിക്കാനും ഒരുങ്ങുന്നു. ഇതു് അവൎക്കെങ്ങനെ സഹിക്കാൻ സാധിക്കും? കഴിഞ്ഞ മൂന്നു കൊല്ലം അവർ ചെയ്ത ത്യാഗങ്ങളെല്ലാം വെറുതെയാവുകയെന്നല്ലേ ഇതിന്റെ അൎത്ഥം? തങ്ങളുടെ രാജ്യത്തെ തീവെച്ചു നശിപ്പിച്ച നാസികളുമായി പടവെട്ടി വീര

മരണമടഞ്ഞ ചങ്ങാതികളെ വഞ്ചിക്കുകയെന്നല്ലേ ഇതിൻെറ അൎത്ഥം?

ഇതിൽ വിമോചനപ്രസ്ഥാനക്കാൎക്കെതിരായി സഖ്യപട്ടാളങ്ങളും ആയുധമെടുത്തതാണ് മനസ്സിലാക്കാൻ സാധിക്കാത്തത്. ഫാഷിസ്ററുകാരോടു യുദ്ധംചെയ്യാനുള്ള പട്ടാളത്തേയും പടക്കോപ്പിനേയും ആ ഫാഷിസ്ററുകാരെ സ്വജീവനെപ്പോലും തൃണവൽഗണിച്ച് എതിൎത്തുപോന്നവൎക്കെതിരായി ഉപയോഗിക്കുക: എന്തൊരു പരസ്പരവൈരുദ്ധ്യം!

ഫാഷിസ്ററുകിരാതഭരണത്തിൻെറ അവസാനമടുത്തതോടുകൂടി, ആ കൂരിരുട്ടിൽനിന്നു ജന്മമെടുക്കുന്ന പുതിയ യൂറോപ്പിൻെറ പ്രസവവേദനയാണ് ഈ രാജ്യങ്ങളിലെ സമരത്തിൽ നാം കാണുന്നത്. അതു കഴിയുന്നതും എളുപ്പമാക്കുന്നതിന്നു പകരം, കഷ്ടതരമാക്കാനാണ് സഖ്യരാജ്യത്തിലെ നായകന്മാർ ഒരുമ്പെടുന്നതെങ്കിൽ, ആ പിറവിക്കു കാലതാമസം വരുമെന്നല്ലാതെ, അതിനെ ഞെക്കിക്കൊല്ലാൻ സാദ്ധ്യമല്ലതന്നെ. അത്രയ്ക്കു കരുത്തും കെൽപ്പും ഗൎഭത്തിൽവെച്ചുതന്നെ അതു സമ്പാദിച്ചിട്ടുണ്ട്.

1120 വൃശ്ചികം

# പുതുവത്സരപ്രതീക്ഷകൾ

1945-ാംകൊല്ലത്തിൻെറ ആരംഭവേള അപ്രതീക്ഷിതങ്ങളായ പല സംഭവവികാസങ്ങളേയും തൻെറ

ആവനാഴിയിൽ കരുതിക്കൊണ്ടാണു് ലോകത്തിന്റെ മു
മ്പിൽ പ്രത്യക്ഷപ്പെട്ടതു്.

ഒന്നു്, പടിഞ്ഞാറൻയുദ്ധരംഗത്തിൽ മാഷൽ റൺ
സ്റ്റഡ് നടത്തിയ ജർമ്മൻ പ്രത്യാക്രമണം; ക്രിസ്തുമസ്സ്
കാലത്തു് അതു മൂർദ്ധന്യത്തിലെത്തി. രണ്ടാംയുദ്ധരംഗം
തുറന്നതിന്നുശേഷം ഇതുവരെ സഖ്യപക്ഷത്തിന്നു കിട്ടി
യ വിജയങ്ങളൊക്കെ ഈ പ്രത്യാക്രമണവേഗത്തിൽ
ചിന്നിച്ചിതറിപ്പോകുമോ എന്നുകൂടി പലരും സംശയിച്ചു.

രണ്ടു്, ഈ പ്രത്യാക്രമണത്തിന്റെ ആദ്യവിജയങ്ങ
ളുടെ ഉത്സാഹത്തള്ളലോടുകൂടി നാസിനേതാക്കന്മാർ ചെ
യ്ത പ്രസംഗങ്ങൾ: പുതുവത്സരാരംഭത്തിന്നു പാരീസ്സ് തി
രികെ പിടിക്കുമെന്നു് ഒരു ഭാഗത്തു്; ജർമ്മനിക്കു് വിജയമു
ണ്ടായില്ലെങ്കിൽ, 1946-ൽപ്പോലും യുദ്ധമവസാനിക്കയി
ല്ലെന്ന ഭീഷണി മറുഭാഗത്തു്.

മൂന്നു്, ഓക്കാപ്പുറത്തുണ്ടായ ഈ തിരിഞ്ഞെതിപ്പു്
കണ്ടമ്പരന്നു സഖ്യരാഷ്ട്രങ്ങളിലെ യുദ്ധതന്ത്രവിദഗ്ദ്ധന്മാ
രെന്നഭിമാനിക്കുന്നവർതന്നെ ഏററവും ഇരുണ്ട ഒരു ഭാ
വിയുടെ ചിത്രം വരയ്ക്കാൻ തുടങ്ങി: ടെഹ്റാൻസമ്മേള
നത്തിൽവെച്ചു് ഒരു കൊല്ലംമുമ്പു്, ചർച്ചിലും റൂസ്
വെൽട്ടും സ്റ്റാലിനുംകൂടി തയ്യാറാക്കിയ പരിപാടികളെ
ല്ലാം തിരുത്തിയെഴുതേണ്ടതായിവരും; യൂറോപ്യൻയുദ്ധം
അവസാനിച്ചാൽത്തന്നെ രണ്ടു കൊല്ലം പിടിക്കും കിഴ
ക്കു് ജപ്പാനെ തോല്പിക്കാൻ — മററും മററും: അവർ വിദ
ഗ്ദ്ധാഭിപ്രായങ്ങൾ പുറപ്പെടുവിക്കാൻ തുടങ്ങിയിരിക്കുന്നു.

ജമ്മൻപ്രത്യാക്രമണമെന്തിന്നു്?

അന്ധമായ ശുഭപ്രതീക്ഷപോലെ അന്ധമായ ദോഷൈകദശ്നവും അപായകരവും യാഥാത്ഥ്യങ്ങളെ മറന്നതുമാകുന്നു. രണ്ടാംയുദ്ധരംഗം തുറന്നതിന്നുശേഷം, "യുദ്ധം രണ്ടു മാസംകൊണ്ടവസാനിക്കും, ആറുമാസംകൊണ്ടവസാനിക്കും," എന്നു തുടങ്ങി ദീഗ്ഘദശനങ്ങൾ ലോഭംകൂടാതെ നടത്തിയിരുന്ന അതേ കൂട്ടർതന്നെയാണു് ഇന്നു് ഒരൊററ പ്രത്യാക്രമണംകൊണ്ടു തെല്ലൊന്നു പിൻവാങ്ങേണ്ടിവന്നപ്പോഴയ്ക്കും എല്ലാം പൊളിഞ്ഞുവെന്ന മട്ടിൽ നെഞ്ഞത്തടിച്ചു നിലവിളിക്കുന്നതു്; നിർഭാഗ്യമായ ലോകത്തിൻെറ ദുവ്വിധിയെ ഉച്ചൈസ്തരം ശപിക്കുന്നതു്; യുദ്ധം അത്ര വേഗമൊന്നും അവസാനിക്കുകയില്ലെന്നു പ്രവചിക്കുന്നതു്.

നില തെററാതെയും തല ചുററാതെയും നമുക്കു ജമ്മൻപ്രത്യാക്രമണത്തിൻെറ വിലയും വലിപ്പവുമൊന്നു കണക്കാക്കിനോക്കുക.

ജമ്മൻപട്ടാളം ഈ യുദ്ധത്തിൽ ഇതുവരെ തുടന്നുപോന്നിട്ടുള്ളതും തൽക്കാലവിജയങ്ങളുണ്ടാക്കി അവസാനപരാജയത്തിൽ ചെന്നു കലാശിച്ചിട്ടുള്ളതുമായ അവരുടെ പാഠപുസ്തകയുദ്ധതന്ത്രത്തിൻെറ ഒരു ഭാഗമായിരുന്നു ഈ പ്രത്യാക്രമണം. ഒരു ഉദാഹരണംകൊണ്ടു ഞാനിതു വ്യക്തമാക്കാം: 1943 ജൂലായിമാസത്തിൽ നാസിപ്പട്ടാളം സ്റ്റാലിൻഗ്രാഡിൽനിന്നും പിൻവാങ്ങി കാർഖോവിലേയ്ക്കു തിരിച്ചെത്തിയിരിരുന്നു. ചുകപ്പുപട വേനൽക്കാലാക്രമണത്തിന്നൊരുക്കുകൂട്ടിവരികയാണു്. ആ സന്ദഭത്തിൽ ജമ്മൻപട ചുകപ്പുപടയുടെ ഒരുക്കങ്ങളെ തക

ക്കാനും റഷ്യക്കാരെ നില തെററിക്കാനുമായി പെട്ടെന്നൊരു പ്രത്യാക്രമണം നടത്തി—200 നാഴിക നീളത്തിൽ, ഓറൽ-കുർസ്ക്-ബൈലോഗറോഡ് രംഗത്തിൽ $2\frac{1}{2}$ ലക്ഷം പട്ടാളത്തേയും 2500 വിമാനങ്ങളേയും 4000 ടാങ്കുകളേയും 200 നാഴികയ്ക്കിടയ്ക്ക് ഹിററ്ലർ കുത്തിനിറച്ചു. ഇതു് ഒരു പൊതുപ്രത്യാക്രമണത്തിൻെറ നാന്ദിയാണെന്നു് അന്നു പലരും വ്യാഖ്യാനിക്കയുണ്ടായി. വാസ്തവത്തിലതിന്നു് എത്രയോ ചെറിയൊരു ഉന്നമേ ഉണ്ടായിരുന്നുള്ളു: വേനൽക്കാലാക്രമണത്തിന്നുള്ള സോവിയററുപരിപാടികഠം പൊളിക്കുക. ചുകപ്പുപട്ടാളത്തിൻെറ അന്നത്തെ പ്രധാനമായ ആയുധസജ്ജീകരണകേന്ദ്രമായ കുർസ്ക് പട്ടണം പിടിച്ചാൽ ഇതു സാധിക്കും. പക്ഷേ നാസികഠംക്കതു സാധിച്ചില്ല. ആ മാസത്തിൽത്തന്നെ നാസിപ്രത്യാക്രമണം പരാജയപ്പെട്ടു. രണ്ടാമതൊരിക്കൽക്കൂടി സ്റ്റാലിൻഗ്രാഡിൻെറ സ്വാദനുഭവിച്ചുകൊണ്ടു നാസിപ്പടയ്ക്കു പിൻവാങ്ങേണ്ടിവന്നു.

പടിഞ്ഞാറൻയുദ്ധരംഗത്തിലും ഇതേ അടവാണു് മാർഷൽ റൺസ്റ്റെറ്റഡ് എടുത്തതു്. ജമ്മനിയുടെ അതിരുകളിലെത്തിയ ബ്രിട്ടീഷമേരിക്കൻപട്ടാളങ്ങഠം ജമ്മൻ വ്യവസായത്തിൻെറ ഹൃദയമായ റൂർപ്രദേശത്തേയ്ക്കു കടക്കാൻ ഒരുക്കുകൂട്ടിവരികയായിരുന്നു. അതിന്നു തടസ്ഥമായിനില്ക്കുന്ന സിഗ്ഫ്രിഡുനിരയെ, ജമ്മനിയുടെ മാർച്ചട്ടയെ, പിളക്കാൻ പഴുതുനോക്കുകയായിരുന്നു. സിഗ്ഫ്രീഡുനിരയിന്മേലുള്ള സഖ്യപട്ടാളങ്ങളുടെ പിടുത്തം വിടുവിക്കുകയും റൂർപ്രദേശത്തേയ്ക്കും സാർതാഴ്വാരത്തി

ലേയ്യുമുള്ള ആക്രമണത്തിൻെറ ഊക്കു കുറയ്ക്കുകയും ചെയ്യേണ്ടതു സ്വന്തം നിലനില്പിന്നുതന്നെ ജർമ്മൻകാക്ക് ഒഴിച്ചുകൂടാൻ വയ്യാത്തതായിത്തീൎന്നു. നിത്യേന ആറായിരം പട്ടാളക്കാർ നഷ്ടപ്പെടുകയെന്നതു് എത്രകാലം അവൎക്കു താങ്ങാൻ സാധിക്കും?

## തടുത്തുനില്ക്കാൻ മാത്രം

കർസ്ക്ക് പട്ടണത്തിൽ ഒന്നരക്കൊല്ലം മുമ്പു നടത്തിയപോലൊരു പ്രത്യാക്രമണത്തിന്നു റൺസ്റ്റഡ് ഒരുക്കുകൂട്ടി മുപ്പത്തഞ്ചുനാഴിക നീളത്തിലുള്ള ചെറിയൊരു മുന്നണിയിൽ വമ്പിച്ച പട്ടാളശക്തിയെ കേന്ദ്രീകരിച്ചു. അടുത്ത കുറെ മാസങ്ങളായി ജർമ്മൻ വിമാനങ്ങളിത്രയധികം ഒരാക്രമണത്തിൽ പങ്കെടുക്കുന്നതു് ആദ്യമാണുപോലും. താരതമ്യേന ചെറിയ ലക്ഷ്യങ്ങളുടെ നേരേപ്പോലും 4000 വരെ വലിയ തോക്കുകൾ ജർമ്മൻകാർ ഉപയോഗിച്ചതായി പറയപ്പെടുന്നു. ആദ്യത്തെ 60 മണിക്കൂറിന്നുള്ളിൽ 15 നാഴികയും പതിനൊന്നു ദിവസംകൊണ്ടു 70 നാഴികയും ജർമ്മൻപട്ടാളം മുന്നോട്ടു കേറി. സഖ്യപട്ടാളങ്ങളുടെ ആയുധസജ്ജീകരണകേന്ദ്രമായ ബൽജിയത്തിലെ ലീജ് പട്ടണമായിരുന്നു നാസികളുടെ ലക്ഷ്യം.

സഖ്യപട്ടാളങ്ങളുടെ മൂക്കിന്നു നേരേ താഴത്താണു് ഇത്ര വലിയൊരാക്രമണത്തിന്നൊരുക്കൂട്ടിയതെന്ന വാസ്തവം ആൎക്കും വിസ്മരിക്കാൻ വയ്യ. ജർമ്മൻകാർ താല്ക്കാലികവിജയം നേടിയെന്നതും വാസ്തവംതന്നെ. പക്ഷേ തി

കഷ്ടവും ആപത്തു നിറഞ്ഞ ഒരു സാഹസപ്രവൃത്തിയായിരുന്നു ഇതു്. സഖ്യമുന്നണിയെയാകെ ഛിന്നഭിന്നമാക്കാൻ കഴിഞ്ഞുവെങ്കിലും സഖ്യപട്ടാളത്തിലൊരു വിടവുണ്ടാക്കി മുന്നോട്ടടിച്ചുകേറുന്നതിൻെറ ഫലം സ്വന്തം അണിയിൽ വിടവുണ്ടാക്കലും സഖ്യപട്ടാളങ്ങളുടെ വായിൽച്ചെന്നുവീഴലുമാണു്. മിന്നൽവേഗത്തിൽ മ്യൂസ്നദീതടംവരെ ഇരച്ചുചെല്ലാമെന്നായിരുന്നു റൺസ്റ്റഡിൻെറ മോഹം. ആദ്യത്തെ ആക്രമണത്തിൽത്തന്നെ, മ്യൂസ്മുതൽ ലീജ്വരേയും ഡിനാൻറ്വരേയുമുള്ള യുദ്ധനിര കൈവശപ്പെടുത്താമെന്നായിരുന്നു റൺസ്റ്റഡും ഹിററ്ലരും ആശിച്ചതു്. ഇതു സാധിച്ചില്ലെങ്കിലോ, ഇതു സാധിച്ചാൽ പിന്നീടോ?—എന്തു വേണമെന്നവർ ഓർത്തിട്ടേയില്ല. മുൻകൂട്ടി തയ്യാറാക്കിയ ഒരു പരിപാടിയനുസരിച്ചുള്ള പ്രത്യാക്രമണമെന്നതിലധികം, എല്ലാം പണയംവെച്ചുകൊണ്ടുള്ള ഒരു മരണക്കളിയാണു് റൺസ്റ്റഡ് നടത്തിയതു്. ജയിച്ചെങ്കിൽ ജയിച്ചു; നശിച്ചെങ്കിൽ നശിച്ചു.

ഉന്നം പിഴച്ചു

ഒന്നാമമേരിക്കൻപടയേയും മൂന്നാമമേരിക്കൻപടയേയും അകററി എഴുപതു നാഴിക നിളത്തിലൊരു വിടവുണ്ടാക്കാൻ റൺസ്റ്റഡിന്നു സാധിച്ചു; അത്രമാത്രം. അമേരിക്കൻപട്ടാളം ആദ്യത്തെ അമ്പരപ്പു വിട്ടതോടുകൂടി ഉറച്ചുനിന്നു. ഐസൻഹോവർ പരിഭ്രമിച്ചില്ല. നാസികളുടെ എതിർപ്പിനെ നിലപ്പിക്കാനുള്ള അടവുകൾ ഐസൻഹോവർ എടുത്തു. ഒററപ്പെട്ട അമേരിക്കൻ പട്ടാളവിഭാഗങ്ങൾതന്നെ, തങ്ങൾ നില്ക്കുന്നേടത്തുനി

ന്നിളകാതെ പൊരുതി. നാസിപ്പട്ടാളങ്ങഠംക്കു മ്യൂസ്നദിയുടെ വക്കത്തെത്താൻ കഴിഞ്ഞില്ല; ലീജ്പട്ടണംപിടിക്കാൻ കഴിഞ്ഞില്ല. അതിൻെറ ലക്ഷ്യങ്ങഠംക്കടുത്തൊന്നുമെത്തുന്നതിന്നുമുമ്പ് അവരുടെ ആക്രമണത്തിൻെറ ഊക്കു തടയപ്പെട്ടു.

തീച്ച്യയായും, സഖ്യപട്ടാളങ്ങഠംക്കു പിൻവാങ്ങേണ്ടിവന്നു. ഏകദേശം 2000 ചതുരശ്രനാഴിക സ്ഥലംതന്നെ ശത്രുക്കഠംക്കു വിട്ടുകൊടുക്കേണ്ടിവന്നു. പക്ഷേ ഇന്ന് ഒന്നും മൂന്നും അമേരിക്കൻപടകഠം വീണ്ടും അടുത്തുകൂടാൻതുടങ്ങിയിരിക്കുന്നു. നാസിപ്പട്ടാളമുണ്ടാക്കിയ വിടവിൻെറ വലിപ്പം ചുരുങ്ങിക്കൊണ്ടുവരുന്നു. ജമ്മനിയുടെയകത്തേയ്ക്കു കടക്കാനുള്ള ഒരു വമ്പിച്ച ആക്രമണം നടത്താൻ തയ്യാറെടുത്തുകൊണ്ടിരുന്ന സഖ്യപട്ടാളങ്ങളുടെ പരിപാടിയെ തല്ക്കാലത്തേയ്ക്കു തടയുകമാത്രമേ റൺസ്റ്റഡിന്ന് ഉദ്ദേശമുണ്ടായിരുന്നുള്ളുവെങ്കിൽ അതു ഫലിച്ചിട്ടുണ്ടെന്നു പറയാം. സഖ്യപട്ടാളങ്ങളുടെ ആയുധസജ്ജീകരണത്തിൽ ഭൂരിഭാഗത്തെ നശിപ്പിക്കുകയോ പിടിച്ചടക്കുകയോ മാത്രമേ റൺസ്റ്റഡിന്ന് ആവശ്യമുണ്ടായിരുന്നുള്ളുവെങ്കിൽ അതും സാധിച്ചുവെന്നു പറയാം.

നേരേമറിച്ച്, സഖ്യപട്ടാളങ്ങളുടെ അണികളെയാകെ ഛിന്നഭിന്നമാക്കി ജമ്മനിയിലേയ്ക്കു പടിഞ്ഞാറുനിന്നുള്ള ആക്രമണത്തെ ഒരു ദീൎഘകാലത്തേയ്ക്കു ദുസ്സാധമാക്കുകയായിരുന്നു റൺസ്റ്റഡിൻെറ ലക്ഷ്യമെങ്കിൽ, അതിൻെറ അരികത്തൊന്നും ഈ പ്രത്യാക്രമണം എത്തുകയുണ്ടായില്ല. അതിന്നുമുമ്പുതന്നെ അതിൻെറ മുന പൊട്ടി ഊക്കു നശിച്ചു.

## ബർമ്മയിലെ പിൻവാങ്ങലിൻെറ പിന്നിൽ

യൂറോപ്പിൽ ജർമ്മനി ചുകപ്പുപട്ടാളത്തിനെതിരായി ഹംഗേറിയൻ തലസ്ഥാനമായ ബുദാപെസ്റ്റ് കൈവിടാതിരിക്കാൻ പഠിച്ച പണി പതിനെട്ടും നോക്കുകയും, പടിഞ്ഞാറൻയൂറോപ്പിൽ സഖ്യസൈന്യങ്ങളെ പിളക്കാൻ പ്രത്യാക്രമണം നടത്തുകയും ചെയ്യുന്ന സമയത്ത്, കിഴക്കു ജപ്പാൻ ബർമ്മയിൽ പിൻവാങ്ങുകയാണ്. തെക്ക്, സഖ്യപട്ടാളങ്ങൾ ബർമ്മയിലെ മൂന്നാമത്തെ തുറമുഖമായ അക്യാബ് പിടിച്ചു. മദ്ധ്യബർമ്മയിൽ പതിന്നാലാംപട്ടാളം മലംകാടുകളിലൂടെ നൂററമ്പതു നാഴിക നടന്ന് ബർമ്മയിലെ പ്രധാനപട്ടണമായ മാൻഡലേയ്ക്ക് 50 നാഴിക അടുത്തെത്തിയിരിക്കുന്നു; മലംപ്രദേശങ്ങളിൽനിന്നു മദ്ധ്യബർമ്മയിലെ സമതലത്തിലേയ്ക്കിറങ്ങിയിരിക്കുന്നു. അപ്പുറത്ത് അമേരിക്കൻ നായകത്വത്തിലുള്ള ചൈനീസ് പട്ടാളം, ചൈനീസ്ബർമ്മാറോഡിലൂടെ ചൈനയുടെ അതിർത്തിയിൽനിന്നിങ്ങോട്ടിറങ്ങിട്ടുള്ള ചൈനീസ് പട്ടാളവുമായി യോജിക്കാൻ മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുന്നു.

ചുരുക്കത്തിൽ, ബർമ്മയിലെങ്ങും സഖ്യപട്ടാളങ്ങൾ അടിച്ചു കയറുകയാണ്. ജാപ്പുപട്ടാളമാണെങ്കിൽ എതിർക്കുകകൂടി ചെയ്യാതെ പിൻവാങ്ങുകയുമാണ്. "ഒരൊററ വെടിപോലും വെയ്ക്കാതെയാണ് ബ്രിട്ടീഷിന്ത്യൻ സൈന്യങ്ങൾ അക്യാബ് ദ്വീപിലിറങ്ങിയതെ"ന്ന് അസോഷ്യേററഡ് പ്രസ്സിൻെറ സൈനികലേഖകൻ റിപ്പോർട്ടുചെയ്യുന്നു. ഇതിൽനിന്നൊന്നു വ്യക്തമാണ്: കഴി

ഞ്ഞൊരുമാസത്തിൽ ചൈനയിൽ 1000 നാഴിക മുന്നോട്ടുനീങ്ങാനും ഫിലിപ്പൈൻദ്വീപുകളിൽ ഒരംഗുലം സ്ഥലംവിടാതെ പൊരുതാനും വേണ്ട കരുത്തുള്ള ജാപ്പപട്ടാളം പിൻവാങ്ങുന്നത് എന്തോ അടവല്ലാതെ മറെറാന്നുമാവാൻ തരമില്ല.

ചൈനയിലേയ്ക്കു നോക്കൂ, നിങ്ങൾക്ക് ഈ പിൻവാങ്ങലിൻെറ രഹസ്യം മനസ്സിലാവും. 1941-ൽ ജപ്പാൻ സഖ്യശക്തികൾക്ക് ഏററവും ബലംകുറഞ്ഞ ഭാഗം നോക്കിയാണാക്രമിച്ചത്—രക്ഷാനിരകളില്ലാത്തതും ഒററപ്പെട്ടുകിടക്കുന്നതുമായ ഫിലിപ്പൈൻ ദ്വീപുകളിൽ; എത്രയോ കുറച്ചുമാത്രം പട്ടാളക്കാരുള്ളതും നാട്ടുകാരുടെ പിൻബലമില്ലാത്തതുമായ മലയയിലും ബർമ്മയിലും. ഇന്ന് ഫിലിപ്പൈൻദ്വീപുകളിലും ബർമ്മയിലും സഖ്യശക്തികൾ പ്രബലമായ പട്ടാളങ്ങളെ സജ്ജീകരിച്ചിട്ടുണ്ട്. നേരെമറിച്ചു ചൈനയാണ് ദുർബ്ബലം; അവിടെ അങ്ങേയററത്തെ അനൈക്യമാണ്. യുദ്ധം എങ്ങിനെയെങ്കിലും അവസാനിപ്പിച്ചാൽ മതിയെന്ന മനോഭാവക്കാർ ചുങ്കിങ്ങ് ഗവർമ്മേണ്ടിൽത്തന്നെയുണ്ട്.

## ചൈനയുണ് മർമ്മസ്ഥാനം

ജപ്പാൻെറ കരസൈന്യത്തിൽ ഭൂരിഭാഗവും ചൈനയിലാണ് കേന്ദ്രീകരിച്ചിട്ടുള്ളത്; ആക്രമണങ്ങളെല്ലാം ചൈനയ്ക്കെതിരായി നടത്തുകയും ചൈനയെ സഖ്യശക്തികളിൽനിന്ന് ഒററപ്പെടുത്തുകയുമാണ് ജപ്പാൻെറ

പ്ലാൻ. കഴിഞ്ഞ ആറുമാസത്തെ ജപ്പാനീസ് യുദ്ധതന്ത്രം ഇതു പ്രത്യക്ഷമായിത്തെളിയിയ്ക്കുന്നുണ്ട്.

ഇതിൽനിന്നൊരു കാര്യം പകൽവെളിച്ചംപോലെ വ്യക്തമാവുന്നു: ജപ്പാനെ അവസാനമായി തോല്പിയ്ക്കണമെങ്കിൽ ചൈനയിൽവെച്ചേ സാധിയ്ക്കുയുള്ളു. അടുത്ത കാലത്തു ചൈനയിൽനിന്നു കിട്ടിക്കൊണ്ടിരിയ്ക്കുന്ന റിപ്പോർട്ടുകളാണെങ്കിൽ, ചൈനയിലെ അഭ്യന്തരസ്ഥിതി മോശമായി വരികയാണെന്നത്രേ കാണിക്കുന്നതു്. 1937-ൽ ചൈനയിലെ കോമിൻടാങ്ങ് പാർട്ടി (ചുങ്കിങ്ങ് ഗവർമ്മേൻറ്)യും കമ്മ്യൂണിസ്റ്റുകാരും തമ്മിലുണ്ടായ ഐക്യം, ജാപ്പാക്രമണത്തെ എതിർത്തു സ്വന്തം മാതൃഭൂമിയെ രക്ഷിയ്ക്കാനുണ്ടായ യോജിപ്പ്, പേരിനു മാത്രമേ ഇപ്പോൾ നിലനില്ക്കുന്നുള്ളു. അടുത്ത കാലത്തു ചൈനയിലെ കമ്മ്യൂണിസ്റ്റ് കേന്ദ്രങ്ങൾകൂടി സന്ദർശിയ്ക്കാനിടയായ ഐ. ഇപ്സ്റ്റൈൻ എന്ന അമേരിയ്ക്കൻ പത്രലേഖകൻ ഇതിനെപ്പററി ചില അമ്പരപ്പിക്കുന്ന വാസ്തവങ്ങൾ വെളിക്കു കൊണ്ടുവന്നിട്ടുണ്ട്:

"കോമിൻടാങ്ങ് പട്ടാളത്തിലെ 50 ഒന്നാന്തരം വിഭാഗങ്ങളെ, ഏഴേമുക്കാൽ ലക്ഷം പട്ടാളക്കാരെ, ജപ്പാൻകാരോടു യുദ്ധംചെയ്യാതെ, കമ്മ്യൂണിസ്റ്റുകാർക്കു സ്വാധീനശക്തിയുള്ള പ്രദേശങ്ങളേയും കമ്മ്യൂണിസ്റ്റ് പട്ടാളങ്ങളേയും നിരോധിക്കുന്നതിനുവേണ്ടി നിർത്തിയിരിയ്ക്കയാണ്................കമ്മ്യൂണിസ്റ്റുകാരുടെ നേതൃത്വത്തിൽ എട്ടാം നംട്ടപട്ടാളവും നാലാം നംട്ടപട്ടാളവുമുൾപ്പെടെ 5,70,000 പട്ടാളക്കാരുണ്ട്; 22 ല

ക്ഷം പൌരസൈന്യമുണ്ട്; അനേകലക്ഷം ജനങ്ങഠം ആയുധമെടുത്തു യുദ്ധംചെയ്യാൻ തയ്യാറായി നില്ക്കുന്നുണ്ട്. ഇവരെയൊന്നും സജീവമായി ജപ്പാന്നെതിരായ യുദ്ധത്തിൽ പങ്കെടുക്കാൻ അനുവദിക്കുന്നില്ല. അതേസമയത്തു ജാപ്പുപട്ടാളത്തിൻെറ ഭൂരിഭാഗത്തേയും എതിക്കുന്നതു് ഈ പട്ടാളക്കാരാണുതാനും."

കമ്മ്യൂണിസ്ററുകാരും കോമിൻടാങ്ങുമായി യോജിച്ചു് ഈ പട്ടാളക്കാരെയെല്ലാം ജപ്പാന്നെതിരായ യുദ്ധത്തിലിറക്കാൻ സാധിയ്ക്കുകയാണെങ്കിൽ ബമ്മാറോഡു തുറന്നു് ഇവക്കുവേണ്ട ആയുധസാമഗ്രികളെ സഖ്യരാജ്യങ്ങളെത്തിച്ചുകൊടുക്കുകയാണെങ്കിൽ, യൂറോപ്യൻയുദ്ധം കഴിഞ്ഞു രണ്ടുകൊല്ലമൊന്നും വേണ്ട ജപ്പാനെ തോല്പിയ്ക്കാൻ, കിഴക്കും ഫാഷിസത്തിന്നറുതിവരുത്തി ലോകത്തിന്നിത്ര നഷ്ടവും കഷ്ടവും വരുത്തിയ ഈ യുദ്ധം അവസാനിപ്പിയ്ക്കാൻ.

## പുതുവത്സരസന്ദേശങ്ങഠം

ഈയൊരു പരിതസ്ഥിതിയിൽ, ജാപ്പുഫാഷിസത്തിനാകട്ടെ, ജമ്മൻനാസികഠംക്കാകട്ടെ ആയിരത്തിത്തൊള്ളായിരത്തി നാല്പത്തഞ്ചാം കൊല്ലം വലിയ ശുഭപ്രതീക്ഷകഠംക്കൊന്നും ഇടം നല്കുന്നില്ല. "ബന്ധുക്കളായിരുന്നവരാലെല്ലാം ഉപേക്ഷിയ്ക്കപ്പെട്ടു്, ശത്രുനിബിഡമായ ഒരു ലോകത്തോടു് ഒററയ്ക്കുനിന്നു പോരാടുന്ന"വരെന്നാണു് ജമ്മൻ ജനതയെ നാസിനേതാവായ ഗീബൽസ് പുതുവത്സരാരംഭത്തിൽ അഭിസംബോധനം ചെയ്തതു്. അവക്കു ഹിററ്ലർ കൊടുക്കുന്ന സന്ദേശമോ, ഇതാ

ണുതാനും: "1944 ആഗസ്റ്റിൽ നമ്മുടെ ശത്രുക്കൾ വിചാരിച്ചു, വിജയം കൈവന്നുകഴിഞ്ഞുവെന്നു്. ജർമ്മനിക്കു വിജയമുണ്ടായില്ലെങ്കിൽ, 1946-ലും യുദ്ധം അവസാനിക്കയില്ല; കാരണം ജർമ്മനി ഒരിക്കലും കീഴടങ്ങുകയില്ല."

ബന്ധുക്കളായവരെല്ലാം ഉപേക്ഷിച്ചിരിയ്ക്കുന്നു; ശത്രുനിബിഡമായ ലോകത്തോടു തനിച്ചാണു് പോരാടുന്നതു്: ഗീബൽസ് പറയുന്നു. ജർമ്മൻ നാസിപ്പട്ടാളം യൂറോപ്പിലെ ഓരോ രാജ്യങ്ങളിലൂടേയും ലോകമേധാവിത്വം കൊയ്യെട്ടുക്കാമെന്ന ആശയോടെ മരണത്തിന്റെ വിഷബീജങ്ങൾ വിതച്ചുകൊണ്ടു ജയഭേരിയടിച്ചു നടക്കുന്ന സമയത്തു കൊള്ളമുതലിലൊരു പങ്കുകിട്ടാൻ പലരും ഹിററ്ലരുടെ ചുററും പററിക്കൂടുകയുണ്ടായി. ഫിൻലണ്ടിലെ മാന്നർഹീം, റുമേനിയയിലെ അൻേറാണസ്കു്, ബൾഗേറിയയിലെ ഫാഷിസ്ററ്കാർ, ഹംഗറിയിലെ ഹോത്തി—ഇന്നവരെല്ലാം നാസികളെ ഉപേക്ഷിച്ചിരിയ്ക്കുന്നു; നാസികളിന്നു ജയിക്കുകയല്ല, തോററു തുന്നംപാടുകയാണു്.

വിജയത്തെപ്പററി യാതൊരു വാഗ്ദാനവും ഹിററ്ലർ ജർമ്മൻജനതയ്ക്കു കൊടുക്കുന്നില്ല. ജർമ്മനി ജയിച്ചില്ലെങ്കിൽ, യുദ്ധം അവസാനിക്കില്ലെന്ന ഒരു സമാധാനം—അതു സമാധാനമാണെങ്കിൽ—മാത്രമേ ഹിററ്ലർക്കു നല്കാനുള്ളു.

യൂറോപ്യൻയുദ്ധം അത്രവേഗമൊന്നും അവസാനിക്കുമെന്നു പ്രതീക്ഷിക്കേണ്ടതില്ലെന്നും, അതിനുശേഷം ചുരുങ്ങിയതു രണ്ടുകൊല്ലം വേണ്ടിവരും ജപ്പാനെ തോല്പി

ക്കാനെന്നും, സഖ്യരാഷ്ട്രങ്ങളിലെ ചില യുദ്ധകാര്യവിദഗ്ദ്ധന്മാർതന്നെ അഭിപ്രായം പറയുമ്പോഠം, ഹിററ്ലറുടെ പുതുവത്സരപ്രസംഗത്തിൻെറ ചുവ അതിലും കലൎന്നതായി സാധാരണജനങ്ങഠംക്ക്, യുദ്ധം വേഗത്തിലവസാനിച്ചുകാണ്മാനാഗ്രഹിയ്ക്കുന്നവൎക്ക്, തോന്നുകയാണെങ്കിൽ അതിലത്ഭുതപ്പെടാനില്ല.

അഞ്ചുകൊല്ലത്തെ യുദ്ധംതന്നെ വേണ്ടത്ര കഷ്ടപ്പാടു ലോകത്തിന്നു വരുത്തിവെച്ചിരിക്കുന്നു. അടുത്തുതന്നെ സഖ്യരാജ്യനായകന്മാർ കൂടിയാലോചിയ്ക്കാൻ പോകുന്നതായി പത്രങ്ങളിൽ കാണാനുണ്ട്. ടെഹ്റാൻപരിപാടി തിരുത്തിയെഴുതാനാവില്ല, ശാന്തസമുദ്രയുദ്ധം രണ്ടുകൊല്ലംകൂടി നീട്ടാനാവില്ല, ടെഹ്റാൻപരിപാടിയനുസരിച്ചുതന്നെ യൂറോപ്യൻയുദ്ധത്തെ അവസാനിപ്പിക്കാനും ഏററവും വേഗത്തിൽ ശാന്തസമുദ്രയുദ്ധത്തെ വിജയസമാപ്തിയിലെത്തിക്കാനും വേണ്ട നടപടികളെപ്പററി ആലോചിച്ചു തീരുമാനിക്കാനായിരിയ്ക്കും അവർ കൂടിക്കാണുകയെന്നു നമുക്കുറപ്പിക്കാം; അതാണ് നാം പ്രതീക്ഷിക്കുന്നതു്, തീർച്ച.

1120 ധനു

## വ്യാഴവട്ടം കഴിഞ്ഞു.

റഷ്യൻസൈന്യത്തിൻെറ ശൈത്യകാലാക്രമണം ആരംഭിച്ചുകഴിഞ്ഞു. നാലാമത്തേതാണ് ഇക്കൊല്ലം നടക്കുന്നതു്. 1941- ശൈത്യകാലത്തു റഷ്യയുടെ തലസ്ഥാ

നനഗരമായ മോസ്കോവിൻെറ തൊട്ടടുത്തുവരെയെത്തിയ ജർമ്മൻപട്ടാളത്തിൻെറ മൂർച്ചയേറിയ വായ്ത്തല മടക്കുവാനായിരുന്നു അത്. അക്കൊല്ലം തണുപ്പുകാലം മോസ്കോപട്ടണത്തിലെ ചൂടും സുഖവും നിറഞ്ഞ കെട്ടിടങ്ങൾക്കകത്ത് കഴിച്ചുകൂട്ടാമെന്ന് ആശിക്കുക മാത്രമല്ല, ഉറപ്പിക്കുകതന്നെ ചെയ്തു പുറപ്പെട്ട ജർമ്മൻസൈനികക്ക് അമളിപററി. മോസ്കോനഗരത്തിൻെറ ചിത്രംമാത്രമേ അവക്കു കാണാൻ കഴിഞ്ഞുള്ളു. ഉടുപ്പും ഊണുമില്ലാതെ, തീയും താവളവുമില്ലാതെ റഷ്യയിലെ മൈതാനപ്പരപ്പുകളിൽ ജർമ്മൻകാക്ക് അക്കൊല്ലം നരകമാണനുഭവപ്പെട്ടതു്.

1942_ൽ ശൈത്യകാലത്ത് സ്റ്റാലിൻഗ്രാഡിൻെറ പടിയ്ക്കലെത്തിയിരുന്നു ജർമ്മൻസൈന്യങ്ങൾ. 'സ്റ്റാലിൻഗ്രാഡ് കീഴടങ്ങി, കീഴടങ്ങിയില്ല' എന്നിങ്ങനെയുള്ള ഉൽക്കണ്ഠാജനകങ്ങളായ ഊഹാപോഹങ്ങൾക്കിടയിൽ മാലോകരാകെ ശ്വാസമടക്കി നില്ക്കുകയായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിൻേറയും ലോകത്തിൻെറതന്നേയും ഭാവി തുലാസ്സിൽ കിടന്നാടി. റഷ്യക്കാർ എങ്ങുനിന്നെന്നില്ലാതെ തിരിച്ചടിച്ചു. റഷ്യൻസൈന്യങ്ങളെയാകെ വളഞ്ഞിട്ടു നാമാവശേഷമാക്കാമെന്നു സംശയലേശമെന്യേ ദുരഭിമാനംകൊണ്ട നാസികൾ വളയപ്പെട്ടു; ലക്ഷക്കണെക്കിനു ജർമ്മൻസൈന്യങ്ങൾ നഷ്ടപ്പെട്ടു. റഷ്യയിലെ സ്റ്റപ്പിമൈതാനങ്ങളിൽ, ഒരൊററ പുൽക്കൊടിപോലുമില്ലാത്ത മഞ്ഞിൻകാടുകളിൽ, നാസികൾ തണുത്തുവിറച്ചു ചത്തു മണ്ണടിഞ്ഞു.

മറെറാരു കൊല്ലംകൂടി കടന്നുപോയി. 1943 അവസാനം, വീണ്ടും ശൈത്യകാലം. റഷ്യക്കാരിപ്പോഠം സ്വന്തം പട്ടണങ്ങളും കെട്ടിടങ്ങളും രക്ഷിക്കാനായി തട്ടത്തുനിന്നു പടവെട്ടുകയല്ല. സ്റ്റാലിൻഗ്രാഡോടുകൂടി ആ നില മാറിയിരിക്കുന്നു. നാസികഠം കയ്യേറി മരുഭൂവാക്കിയ സ്വന്തം മാതൃഭൂമിയെ വീണ്ടെടുക്കാനായി അമാനുഷമായ വീറോടെ മുഃന്നാട്ട് കേറുകയാണ്. കാർഖോവ്, കീവ്—ഉക്രേനിലെ മനോഹരനഗരങ്ങഠം വീണ്ടെടുക്കാനാണ് സമരം. ജർമ്മൻകാർ സ്വന്തം ജീവനെ രക്ഷിക്കാനായി പിന്നോക്കം നോക്കാതെ പാഞ്ഞു. വഴുതുന്ന മഞ്ഞിൻകട്ടകളിലൂടെ, ആയുധസാമഗ്രികളെല്ലാമുപേക്ഷിച്ചു മരവിച്ചും വെടിയേററും മരിച്ചുവീഴുന്ന തങ്ങളുടെ ചങ്ങാതികളെ തിരിഞ്ഞുനോക്കുകപോലും ചെയ്യാതെ, അവരോടി.

ഇപ്പോഴിതാ, റഷ്യാജർമ്മൻയുദ്ധത്തിൻെറ നാലാമത്തെ തണുപ്പുകാലമായി. റഷ്യൻപട്ടാളമിത്തവണ റഷ്യയ്ക്കകത്തല്ല പോരാടുന്നത്. സോവിയററു മണ്ണിൽനിന്നു ഫാഷിസ്ററുപട്ടാളക്കാരെയാകമാനം പുറത്താക്കിക്കഴിഞ്ഞു. പോളണ്ടിലെ തലസ്ഥാനനഗരിയുടെ ഗോപുരദ്വാരത്തിലാണ്, കിഴക്കൻപ്രഷ്യയുടെ അതിരുകളിലാണ്, ചെക്കോസ്ലോവാക്യയുടെ പ്രാന്തത്തിലുള്ള കാർപേത്ത്യൻപർവ്വതതടത്തിലാണ്, ഹംഗറിയുടെ തലസ്ഥാനമായ ബുഡാപെസ്റ്റിൻെറ ചുററുമാണ് ഇത്തവണ റഷ്യക്കാർ തണുപ്പുകാലത്തു നിലകൊണ്ടിരുന്നത്.

ചരിത്രത്തിലേററവും വലുത്.

ജർമ്മനാക്രമണത്തെ തടുക്കുകയല്ല, നാസികാം കീഴടക്കിയ റഷ്യൻപ്രദേശങ്ങളെ വീണ്ടെടുക്കുകയല്ല, ഫാഷിസ്ററുകാട്ടാളഭരണത്തിൻെറ ചവിട്ടടിക്കീഴിൽനിന്നു യൂറോപ്പിനേയും തദ്വാരാ ലോകത്തേയും ശാശ്വതമായി മോചിപ്പിക്കുകയാണ് ഇക്കൊല്ലം ചുകപ്പുപടയുടെ ആക്രമണലക്ഷ്യം. ബർലിൻെറ നേക്കാണ് പോക്ക്. ഇരുപതു ദിവസത്തെ യുദ്ധത്തിൻെറ ഫലമായി ആ നഗരം ദൃഷ്ടിഗോചരമായിക്കഴിഞ്ഞു. ബർലിൻനിവാസികാം ചുകപ്പുപീരങ്കികളുടെ രുഷ്ടഗജ്ജനം കേട്ടുതുടങ്ങി. ഈ മാസിക വായനക്കാരുടെ കയ്യിലെത്തുന്നതിന്നുമുമ്പ് ചുകപ്പു സൈനികരുടെ ദൃഢമായ കാൽവെപ്പുകാം ബർലിൻവീഥികളിൽ മാറെറാലിക്കൊള്ളുന്നുണ്ടാവും.

“യുദ്ധങ്ങളുടെ ചരിത്രത്തിൽ ഇപ്പോഴത്തെ റഷ്യനാക്രമണത്തിന്നു സമാനമായിട്ടൊന്നുമില്ല. ജർമ്മൻകാരുടെ സൈനികശക്തി കത്തിനില്ക്കുന്ന കാലത്തുപോലും അവർ ഇതുപോലൊരു ആക്രമണത്തിന്നു ശ്രമിച്ചിട്ടില്ല.” ലണ്ടനിലെ ‘ഡെയിലിമെയിൽ’ പത്രത്തിൻെറ സൈനികലേഖകൻ അഭിപ്രായപ്പെടുന്നു. ഇതിലതിശയോക്തിസ്പശമില്ല. റഷ്യനാക്രമണത്തിൻെറ സൈനികവശം നോക്കുമ്പോഠം ഇതു വ്യക്തമാവും.

അഞ്ചു മുന്നണികളിലായി അഞ്ചു പട്ടാളങ്ങളാണ് റഷ്യയുടെ ഈ അവസാനയുദ്ധത്തിൽ പങ്കെടുക്കുന്നത്:

(1) മൂന്നാം വൈററ് റഷ്യൻയുദ്ധമുന്നണി. മുപ്പത്തേഴു വയസ്സുമാത്രം പ്രായമായ ജനറൽ ചെർണ്ണ്യാക്കോവ്സ്കി

യുടെ നേതൃത്വത്തിൽ 15 പട്ടാളവിഭാഗങ്ങൾ കിഴക്കൻ പ്രഷ്യയുടെ വടക്കുകിഴക്കനതിർത്തികളിൽനിന്നു പുറപ്പെട്ടു. ജനുവരി 16-ാംതിയ്യതിയായിരുന്നു അതു്. കിഴക്കൻപ്രഷ്യയുടെ തലസ്ഥാനമായ കോണീഗ്സ്ബർഗ്ഗാണു് ലക്ഷ്യം. 15 ദിവസംകൊണ്ടു് 100 നാഴിക മുന്നോട്ടു കേറി. കോണിഗ്സ്ബർഗ്ഗിന്റെ ചുററിലുമാണിന്നു് (ഫെബ്രുവരി 6-ാംനു) യുദ്ധം നടക്കുന്നതു്.

(2) രണ്ടാം വൈററ്റഷ്യൻമുന്നണി. മാർഷൽ റൊക്കോസ്സോവ്സ്കി 21 പട്ടാളവിഭാഗങ്ങളോടുകൂടി ജാനുവരി 14-ാംനു മദ്ധ്യപോളണ്ടിലുള്ള നാര്യൂനദിയുടെ വക്കത്തുനിന്നു പുറപ്പെട്ടു. 17 ദിവസംകൊണ്ടു 125 നാഴിക മുന്നോട്ടു കയറി ബാൾട്ടിക്ക് കടൽതീരത്തെത്തിയിരിക്കുന്നു. ബാൾട്ടിക്കിലെ പ്രധാനജർമ്മൻനാവികകേന്ദ്രമായ ഡാൻസിഗ്പട്ടണമാണു് ലക്ഷ്യം. റൊക്കോസ്സോവ്സ്കി ഡാൻസിഗിന്റെ ഏഴു നാഴിക അടുത്തെത്തിയിട്ടുണ്ടു്.

ചെർണ്യാക്കോവ്സ്കിയുടെ പട്ടാളങ്ങളുടെ ഇടത്തെ അററം മദ്ധ്യകിഴക്കൻപ്രഷ്യയിൽ റൊക്കോസ്സോവ്സ്കിയുടെ പട്ടാളവുമായി ബന്ധപ്പെട്ടിരിക്കുന്നു.

(3) ഒന്നാംവൈററ്റഷ്യൻമുന്നണി. മാർഷൽസൂക്കോവിന്റെ നായകത്വത്തിൽ മുപ്പത്തൊമ്പതു പട്ടാളവിഭാഗങ്ങൾ പോളണ്ടിന്റെ തലസ്ഥാനമായ വാർസാപട്ടണത്തിന്റെ തെക്കും വടക്കും നിന്നാക്രമണം തുടങ്ങി. ആദ്യത്തെ ആഴ്ചയിൽ വാർസ; പിന്നത്തെ ആഴ്ചയിൽ പോസ്നാൻ; മൂന്നാമത്തെ ആഴ്ചയിൽ ജർമ്മനിക്കകത്തു്. ജാനു

വരി 12-ാംനു പുറപ്പെട്ടു. 21 ദിവസംകൊണ്ടു് 325 നാഴിക. ബർലിൻപട്ടണത്തിൻെറ 25 നാഴിക അടുത്തെത്തിയിരിക്കുന്നു. ബർലിനിലേയ്ക്കു പ്രവേശിക്കുന്നതിനുള്ള ഒടുക്കത്തെ തടസ്ഥമായ ഓർഡർനദിയുടെ വക്കത്തു് ഫ്രാൻക്ഫർട്, സ്റ്റേററിൻ എന്നീ പട്ടണങ്ങൾക്കും അവയുടെ മദ്ധ്യത്തിലുള്ള നദീതിരത്തിന്നുംവേണ്ടി പൊരുതിക്കൊണ്ടിരിക്കുന്നു.

മാഷ്ൽ റൊക്കോസ്സോവ്സ്കിയുടേയും മാഷ്ൽ സൂക്കോവിൻേറയും പട്ടാളങ്ങൾ വടക്കൻപോളണ്ടിൽ യോജിച്ചിട്ടുണ്ടു്.

(4) ഒന്നാം ഉക്രേനിയൻമുന്നണി. മാഷ്ൽ കൊണീവ് നയിക്കുന്നു. ജനുവരി 11-ാംതിയ്യതി ആക്രമണം ആരംഭിച്ചതു് ഒന്നാമതായിട്ടു മാഷ്ൽ കോണീവാണ്. 48 പട്ടാളവിഭാഗങ്ങൾ. 20 ദിവസത്തിനകം 240 നാഴിക മുന്നോട്ടു കയറി.

മാഷ്ൽ സൂക്കോവിൻെറ പട്ടാളം കോണീവിൻെറ സൈന്യവുമായി ബന്ധം സ്ഥാപിച്ചുകഴിഞ്ഞു.

(5) നാലാം ഉക്രേനിയൻമുന്നണി. ജനുവരി 15-ാംനു ആക്രമണം തുടങ്ങി. പോളണ്ടിൻേറയും ചെക്കോസ്ലോവാക്ക്യയുടേയും അതിർത്തിയിലുള്ള കാർപേത്ത്യൻപർവ്വതങ്ങളിൽനിന്നും സ്ലോവാക്ക്യയിൽനിന്നുതന്നേയും ജർമ്മൻകാരെ തുരത്തുകയാണ് ലക്ഷ്യം. പതിനാറു ദിവസംകൊണ്ടു് 115 നാഴിക മുന്നോട്ടു നീങ്ങി; കാർപേത്ത്യൻമലകൾക്കു തെക്കുള്ള പോളണ്ടാകേയും സ്ലോവാക്ക്യയുടെ പകുതിഭാഗവും മോചിപ്പിച്ചു.

നട്ടെല്ലൊടിഞ്ഞു.

ഈ അഞ്ചു റഷ്യൻപട്ടാളങ്ങളുടെ നടുക്കു നായകനും നിയാമകനുമായി നില്ക്കുന്നതു് മാഷ്വൽ സൂക്കോവാണ്. നേരിട്ടു ബർലിനിലേയ്ക്കുള്ള മാർഗ്ഗത്തിലൂടെയാണ് അദ്ദേഹത്തിൻെറ ടാങ്കുപട്ടാളം ത്വരിതഗമനം ചെയ്യുന്നതു്. നാലു കൊല്ലംമുമ്പ് മോസ്കോനഗരത്തിന്നടുത്തെത്താതെ ജർമ്മൻകാരെ തടുത്തുനിർത്തുകയും, സ്റ്റാലിൻഗ്രാഡിൽവെച്ചു നാസിപട്ടാളമേധാവിത്വത്തിൻെറ ലോകഭരണസ്വപ്നങ്ങളെ തകർത്തുകളകയും; കഴിഞ്ഞ കൊല്ലം റഷ്യയിൽനിന്നു ജർമ്മൻസൈന്യങ്ങളെ ആട്ടിയോടിക്കുന്നതിൽ മുൻനില്ക്കുകയും ചെയ്ത മാഷ്വൽ സൂക്കോവ്, ചുകപ്പുപട്ടാളത്തിൻെറയാകെ ഉപനായകൻ, ശീതകാലാക്രമണവിദഗ്ദ്ധൻ, ഇക്കൊല്ലം സ്റ്റാലിൻഗ്രാഡിൽനിന്നു 1500 നാഴിക യാത്രചെയ്തു ജർമ്മനിയുടെ പടിവാതില്ക്കൽ മുട്ടിക്കൊണ്ടിരിക്കുന്നു.

ഈ അഞ്ചു പട്ടാളവിഭാഗങ്ങളും പരസ്പരം ഒന്നുചേൎന്നു് ഒരൊററയണിയായി കഴിഞ്ഞു: ബാൾട്ടിക്കു തീരംതൊട്ടു കാർപേത്യൻവരെ 250 നാഴിക. യുദ്ധവാർത്തകളടങ്ങുന്ന സിനിമാപടങ്ങൾ കണ്ടിട്ടുള്ള വായനക്കാർ ടാങ്കുകളുടെ മുമ്പിൽ യാതൊന്നും വഴിമുടക്കുകയില്ലെന്നു ശ്രദ്ധിച്ചിട്ടുണ്ടായിരിക്കും. മരങ്ങളായാലും മലകളായാലും പുഴകളായാലും, അവയെയെല്ലാം കൂസാതെ മുന്നോട്ടു പോകുന്ന ടാങ്കുപോലെയാണിന്നു് 250 നാഴിക നീളത്തിലുള്ള റഷ്യൻസൈന്യം. "മാർഗ്ഗതടസ്ഥംചെയ്യുന്ന എന്തിനേയും തകർത്തു തരിപ്പണമാക്കിക്കൊണ്ടു പു

രോഗമിക്കുന്ന ഒരു കരിങ്കന്മതിലെ”ന്നു റഷ്യൻസൈന്യ ത്തിൻെറ ഗതിയെപ്പററി ഒരു ലേഖകൻ അഭിപ്രായപ്പെട്ടതു തികച്ചും ശരിയത്രേ.

ഇരുപതു ദിവസംകൊണ്ടു് ഈ റഷ്യനാക്രമണം ജമ്മൻസൈന്യത്തിൻെറ നട്ടെല്ലൊടിച്ചിരിക്കുന്നു. ജമ്മനിയെ അവസാനപരാജയത്തിൻെറ വക്കത്തെത്തിക്കുന്ന മൂന്നു വമ്പിച്ച നേട്ടങ്ങൾ ഇതുകൊണ്ടുണ്ടായിട്ടുണ്ടു്.

ഒന്നാമതു്, റഷ്യൻരംഗത്തു തുടച്ചയായ ഒരു ജമ്മൻ പട്ടാളമുന്നണിയില്ലാതായിരിക്കുന്നു. റഷ്യൻരംഗത്തിലെ ജമ്മൻപട്ടാളസ്ഥിതിയെപ്പററി ഒരു ജമ്മൻലേഖകൻ പറയുന്നതിങ്ങനെയാണു്:

“കിഴക്കൻരംഗത്തു തുടച്ചയായ ഒരു പട്ടാളമുന്നണിയില്ല. അന്യോന്യബന്ധം മുറിഞ്ഞിരിക്കുന്നു. ഒററപ്പെട്ട പട്ടാളവിഭാഗങ്ങൾ, റഷ്യൻമുന്നണികൾക്കു് എത്രയോ പിന്നിൽ, ജമ്മൻപട്ടാളനായകത്വത്തിൽത്തന്നെ ഉറച്ചുനിന്നു പോരാടുന്നുണ്ടു്.” റഷ്യൻസൈന്യങ്ങളുടെ അപ്രതിക്ഷിതമായ ഗതിവേഗം കാരണം, തടുത്തുനില്ക്കാനോ മുൻകൂട്ടിയാലോചിച്ചു് അണി മുറിയാതെ പിൻവാങ്ങാനോ പുതിയ രക്ഷാനിരകളേപ്പെടുത്താനോ ജമ്മൻകാക്കു കഴിഞ്ഞില്ല. രണ്ടര ലക്ഷം പട്ടാളങ്ങൾ കിഴക്കൻപ്രഷ്യയിൽ പുറത്തേയ്ക്കു കടക്കാൻ മാഗ്ഗമില്ലാതെ കുടുങ്ങിപ്പോയി. 3¾ ലക്ഷം പട്ടാളക്കാരും 3000ത്തോളം വിമാനങ്ങളും 600ഓളം ടാങ്കുകളും ആദ്യത്തെ രണ്ടാഴ്ചകൊണ്ടുതന്നെ നഷ്ടപ്പെട്ടു.

## പ്രകൃതിയുടെ പ്രതിബന്ധങ്ങാം നിസ്സാരം

മദ്ധ്യപോളണ്ടിലൂടെ ഡാൻസിഗ് തുറമുഖംവരെ ഒഴുകി കടലിൽച്ചെന്നുചേരുന്ന വിസ്തൃലനദീതീരത്താണ് ഒരു മാസംമുമ്പു ജമ്മൻപട്ടാളമുണ്ടായിരുന്നത്. ചുകപ്പുപടയുടെ വേനൽക്കാലാക്രമണത്തെ ജമ്മൻസൈന്യം ഈ നദിയുടെ വക്കത്തു കോട്ടകൊത്തളങ്ങാംകെട്ടി തടഞ്ഞുനിത്തി. അവയെ ഭേദിച്ചു മുന്നോട്ടു കയറിയ റഷ്യൻപട്ടാളത്തെ ജമ്മനിക്കകത്തു ബർലിൻനഗരത്തിന്നു മുപ്പത്തഞ്ചു നാഴിക കിഴക്കായി പോകുന്ന ഓഡർനദീതീരത്തിൽ തടയാമെന്ന ജമ്മൻകാരുടെ ആശ ഒരു വ്യാമോഹംമാത്രമായി കലാശിച്ചിട്ടുണ്ട്. മാഷൽ സൂക്കോവിൻേറയും മാഷൽ കോണീവിൻേറയും സൈന്യങ്ങാം ഓഡർനദിയുടെ വക്കത്തെത്തിക്കഴിഞ്ഞു. ജമ്മൻകാക്കിനിയും തങ്ങളുടെ അണി കൂട്ടാൻ സാധിച്ചിട്ടില്ല.

രണ്ടാമത്, ജമ്മനിക്കു കിഴക്കൻപ്രഷ്യ നഷ്ടപ്പെട്ടു. ജമ്മൻസാമ്രാജ്യത്വത്തിൻെറ കളിത്തൊട്ടിലും യൂറോപ്പിലേയ്ക്കുള്ള ജമ്മനാക്രമണത്തിൻെറ കേന്ദ്രവുമായിരുന്നു കിഴക്കൻപ്രഷ്യ. യൂറോപ്പിലെ ഏതു പുരോഗമനപ്രസ്ഥാനത്തേയും കാലാന്തരംമുതല്ക്കേ എതിത്തുപോന്നിട്ടുള്ള ജമ്മൻനാട്ടുവാഴിപ്രഭുക്കന്മാരുടെ ജന്മദേശമായ കിഴക്കൻപ്രഷ്യയിലെ അസംഖ്യം ചെറുതടാകങ്ങളെ കോട്ടകാം കെട്ടിയുറപ്പിച്ചു വടക്കുനിന്നു ജമ്മനിയിലേയ്ക്കു കടക്കാനുള്ള ഏതുദ്യമത്തേയും നിഷ്ഫലമാക്കാമെന്ന ഹിററ്ലരുടെ പ്ലാനുകളെല്ലാം ഇതോടുകൂടി വെറും അക്കരപ്പച്ചകളായിത്തീന്നു.

മൂന്നാമത്ത്, ജർമ്മനിയിലെ രണ്ടാമത്തെ പ്രധാനവ്യവസായകേന്ദ്രമായ (ഒന്നാമത്തേത്ത് പടിഞ്ഞാറുള്ള റുർ പ്രദേശമാണ്) സൈലേഷ്യ—ഇതിൻെറ തലസ്ഥാനമായ ബ്രസ്ലോനഗരത്തിന്നു സമീപമാണ് ഇന്നു മാഷൽ കോണീവ് യുദ്ധംചെയ്യുന്നത്—ചുകപ്പുപടയുടെ കൈവശമായിരിക്കുന്നു. ജർമ്മനിയിലെ പെട്രോളിൻെറ പത്തുശതമാനവും കല്ക്കരിയുടെ 25-30 ശതമാനവും ഇവിടെയാണുണ്ടാവുന്നത്. "ജർമ്മനിയുടെ ആയുധനിർമ്മാണവ്യവസായത്തിന്നു കിട്ടിയ പ്രഹരം തീർക്കാൻ വയ്യാത്തതാണെ"ന്നു മോസ്കോ റേഡിയോവക്താവു പറകയുണ്ടായി.

ജർമ്മനിയിലാകമാനം, നാസിനേതാക്കന്മാരുൾപ്പെടെ, പരിഭ്രമവും ഇതികർത്തവ്യതാമൂഢതയും പരന്നിരിക്കുന്നു. ബർലിൻപട്ടണം ഉപേക്ഷിക്കേണ്ടിവരുമെന്നു നാസികൾ സൂചിപ്പിക്കാൻ തുടങ്ങീട്ടുണ്ട്. പട്ടാളത്തിൻെറ നായകന്മാർ ഇനി യുദ്ധം ചെയ്തിട്ടാവശ്യമില്ലെന്നും യുദ്ധത്തിൻെറ ഇനിയത്തെ ഗതിക്കു തങ്ങളുത്തരവാദികളാകയില്ലെന്നും ഹിററ്ലരോട് പറഞ്ഞതായി സ്വീഡിഷ്പത്രങ്ങൾ റിപ്പോർട്ടു ചെയ്യുന്നു. ഹിററ്ലർ പട്ടാളനേതാക്കന്മാരുടെ ഉപദേശം സ്വീകരിച്ചില്ലപോലും. ബർലിൻ വിട്ടുകൊടുക്കേണ്ടിവന്നാലും പടിഞ്ഞാറൻജർമ്മനിയിലെ ഡ്രെസ്ഡൻമലകളിലേയ്ക്ക് പിൻമാറി യുദ്ധം തുടരണമെന്നാണ് അയാളുടെ കല്പന.

## വാസ്തവങ്ങൾക്കെതിരായി വാക്കുകൾ

ഈ സന്ദർഭത്തിൽ ജാനുവരി 24-ാംനു- ഹിററ്ലർ ഒരു പ്രസംഗം ചെയ്യുകയുണ്ടായി. താൻ ജർമ്മനിയിൽ ഭര

ണാധികാരപദമേറിയിട്ടു പന്ത്രണ്ടു കൊല്ലം തികയുന്ന ദിവസമായിരുന്നു അതു്. യൂറോപ്പിനെ ബാധിച്ചിരിക്കുന്ന 'ബോൾഷെവിസരോഗ'ത്തിന്റെ നാശകാരിതകളെപ്പററിയാണയാൾ വിസ്തരിച്ചതു്. ബ്രിട്ടനും അമേരിക്കയും അതിനെ പ്രോത്സാഹിപ്പിക്കുന്നതിലാണയാൾക്കു വ്യസനം.

സഖ്യപക്ഷത്തുനിന്നു രക്ഷകിട്ടുമെന്നു കരുതി കീഴടങ്ങിയ ചെറുരാജ്യങ്ങളുടെ ദുര്യോഗത്തെപ്പററി ഹിററ്ലർ അത്യന്തം ദുഃഖിച്ചു. എങ്ങിനെയായാലും ജർമ്മനി കീഴടങ്ങുകയില്ലെന്നു ഹിററ്ലർ പ്രഖ്യാപിച്ചു. ഏഷ്യക്കാരുടെ ആക്രമണങ്ങൾക്കെതിരായി യൂറോപ്പിനെ രക്ഷിച്ചു പോന്നിട്ടുള്ള ജർമ്മനി അവസാനം ജയിക്കാതിരിക്കയില്ലെന്നും, ജർമ്മൻകാർ, സ്ത്രീകളും പുരുഷന്മാരും കുട്ടികളും, ഏതു ത്യാഗവും സഹിക്കാൻ ഒരുങ്ങണമെന്നും അയാൾ പ്രവചിച്ചു.

കഴിഞ്ഞ പന്ത്രണ്ടു കൊല്ലമായി ഹിററ്ലർ ജർമ്മൻ ജനതയേയും ലോകത്തേയും കബളിപ്പിക്കാനായി പറയാറുള്ളതാണിവയെല്ലാം. ഏഴെട്ടുകൊല്ലം ചിലരതു വിശ്വസിച്ചു; പലരും ഹിററ്ലരെ പുകഴ്ത്തി. അടിച്ചമർക്കപ്പെട്ട ജനാധിപത്യസ്ഥാപനങ്ങൾ, തൂക്കിലേററപ്പെട്ട ജനനേതാക്കന്മാർ, നിഷ്കാസനം ചെയ്യപ്പെട്ട ലോകോത്തരവൈജ്ഞാനികർ, കൊള്ളിവെച്ചുകരിച്ച സംസ്കാരഭണ്ഡാഗാരങ്ങൾ, അഞ്ചുകൊല്ലത്തെ യാതനാപൂർണ്ണമായ യുദ്ധം, സാധാരണജനങ്ങളെ തീവെച്ചുകൊല്ലാൻ യൂറോപ്പിലെങ്ങും കെട്ടിപ്പൊക്കിയ ലക്ഷോപലക്ഷം അരക്കില്ലങ്ങൾ—

ഇതാണ് ആ വിശ്വാസത്തിൽനിന്നും വാഴ്ത്തലിൽനിന്നും ലോകത്തിന്നു കിട്ടിയത്.

കണ്ണടച്ചിരുട്ടാക്കിയിരുന്ന ആ കാലം കഴിഞ്ഞുപോയി. ഒരു വ്യാഴവട്ടത്തിലധികം ഭ്രമിയ്ക്കുന്നൊരു ധൂമകേതുവായി നിലകൊള്ളാൻ ഹിററ്ലർക്ക് അവകാശമില്ല. ഇന്നു സഖ്യപക്ഷവിമാനങ്ങൾ ജർമ്മൻനഗരങ്ങളുടെ മേൽ നിരന്തരം ബോംബുവർഷം ചെയ്യുമ്പോൾ, സഖ്യപട്ടാളങ്ങൾ പടിഞ്ഞാറ് സിഗ്ഫ്രീഡുനിര തകർത്തുകൊണ്ടിരിക്കുമ്പോൾ, ചുകപ്പുപട്ടാളത്തിന്റെ പീരങ്കികൾ ബർലിനിൽ കേട്ടുതുടങ്ങിയിരിയ്ക്കെ, വാക്കുകളെക്കൊണ്ടുള്ള ഈ വഞ്ചനയ്ക്കു വാസ്തവങ്ങളെ മറയ്ക്കാനാകട്ടെ മാററാനാകട്ടെ സാദ്ധ്യമല്ലെന്നു ജർമ്മൻജനത സ്വയം മനസ്സിലാക്കിക്കൊണ്ടിരിക്കുന്നു.

യൂറോപ്പിലെ വ്യവസായശാലകളാകെയും പട്ടാളശക്തി മുഴുവനും കൈവശമുള്ള സമയത്ത് റഷ്യയ്ക്കെതിരായിമാത്രം ഹിററ്ലർക്ക് സാധിക്കാനാവാത്തത്, ഒററയ്ക്ക് സഖ്യശക്തികൾക്കെല്ലാമെതിരായി സാധിക്കുമെന്നു മേനി പറയുന്നത് ഒന്നുകിൽ വഞ്ചനയാണ്, അല്ലെങ്കിൽ ചിത്തഭ്രമമാണ്; കഴിഞ്ഞ നാലുകൊല്ലത്തെ അവിസ്മരണീയമായ തിക്താനുഭവങ്ങളുള്ള ഹിററ്ലരുടെ അജ്ഞതയാവാൻ നിവൃത്തിയില്ല.

1120 മകരം.

# ധന്യവാദം മുഴക്കുക

ഇക്കഴിഞ്ഞ ഫെബ്രു്വരി 23-ാംനു റഷ്യയിലെ ചുകപ്പുപട്ടാളത്തിൻെറ ഇരുപത്തേഴാമത്തെ ജന്മദിനമായിരുന്നു. ചുകപ്പുപട്ടാളം—ലോകത്തിലെങ്ങും ഇന്നു് അതൊരു മായികപദമാണു്. മറെറാരു പട്ടാളത്തിന്നും ഇതേവരെ സാധിക്കാത്ത ധീരകൃത്യങ്ങളാണു് അതു് ഇന്നു യൂറോപ്പിൽ ചെയ്യുന്നതു്. അജയ്യമെന്നു് ഏവരും വിശ്വസിച്ചിരുന്ന നാസിപ്പട്ടാളത്തെ, ഒന്നരക്കൊല്ലം തടുത്തുനിർത്തിയും പിൻവാങ്ങിയും യുദ്ധംചെയ്തതിന്നുശേഷം, വന്നവഴിക്കു തിരിച്ചോടിക്കാനും നിന്നെതിർത്തേടത്തെല്ലാം വളഞ്ഞിട്ടു മുടിക്കാനും ചുകപ്പുപട്ടാളത്തിന്നുമാത്രമേ കഴിഞ്ഞുള്ളു. ഇക്കൊല്ലത്തെ ചുകപ്പുപട്ടാളത്തിൻെറ ജന്മദിനത്തിൽ സർവ്വസൈന്യാധിപനായ മാർഷൽ സ്റ്റാലിൻ പുറപ്പെടുവിച്ച പട്ടാളകല്പനയിൽ പറകയുണ്ടായി:

"ഒരുനൂറിൽപ്പരം കൊല്ലമായിട്ടു് ഒരൊററ ശത്രുപ്പടയാളിയും ജർമ്മനിയിൽ കാലുകുത്തിയിട്ടില്ല. ജർമ്മൻ സൈന്യം മററു രാജ്യങ്ങളിൽ ചെന്നു പോരാടുകയേ ചെയ്തിട്ടുള്ളു, പോരാടുകയുമുള്ളു. ഇതായിരുന്നു ഹിററ്ലരുടേയും കൂട്ടുകാരുടേയും ഡംഭു്; എന്നാലിപ്പോൾ ഈ വീമ്പിന്നു് ഒരു പൂർണ്ണവിരാമമിട്ടിരിക്കുന്നു."

## കണക്കുകൾ സംസാരിക്കുന്നു

ഈ ജാനുവരിയിൽ തുടങ്ങിയ അന്യാദൃശമായ ശൈത്യകാലാക്രമണത്തിൽ ചുകപ്പുപടയ്ക്കുണ്ടായ നേട്ടങ്ങളുടെ

അടിസ്ഥാനത്തിലാണ് മാർഷൽ സ്റ്റാലിൻ ഇതവകാശപ്പെടുന്നത്. സ്റ്റാലിൻ കണക്കുകളെടുത്തുദ്ധരിക്കുന്നു:

"1945 ജാനുവരി ഫെബ്രുവരികൂടി 40 ദിവസത്തിന്നകം ഈ മുന്നേററത്തിന്നിടയ്ക്ക് നമ്മുടെ പട്ടാളങ്ങൾ 300 പട്ടണങ്ങളിൽനിന്നു ജർമ്മൻകാരെ പുറത്താക്കി; ടാങ്കുകൾ, വിമാനങ്ങൾ, വെടിക്കോപ്പുകൾ മുതലായവയുണ്ടാക്കുന്ന 100 യുദ്ധവ്യവസായകേന്ദ്രങ്ങൾ കരസ്ഥമാക്കി; 2,400 റെയിൽവെഃസ്റ്റേഷനുകൾ പിടിച്ചു; 9,000 നാഴിക നീളമുള്ള റെയിൽവേയും കൈക്കലാക്കി. ഈ കുറിയ കാലത്തിന്നകം ജർമ്മനിക്കുണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ: 3½ലക്ഷം പട്ടാളമുദ്യോഗസ്ഥന്മാരും പടയാളികളും തടവുകാരായി പിടിക്കപ്പെട്ടു; 8 ലക്ഷത്തിൽ കുറയാത്ത ജർമ്മൻകാർ കൊല്ലപ്പെടുകയും ചെയ്തു." തടവുകാരാക്കിപ്പിടിച്ച ജർമ്മൻകാരുടെ എണ്ണത്തിലിരട്ടി കൊല്ലപ്പെട്ടിട്ടുണ്ടെന്നത് സോവിയററുമുന്നേററത്തിൻെറ ഊക്കിന്നും ഉഗ്രതയ്ക്കും തെളിവാണ്. കണക്കുകളുടെ പട്ടിക ഇനിയും അവസാനിച്ചില്ല:

"ഇതേ കാലത്തിന്നുള്ളിൽ 3000 ജർമ്മൻവിമാനങ്ങൾ, 4500 ടാങ്കുകളും തന്നത്താൻ പൊട്ടുന്ന പീരങ്കികളും, 12000ൽപ്പരം തോക്കുകൾ—ഇവയെല്ലാം ചുകപ്പുപട്ടാളം കൈക്കലാക്കുകയോ നശിപ്പിക്കുകയോ ചെയ്തിട്ടുണ്ട്."

ജർമ്മൻപട്ടാളത്തെ മുഴുവനും നശിപ്പിച്ചുകൊണ്ടല്ല, ഓരോ സ്ഥലത്തും വളഞ്ഞിട്ടുകൊണ്ടാണ് ചുകപ്പുപട്ടാളം മുന്നോട്ടു പോകുന്നതെന്നുകൂടി നാം ഓക്കണം. ലാ

തപിയയിലും കിഴക്കൻപ്രഷ്യയിലും പോളണ്ടിലും ഇങ്ങ നെത്തെ എത്രയോ 'ജമ്മൻപട്ടാളക്കീശകറം' കീഴടങ്ങാ തെ കിടപ്പുണ്ട്. അവയെ അവസാനമായി നശിപ്പിക്കു ന്നസമയത്ത് ഈ കണക്കുകറംതന്നെ ഇതിലുമെത്രയോ വലുതാകുമെന്നു തീച്ച്യയാണ്.

ചുകപ്പുപട്ടാളം ഇത്രമാത്രമല്ല ചെയ്തിട്ടുള്ളു. മാർ ഷൽ സ്റ്റാലിൻെറ പട്ടാളക്കല്പനതന്നെ സംസാരിക്കട്ടെ:

"ബൽജിയവും ആൽസേസും പിടിക്കാനുദ്ദേശിച്ചു കൊണ്ടുള്ള ജമ്മൻമഞ്ഞുകാലമുന്നേററത്തെ നമ്മുടെ മ ഞ്ഞുകാലാക്രമണം തടഞ്ഞുവെന്നതാണ് ചുകപ്പുപടയുടെ വിജയത്തിൻെറ ഒന്നാമത്തെ ഫലം; മാത്രമല്ല, ജമ്മൻ കാക്കെതിരായി നമ്മുടെ സഖ്യശക്തികറംക്കൊരു ആക്ര മണം ആരംഭിക്കാനും അവരുടെ പടിഞ്ഞാറനാക്രമണ ത്തെ നമ്മുടെ കിഴക്കൻമുന്നേററവുമായി കൂട്ടിയിണക്കാ നും ഇതുകൊണ്ടു കഴിഞ്ഞിരിക്കുന്നു."

## പടിഞ്ഞാറൻരംഗം വീണ്ടും സജീവം

ബ്രിട്ടീഷമേരിക്കൻപട്ടാളങ്ങറംക്കെതിരായി ജമ്മൻ കാർ വമ്പിച്ചൊരു പ്രത്യാക്രമണമാരംഭിക്കുകയും ആ തി രിഞ്ഞെതിപ്പിൻെറ മുമ്പിൽ ഉറച്ചുനില്പാനാവാതെ സ ഖ്യപട്ടാളങ്ങറം പിൻവാങ്ങിക്കൊണ്ടിരിക്കയും ചെയ്ത ഒര വസരത്തിലായിരുന്നു ചുകപ്പുപടയുടെ ശീതകാലയുദ്ധം തുടങ്ങിയത്. ജമ്മൻകാക്കിതു തീരേ അപ്രതീക്ഷിതമായി രുന്നു. പടിഞ്ഞാറൻയുദ്ധരംഗത്തുനിന്നു ജമ്മെനതിപ്പ് തീരേ തിരോഭവിച്ചുവെന്നുതന്നെ പറയാം. ബർലിൻന

ഗരത്തിൻെറ രക്ഷയ്ക്കായി ഒന്നാന്തരം ടാങ്കുവിഭാഗങ്ങളേയും വിമാനപ്പടയേയും ജൎമ്മൻകാൎക്ക പടിഞ്ഞാറൻരംഗത്തുനിന്നു പിൻവലിക്കേണ്ടിവന്നു.

ഇതു ബ്രിട്ടീഷമേരിക്കൻസൈന്യങ്ങൾക്ക തങ്ങളുടെ ഛിന്നഭിന്നമായ അണി കൂട്ടുവാനും ജൎമ്മനിയിലേയ്ക്കുള്ള ആക്രമണം തുടരുന്നതിന്നുവേണ്ടി തയ്യാറെടുക്കാനും സമയവും സൌകൎയ്യവും നല്കി.

ഫെബ്രുവരി 8-ാംനു-യാണു്, ജൎമ്മൻപ്രത്യാക്രമണത്തിൻെറ ചൂടാറിയെന്നും തങ്ങൾക്കു് അങ്ങോട്ടു് എതിൎത്തുനോക്കാമെന്നുമുള്ള ആശയോടുകൂടി പശ്ചിമരംഗത്തിൻെറ വടക്കേയറ്റത്തു ബൽജിയത്തിൽ കനേഡിയൻപട്ടാളം ചെറിയ തോതിലൊരു ആക്രമണം ആരംഭിച്ചതു്. ഇപ്പോൾ ഒരു മാസമായി. ഇന്നു പടിഞ്ഞാറൻയുദ്ധരംഗമാകെ ആളിക്കത്താൻ തുടങ്ങിയിരിക്കുന്നു. ആറു സഖ്യസൈന്യവിഭാഗങ്ങൾ സംഘടിതമായി അങ്ങോട്ടാക്രമിക്കാൻ തുടങ്ങിയിരിക്കുന്നു; അടിയ്ക്കടി വിജയങ്ങൾ നേടിക്കൊണ്ടിരിക്കുന്നു.

ഏററവും വടക്കു് ജനറൽ ക്രിറാറിൻെറ കീഴിൽ കനേഡിയൻ ഒന്നാംപട, അതിൻെറ തെക്കു ജനറൽ ഡെംസിയുടെ കീഴിൽ ബ്രിട്ടീഷ് രണ്ടാംപട, പിന്നീട്ടു് അമേരിക്കൻ ഒന്നാംപടയും ഒമ്പതാംപടയും. ഈ നാലു സൈന്യങ്ങൾ ഒത്തൊരുമിച്ചു യുദ്ധംചെയ്തു റൈൻനദീതടത്തിലെത്തി; റൈൻലാണ്ടിൻെറ തലസ്ഥാനമായ കൊളോൺപട്ടണം പിടിച്ചു; ജൎമ്മനിയുടെ പടിഞ്ഞാറുഭാഗ

ത്തെ വ്യവസായഹൃദയമാണ് ഈ സഖ്യപട്ടാളാക്രമണത്തിന്റെ ലക്ഷ്യം.

തെക്ക് ഫ്രാൻസിൽ അമേരിക്കൻമൂന്നാംപടയും ഏഴാംപടയും ടാസിഗ്നിയുടെ ഫ്രഞ്ച് പട്ടാളവും ജർമ്മനിയിലേയ്ക്കു തുളച്ചുകയറുന്നുണ്ട്. ജർമ്മനിയിലെ മറെറാരു വ്യവസായകേന്ദ്രമായ സാർപ്രദേശമാണ് അവരുടെ ഉന്നം.

മിന്നൽയുദ്ധത്തിന്റെ പ്രതികാരം

ജാനുവരി ആദ്യത്തെ ആഴ്ചയിലാരംഭിച്ച സോവിയററാക്രമണത്തെയാണ് ഇത് ഓർമ്മിപ്പിയ്ക്കുന്നത്. ആദ്യം മാർഷൽ കോണീവിന്റെ നേതൃത്വത്തിലുള്ള ഒന്നാം ഉക്രേനിയൻപട്ടാളം പോളണ്ടിന്റെ തലസ്ഥാനത്തെ തെക്കുനിന്ന് ആക്രമിക്കാൻ തുടങ്ങിയതായി നാം കേട്ടു. അതൊരു വമ്പിച്ച യുദ്ധത്തിന്റെ ആദ്യത്തെ ഭാഗമായി ആരും കണക്കാക്കിയില്ല; മോസ്കോറേഡിയോതന്നെ ആ നിലയ്ക്കല്ല ഈ വാർത്ത ലോകത്തിന്നു നല്കിയത്.

പക്ഷേ, കാലവർഷാരംഭത്തെ കുറിയ്ക്കുന്ന ഇടവമാസത്തിലെ ആദ്യത്തെ ഇടിവെട്ടുകൾ കണ്ണഞ്ചിക്കുന്ന ഒരു മിന്നലോടുകൂടി ആകാശത്തിന്റെ ഒരററത്തുനിന്നു ചെറുതായി തുടങ്ങി ആകാശമാകെ പരക്കുകയും ഭൂമിയാകെ കുലുക്കുകയും ചെയ്യുന്നപോലെ, സോവിയററുശീതകാലാക്രമണം കിഴക്കൻരംഗത്തു പടന്നുപിടിച്ചു. മാർഷൽ കോണീവു് തുടങ്ങി; അപ്പോഴയ്ക്കുമതാ മാർഷൽ സുക്കോവും അരങ്ങത്തുവരുന്നു; മാർഷൽ റൊക്കോസ്സോവ്സ്കിയും ജനറൽ ചെർണ്യാക്കോവ്സ്കിയും (ജർമ്മൻ മണ്ണിലേയ്ക്കു് ആദ്യമായി പ്രവേശിച്ച ചുകപ്പുപട്ടാളത്തെ നയിച്ച ഏററവും

ചെറുപ്പക്കാരനായ ആ പടനായകൻ പിന്നീട്ട പടക്കളത്തിൽ വീരമൃത്യുവടഞ്ഞു) വടക്കുഭാഗത്തും ജനറൽ പീട്രോവ് തെക്കേയററത്തും പട നീക്കി. ബാൾട്ടിക്ക് കടൽത്തീരംമുതൽ ഹംഗേറിയൻതലസ്ഥാനമായ ബുദാപെസ്റ്റ്പട്ടണംവരെ, ഒരൊററയണിയായിത്തന്നെയെന്നു പറയാം, ജമ്മൻയുദ്ധമുന്നണിയെ പിന്നോക്കം ചുരുട്ടിക്കൊണ്ട് ഇരമ്പിക്കയറി. ജമ്മൻ പട്ടാളക്കോട്ടകൾ ഒന്നിന്നുശേഷമൊന്നായി ചുകപ്പുപട കൈവശപ്പെടുത്തി; ജമ്മൻ പട്ടാളവിഭാഗങ്ങൾ ഒന്നൊന്നായി വളയപ്പെട്ടു, നശിപ്പിക്കപ്പെട്ടു.

ചുകപ്പുപടയുടെ ഈ വായുവേഗത്തിലുള്ള വിജയയാത്ര, പടിഞ്ഞാറൻരംഗത്തിൽ ഊക്കത്രയില്ലെങ്കിലും വ്യാപ്തിയിലൊട്ടും കുറയാത്ത ഒരു ആക്രമണത്തെ, ബൽജിയത്തിലെ കടൽത്തീരംതൊട്ട് സ്വിററ്സർലാണ്ടുവരെ വളത്തിക്കൊണ്ടുവരാൻ ബ്രിട്ടീഷമേരിക്കൻസൈന്യങ്ങൾക്ക് കഴിവുണ്ടാക്കിക്കൊടുത്തിരിക്കുന്നു. സഖ്യപട്ടാളങ്ങളുടെ ഒരു മരണക്കുടുക്ക് നാസിജമ്മനിയുടെ ചുററും കിഴക്കുനിന്നും പടിഞ്ഞാറുനിന്നും മുറുകിവരികയാണ്. ഇതിൽനിന്നു രക്ഷപ്പെടാനത് മോഹിക്കേണ്ട.

ഇതെങ്ങനെ സാധിച്ചു?

ചുകപ്പുപട്ടാളത്തിന്നു് അനന്യസാദ്ധ്യമായ ഈ അത്ഭുതകൃത്യം, യൂറോപ്പിൻെറയാകെ ആയുധശക്തിയുടേയും ആൾശക്തിയുടേയും പിൻബലത്തോടുകൂടിയ നാസിപ്പട്ടാളത്തെ തോല്പിക്കുകയെന്ന ഈ ധീരകൃത്യം എങ്ങനെ സാധിച്ചു? സോവിയററു റഷ്യയിലെ ജനങ്ങളുടെയാകെ

ധീരോദാത്തതയും ഭഗീരഥപ്രയത്നവുമാണ് ഈ വിജയ ങ്ങളുടെ പിന്നിലുള്ളത്.

ടാങ്കുകളും വിമാനങ്ങളും കവചിതവാഹനങ്ങളും യന്ത്രത്തോക്കുകളും ഉപയോഗിച്ചുള്ള ഇന്നത്തെ യുദ്ധത്തിൽ, ആളുകളുടെ എണ്ണവും വീര്യവുമെന്നപോലെതന്നെ പ്രധാനമാണ്, ആയുധങ്ങളുടേയും അവയുണ്ടാക്കാനുള്ള സാധനങ്ങളുടേയും തുകയും ഗുണവും. 1938-ൽ ജമ്മനിക്ക് ഈ കാര്യത്തിൽ റഷ്യയെക്കാറം മെച്ചമുണ്ടായിരുന്നു. പുറമേ, നാസികഠം കീഴടക്കിയ രാജ്യങ്ങളിലെ വിഭവങ്ങളെല്ലാം ജമ്മനിയുടെ വരുതിയിലാവുകയും ചെയ്തു. അതുമല്ല, 1942 അവസാനമായപ്പോഴയ്ക്കും, റഷ്യയുടെ വലിയൊരുഭാഗം നാസിപ്പട്ടാളം കയ്യേറിയതോടുകൂടി, 60 ശതമാനത്തോളം ഇരുമ്പും ഉരുക്കും, 45 ശതമാനം ഗോതമ്പും, 40 ശതമാനം റെയിൽവെകളും റഷ്യയ്ക്കു നഷ്ടപ്പെട്ടു. എന്തൊരു വമ്പിച്ച നഷ്ടം! റഷ്യയെ തോല്പിക്കാനിനി യാതൊരു വിഷമവുമില്ലെന്നു നാസിനേതാക്കന്മാർ വീമ്പുപറഞ്ഞു; റഷ്യയ്ക്കീ നഷ്ടം നികത്താനാവില്ലെന്നു ലോകത്തിലെങ്ങുമുള്ള ദോഷൈകദൃക്കുകഠം ദീർഘദർശനം ചെയ്തു. എങ്കിലും എത്രയും വേഗത്തിൽ റഷ്യ ഈ കോട്ടം തീർത്തു; 1943-ം 1944-ം ചുകപ്പുപടയുടെ വിജയത്തിൻെറ കൊല്ലങ്ങളായിത്തീന്നു.

1. നാസികഠം കീഴടക്കുന്നതിന്നു മുമ്പുതന്നെ, പ്രധാനങ്ങളായ ആയുധനിമ്മാണഫാക്ടറികളെയെല്ലാം സോവിയററുഗവമ്മേണ്ട്, ശത്രുവിമാനങ്ങഠംക്കുപോലും എത്താൻവയ്യാത്തത്ര ദൂരത്തേയ്ക്കു, മദ്ധ്യഏഷ്യയിലെ

യൂറൽപർവ്വതനിരയുടെ താഴ്വാരത്തിലേയ്ക്കു മാററിയിരുന്നു. ലെനിൻഗ്രാഡിലെ സുപ്രസിദ്ധമായ കിറോഫ് ടാങ്കുനിർമ്മാണശാലയെ അപ്പടി കിഴക്കോട്ടു കയററിയയയ്ക്കുകയും യൂറൽപ്രദേശത്തു പുനഃസ്ഥാപിക്കുകയും ചെയ്തു. അതിലെ ടാങ്കുനിർമ്മാണം മൂന്നിരട്ടിയായി.

മറെറാരുദാഹരണംകൂടി പറയാം: മോസ്കോവിൽനിന്നു 1941 ഒക്ടോബറിൽ കാലാൾപ്പടയ്ക്കാവശ്യമായ ആയുധസാമഗ്രികളുണ്ടാക്കുന്ന ഒരു ഫാക്റ്ററി യൂറൽസിലെയ്ക്കു മാററി. 11 ദിവസംകൊണ്ട് അതു യൂറൽസിലെത്തി; ഡിസമ്പറാവുമ്പോഴയ്ക്കും അതു് ആയുധങ്ങൾ നിർമ്മിയ്ക്കാൻ തുടങ്ങി; 1942 ഫെബ്ര്വരിയിൽ അതിൻെറ ഉല്പാദനം യുദ്ധത്തിനു മുമ്പത്തെ നിലവാരമെത്തി. 1942 ജൂൺമാസത്തിൽ യുദ്ധത്തിനു മുമ്പത്തേക്കാൾ ഒന്നരയിരട്ടി സാധനങ്ങൾ അതു് ഉല്പാദിപ്പിച്ചു.

2. യൂറൽസ് പർവ്വതപ്രാന്തങ്ങളിൽ എത്രയോ പുതിയ യന്ത്രശാലകളുയർന്നുവന്നു. നമ്മുടെ പൌരാണികകാവ്യകാരന്മാർ 'സമസ്തകല്ല്യാണനിധി'യെന്നു പാടിപ്പുകഴ്ത്തിയിട്ടുള്ള ആ പർവ്വത (സുമേരു)ത്തിൻെറ അന്തർഭാഗത്ത് ഒളിഞ്ഞുകിടക്കുന്ന വിഭവസമൃദ്ധിയാകെ സോവിയററു ശാസ്ത്രകാരന്മാരുടേയും സോവിയററ് എൻജിനീയർമാരുടേയും കയ്യിൽ ഇരുപതാം നൂററാണ്ടിലെ ഈ ദേവാസുരയുദ്ധത്തിൽ ഫാഷിസ്ററുകാട്ടാളന്മാരെ പരാജയപ്പെടുത്തുന്ന ചുകപ്പുപടയ്ക്കു് ആയുധസജ്ജീകരണം നല്കാൻ ഉപകരിയ്ക്കപ്പെട്ടു. എത്ര വേഗത്തിലാണിതു നിർവ്വഹിക്കപ്പെട്ടതെന്നതിന്നു് ഒരു ഉദാഹരണംമാത്രം ഇവിടെ എടുത്തുകാണിക്കാം:

"യൂറൽസിൽ ഒരു പുതിയ പടക്കുററൻഫാക്ടറിയുടേയും തൊഴിലാളികളുടെ നിവാസസ്ഥാനത്തിൻെറയും നിൎമ്മാണം പൂൎത്തിയായിക്കൊണ്ടുവരുന്നു. സാധാരണകാലത്ത് എത്രയോ കൊല്ലങ്ങൾകൊണ്ടുമാത്രം ചെയ്തുതീക്കാവുന്ന ഒരു ജോലിയാണിത്. എന്നാൽ കുറച്ചുമാസങ്ങൾകൊണ്ട് അതു പൂൎത്തിയായി. 27 ദിവസങ്ങൾക്കകം 15,000 ചതുരശ്രവാര വരുന്ന ഒരു വൎക്ക്ഷാപ്പും, 11 ദിവസംകൊണ്ട് 11 ആവിയന്ത്രച്ചൂററികകൾ സ്ഥാപിക്കാനുള്ള അടിത്തറയും പണിചെയ്യപ്പെട്ടു."

3. ഇതിനെല്ലാംപുറമെ, തൊഴിലാളികളുടെ ഉത്സാഹവും ത്യാഗസന്നദ്ധതയുമുണ്ട്. അവർ രാവും പകലും ജോലിചെയ്തു് ഉൽപാദനം വൎദ്ധിപ്പിച്ചു; കൂടുതൽ വേഗത്തിൽ സാധനങ്ങളുൽപ്പാദിപ്പിക്കാനുള്ള സൂത്രങ്ങൾ കണ്ടുപിടിക്കുന്നതിൽ ഓരോ തൊഴിലാളിയും ബദ്ധശ്രദ്ധനായി പ്രവൎത്തിച്ചു. 1941 ജൂലായിക്കും 1944 ജൂലായിക്കുമിടയ്ക്കു വിമാനനിൎമ്മാണവ്യവസായത്തിൽ ഓരോ തൊഴിലാളിയുടേയും ശരാശരി ഉല്പാദനം 42.7% വൎദ്ധിച്ചിട്ടുണ്ടെന്നാണ് പറയുന്നതു്. 1942-ലെ രണ്ടാമത്തെ ആറുമാസങ്ങളിൽ ഉൽപാദനം വൎദ്ധിപ്പിക്കുന്നതിനെപ്പററിയുള്ള 24,000 പുതിയ സൂത്രങ്ങളും അഭിപ്രായങ്ങളും വെടിമരുന്നുതൊഴിലാളികൾ നിൎദ്ദേശിക്കുകയുണ്ടായെന്നു പറയപ്പെടുന്നു. ഇതിൽ 8000 നിൎദ്ദേശങ്ങൾ സ്വീകരിക്കപ്പെട്ടു; അതിൻെറ ഫലമായി 4,800 ടൺ ഇരുമ്പും ഉരുക്കും കുറച്ചേ ഉപയോഗിക്കേണ്ടിവന്നുള്ളു.

ചുരുക്കത്തിൽ, പഴയ ഫാക്ടറികളെ സ്ഥലം മാററി

യും പുതിയ ഫാക്ടറികഠം പണിചെയ്യും തൊഴിലാളികഠം അങ്ങേയററം പ്രവൃത്തിയെടുത്തും ചുകപ്പു പട്ടാളം മൂന്നുകൊല്ലംകൊണ്ടു നാസിപ്പട്ടാളത്തെ ആയുധസാമഗ്രികളുടെ കാൎയ്യത്തിൽ എണ്ണത്തിലും ഗുണത്തിലും തോല്പിച്ചു. 1943 ജൂൺവരെയ്ക്കും സോവിയററുറഷ്യയ്ക്കു യുദ്ധത്തിൽ 35,000 തോക്കുകളും 30,000 ടാങ്കുകളും 23,000 വിമാനങ്ങളും നഷ്ടപ്പെട്ടിരുന്നു. ആ നഷ്ടം നികത്താൻ ബ്രിട്ടനും അമേരിക്കയും 1944 ആരംഭംവരെ ഏകദേശം 10,000 വിമാനങ്ങളും 6,000 ടാങ്കുകളും കൊടുക്കുകയുണ്ടായിട്ടുണ്ട്. ബാക്കിയെല്ലാം സോവിയററു വ്യവസായംതന്നെയാണ് നിൎമ്മിച്ചതു്. തൽഫലമായി, 1944 നവമ്പർ വിപ്ലവദിനത്തിൽ മാൎഷൽ സ്റ്റാലിന്നു സാഭിമാനം പറയാൻ സാധിച്ചു: "ചുകപ്പുപട്ടാളത്തിന്നു ജൎമ്മൻസൈന്യങ്ങളേക്കാഠം കൂടുതൽ ടാങ്കുകളും തോക്കുകളും വിമാനങ്ങളും ഇന്നുണ്ടു്."

## ആയോധനമുറകളിൽ അദ്വിതീയം

ആയുധങ്ങളുടെ കാൎയ്യമിങ്ങനെയാണ്. ചുകപ്പുപടയുടെ ആയോധനമുറകളോ? അതിലും അതിനോടു് കിടനില്ക്കാൻ ഇന്നു ലോകത്തിൽ മറെറാരു സൈന്യവും സൈന്യനായകത്വവുമില്ല. 'മിന്നൽയുദ്ധ'മെന്നറിയപ്പെടുന്ന നാസിയുദ്ധതന്ത്രത്തെ ചുകപ്പുപട്ടാളം നിഷ്ഫലമാക്കിക്കളഞ്ഞു; റഷ്യയിലതിന്റെ മിന്നലെല്ലാം നശിച്ചു. വളഞ്ഞിട്ടു നശിപ്പിക്കുകയെന്ന നാസിയുദ്ധതന്ത്രത്തിന്നു ചുകപ്പുപട്ടാളത്തെ കുടുക്കാൻ കഴിഞ്ഞില്ല. പട്ടണങ്ങളും ഗ്രാമങ്ങളും അനേകലക്ഷം ചതുരശ്രനാഴിക രാജ്യവും

ഉപേക്ഷിച്ചുകൊണ്ടാണെങ്കിലും, നാസികളുടെ കുടുക്കിൽ പ്പെടാതെ ചുകപ്പുസൈന്യം പിൻവാങ്ങി; കഴിയുന്നത്ര ആയുധസാമഗ്രികളെ ശത്രുവിൻെറ കയ്യിൽപ്പെടാതെ രക്ഷിച്ചു; വ്യവസായസ്ഥാപനങ്ങളെല്ലാം പൊളിച്ചുമാററി; മാററാൻ കഴിയാത്തവയെ നശിപ്പിച്ചു. ഒടുവിൽ ശത്രുവിൻെറ ശക്തി ഏററവും കുറഞ്ഞുവെന്നു കണ്ടപ്പോഠം, ശത്രുവിനെ തോല്പിക്കാനുള്ള ശക്തി തങ്ങഠംക്കു കിട്ടിയപ്പോഠം, തിരിഞ്ഞാക്രമണം തുടങ്ങി. ചുകപ്പുപട്ടാളത്തിൻെറ വലയങ്ങളിൽനിന്നു നാസികഠംക്കു രക്ഷപ്പെടാൻ കഴിഞ്ഞിട്ടില്ല. സ്റ്റാലിൻഗ്രാഡിലാണ് ആ മുറതന്ത്രം ആദ്യം പ്രയോഗിച്ചതു്. അതു തികച്ചും ഫലപ്പെട്ടു. വോഠംഗാനദീതീരത്തുനിന്നുതുടങ്ങി ഇപ്പോഠം ഓഡർ നദീതീരംവരെ അനേകായിരം സ്ഥലങ്ങളിൽ നാസിപ്പട്ടാളത്തിന്നു സ്റ്റാലിൻഗ്രാഡിലെ അനുഭവമുണ്ടായി.

ചുകപ്പുപടയുടെ സവ്വസൈന്യാധിപനായ മാഷൽ സ്റ്റാലിൻ 1918-ൽ ചുകപ്പുപട്ടാളത്തിൻെറ ജനയിതാക്കളിലൊരാളാണ്. അന്നു് പതിന്നാലു സാമ്രാജ്യശക്തികഠം പതിനൊന്നു മുന്നണികളിലായി സദ്യോജാതമായ സോവിയററുശിശുവിനെ കഴുത്തു ഞെക്കിക്കൊല്ലാൻ ആ രാജ്യത്തിൻെറ നേരെ യുദ്ധം തുടങ്ങിയപ്പോഠം, സാധാരണതൊഴിലാളികളിൽനിന്നും കൃഷിക്കാരിൽനിന്നും ഒരു പട്ടാളത്തെ രൂപീകരിക്കുകയും ആ ആക്രമണങ്ങളെയെല്ലാം എതിത്തു തോല്പിക്കുകയും ചെയ്തതു മാഷൽ സ്റ്റാലിൻെറ നേതൃത്വത്തിലായിരുന്നു.

1942 മുതൽ ചുകപ്പുപടയുടെ ചീഫ്-ഓഫ്-സ്റ്റാഫായ മാഷൽ വാസ്സിലേവ്സ്കി സ്റ്റാലിൻഗ്രാഡ് യുദ്ധ

ത്തിനുശേഷം, ചുകപ്പുപടയെ സമൂലം പുനസ്സംഘടിപ്പിച്ചു. അതുവരെ യുദ്ധമുന്നണിയെ മൂന്നായി തിരിച്ചു ഓരോന്നിൻേറയും ഭാരം ഓരോ സേനാനായകനെ ഏല്പിക്കയായിരുന്നു ചെയ്തിരുന്നതു്. രണ്ടായിരം നാഴിക നീളമുള്ള ഒരു മുന്നണിയിലാകെ യുദ്ധം നടത്താൻ ഇത്തരത്തിൽ സാദ്ധ്യമല്ലെന്നു് അദ്ദേഹം കണ്ടു. ചുകപ്പുപട്ടാളത്തെ പന്ത്രണ്ടു സേനകളായി വിഭജിച്ചു. ഓരോ സേനയ്ക്കും പ്രത്യേകം നായകന്മാരേയും ആയുധസാമഗ്രികളേയും ജനറൽ സ്റ്റാഫിനേയും കൊടുത്തു. ഈ പന്ത്രണ്ടുസേനകളാണു് നാസിപ്പട്ടാളത്തെ സോവിയററുഭൂമിയിൽനിന്നു പുറത്താക്കിയതു്; ഇതിൽ ഏഴുപട്ടാളങ്ങളിന്നു ജർമ്മനിയിലേയ്ക്കുള്ള ആക്രമണത്തിൽ പങ്കെടുക്കുന്നുണ്ടു്. ഇവയുടെയെല്ലാം നായകന്മാൎക്കിന്നു മാഷൽ എന്ന പട്ടാളപരമായേററവും ഉയൎന്ന സ്ഥാനം നല്കപ്പെട്ടിരിക്കുന്നു.

ചുകപ്പുപടയുടെ ഉപസൈന്യനായകനായ മാഷൽ സൂക്കോവു് ബർലിനിലേയ്ക്കു നേരിട്ടുള്ള ആക്രമണത്തെ നയിക്കുന്നു. 1939_ൽ മഞ്ചൂറിയയിൽ ജപ്പാനീസു് ആറാംപട്ടാളത്തെ തോല്പിച്ചോടിച്ചതും, 1943_ൽ സ്റ്റാലിൻ_ഗ്രാഡിൽ ജർമ്മൻ ആറാംപട്ടാളത്തെ നശിപ്പിച്ച മഹനീയയുദ്ധത്തിൻെറ നേതൃത്വം വഹിച്ചതും ഈ 49 വയസ്സു മാത്രം പ്രായംചെന്ന സേനാനായകനാണു്.

പടക്കളത്തിലെ സ്വാനുഭവങ്ങളിൽനിന്നു പഴക്കവും തഴക്കവും നേടിയ ഈ ആയോധനാചാൎയ്യന്മാരുടെ, നേതൃത്വത്തിൽ ചുകപ്പുപട്ടാളത്തിന്നു് എന്തു വീരപരാക്രമങ്ങൾതന്നെ ചെയ്യാൻ സാധിക്കയില്ല!

## സംസ്കാരത്തിൽ വളരുന്നവർ

മറെറാരുതരത്തിലും ചുകപ്പുപട അന്യാദൃശമാകുന്നു. ഇത്രയധികം സംസ്കാരസമ്പന്നരായ പടയാളികൾ മറെറാരു സൈന്യത്തിലുമില്ല; പടക്കളത്തിലെ പീരങ്കിപ്പുകയുടെ നടുക്കും അവർ അവരുടെ സംസ്കാരപരമായ ജീവിതം തുടൎന്നുപോകുന്നു.

മാസംതോറും 20 ലക്ഷത്തിന്നും 25 ലക്ഷത്തിന്നുമിടയിൽ പുസ്തകങ്ങൾ പടക്കളത്തിലേയ്ക്കു മോസ്കോവിൽനിന്നയയ്ക്കുന്നുണ്ടെന്നാണ് പറയപ്പെടുന്നതു്. എല്ലാ വിഷയങ്ങളെസ്സംബന്ധിച്ചുള്ള പുസ്തകങ്ങളും അവൎക്കിഷ്ടമാണ്. കഴിഞ്ഞകൊല്ലം ടോൾസ്റ്റോയിയുടെ ഇതിഹാസതുല്യമായ, 'യുദ്ധവും സമാധാനവു'മെന്ന മഹാഗ്രന്ഥത്തിൻെറ മൂന്നു പതിപ്പുകൾ ഒരു ലക്ഷം കോപ്പിവീതം അടിച്ചിറക്കുകയുണ്ടായി. വിദേശശത്രുവിന്നെതിരായി സ്വന്തം മാതൃഭൂമിയെ സുധീരം കാത്തുരക്ഷിക്കുന്ന റഷ്യൻ പടയാളിയുടെ ആ വീരകഥ ചുകപ്പുപടയാളികൾക്ക് ഏററവും ഇഷ്ടപ്പെട്ടതാണ്.

ടോൾസ്റ്റോയ്, പുഷ്കിൻ, ടൎഗ്ഗനീവ്, ഗൊഗോൾ, ഗോൎക്കി, ഡോസ്റ്റോയ്‌വിസ്കി മുതലായ പഴയ റഷ്യൻസാഹിത്യകാരന്മാരുടേയും ഇന്നു ജീവിച്ചിരിപ്പുള്ള റഷ്യൻഗ്രന്ഥകാരന്മാരുടേയും പുസ്തകങ്ങൾക്കു മാത്രമല്ല; യൂഗോ, ബാൽസാക്ക്, ഡിക്കൻസ്, ബാർബൂസ്സ്, ഷെക്സ്പിയർ, ബെൎണ്ണാഡ്ഷാ മുതലായ വിദേശസാഹിത്യനായകന്മാരുടെ ഗ്രന്ഥങ്ങൾക്കും റഷ്യൻപട്ടാളക്കാരുടെയിടയിൽ വലിയ ആവശ്യമാണ്.

അന്നാകാരവയേവ എന്ന ഒരു റഷ്യൻ എഴുത്തുകാരി തന്നിയ്ക്കു ചുകപ്പുപട്ടാളക്കാരിൽനിന്നു് ഇടയ്ക്കിടയ്ക്കു കിട്ടാറുള്ള കത്തുകളെപ്പററി പറയുന്നുണ്ടു്. അവയിലൊന്നിൽ ഒരു റഷ്യൻടാങ്കുപടയാളി എഴുതിയിരിക്കയാണു്:

"ആ ദിവസം സരസ്വതീദേവിതന്നെ ചുകപ്പുപടയിലെ പട്ടാളക്കാരും ഉദ്യോഗസ്ഥന്മാരുമായ ഞങ്ങളുടെ മുമ്പിൽ അവതരിച്ചിരിക്കുന്നതായി ഞങ്ങൾക്കു തോന്നി. യുദ്ധം ചെയ്യുന്നതിന്നിടയ്ക്കുള്ള നാതിദീർഘങ്ങളായ വിശ്രമവേളകളിൽ ഒരു നല്ല പുസ്തകം വായിക്കാൻ സാധിച്ചാൽ എന്തൊരു രസമാണെന്നോ? അടുത്തൊരു ദിവസം പട്ടാളലൈബ്രറിയിൽനിന്നു ഞങ്ങൾക്കു കുറെ പുതിയ പുസ്തകങ്ങൾ കിട്ടി—പുഷ്കിൻകവിതകളുടെ ഒരു സമാഹാരം, ലിയോ ടോൾസ്റ്റോയിയുടെ 'സെബാസ്റ്റപോൾ', ടിഖ്നോവിൻെറ കവിതകൾ, ചെഖോവിൻെറ ചെറുകഥകളുടെ പല ചെറുസമാഹാരങ്ങളും. നിങ്ങൾ വിശ്വസിച്ചാലും ഇല്ലെങ്കിലും വേണ്ടതില്ല, അന്നു ഞങ്ങൾക്കു വാസ്തവത്തിലൊരു ഒഴിവുദിവസമായിരുന്നു....ഞങ്ങൾക്കേററവും ഇഷ്ടപ്പെട്ട പുസ്തകങ്ങൾ ഞങ്ങൾ കൂട്ടുകാർക്കു ഉറക്കെ വായിച്ചു കേൾപ്പിച്ചു. പുസ്തകങ്ങൾ എത്രയോ ആളുകൾ കൈമാറി. അതൊരു പുളകംകൊള്ളിച്ച അനുഭവമായിരുന്നു."

## ജീവിതത്തെ സ്നേഹിക്കുന്നവർ

ഈ കത്തു് ഉദ്ധരിച്ചതിന്നുശേഷം, ആ സോവിയറെറഴുത്തുകാരി പറയുന്നു:

"ചുകപ്പുപടയെസ്സംബന്ധിച്ചേടത്തോളം നാസികൊലയാളികഠം കാണാതിരുന്ന ഒന്നാണിതു്. ചുകപ്പുപട്ടാളക്കാർ പഠിപ്പുള്ളവരാണു്; ചിന്തിക്കുന്നവരാണു്; ലെനിനും സ്റ്റാലിനും, ബൈറനും ലോങ്ങ്ഫെല്ലോവും, ഗോക്കിയും എഴുതിയ പുസ്തകങ്ങഠം വായിക്കുന്നവരാണു്. അവരാണിന്നു പടിഞ്ഞാട്ടു പാഞ്ഞു കയറുന്നതു്; നാസിക്കൂപമണ്ഡൂകങ്ങളുടെ കരിംപട്ടാളത്തെ നശിപ്പിക്കുന്നതു്."

ഈ സംസ്കാരപ്രതിപത്തി ചുകപ്പുപട്ടാളക്കാരുടെ അത്യഗാധമായ ജീവിതസ്നേഹത്തിൽനിന്നുറവെടുത്തതാണു്. അവർ ഹിംസയ്ക്കുവേണ്ടി ഹിംസയ്ക്കൊരുങ്ങിയവരല്ല. നാസികഠം ആക്രമിക്കുന്നതുവരെ, അവർ ഫാക്ടറികളിലും പാടങ്ങളിലും സുഖമായി വേലചെയ്തു ജീവിതം കഴിച്ചിരുന്നവരാണു്. തങ്ങളുടെ വീട്ടുകാരേയും വീടുകളേയും, ഫാക്ടറികളേയും പാടങ്ങളേയും ചുട്ടുഭസ്മമാക്കാൻ നാസികളൊരുങ്ങിയപ്പോഴാണു് അവർ ആയുധമെടുത്തതു്; ജീവിതത്തോടുള്ള പ്രേമമാണു് അവരെ അതിന്നു പ്രേരിപ്പിച്ചതു്.

ചുകപ്പുപട്ടാളക്കാർ സംസ്കാരകേന്ദ്രങ്ങളെ തീവെച്ചു നശിപ്പിച്ചിട്ടില്ല; കുട്ടികളേയും സ്ത്രീകളേയും കുന്തത്തിന്മേൽക്കോർത്തുകൊല്ലുന്നതു് ഒരു വിനോദമാക്കീട്ടില്ല; ചെന്നേടത്തെല്ലാം കമ്പിക്കാലുകളെ തൂക്കുമരമാക്കീട്ടില്ല. ഫ്രാൻസിലും പോളണ്ടിലും റഷ്യയിലും എത്രയോ 'അരക്കില്ല'ങ്ങഠം പണികഴിച്ചു നിരപരാധികളായ ലക്ഷോപലക്ഷം സ്ത്രീപുരുഷബാലന്മാരെ ജീവനോടെ ഭസ്മീകരിച്ചിട്ടില്ല.

ഇതെല്ലാംചെയ്യുന്ന ഫാഷിസ്ററുകൊലയാളികളെ ലോകത്തിലെങ്ങും കാട്ടാൻ അഴിച്ചുവിട്ടിരിക്കുന്ന കാലത്തോളം, സുഖിതവും സ്വാതന്ത്ര്യവും സമാധാനപൂർണ്ണവുമായ ജീവിതം സാദ്ധ്യമല്ല. അതുകൊണ്ടാണ് ചുകപ്പുപട്ടാളക്കാർ യുദ്ധത്തിന്നൊരുങ്ങിയത്; മരണത്തെ പൂജിക്കുന്ന നാസികളോടു ദയയില്ലാത്തവരായത്. ജീവിതത്തെ സ്നേഹിക്കുന്നവക്ക് മരണത്തോടു ദയവയ്യ.

ഫാഷിസത്തിന്നെതിരായ യുദ്ധത്തിൽ ചുകപ്പുപട്ടാളക്കാരുടെ തോക്കുപോലെതന്നെ, നിശിതമായ ഒരു തൂലികയുപയോഗിച്ച് ലോകപ്രസിദ്ധി നേടീട്ടുള്ള സോവിയററുസാഹിത്യകാരനായ ഇല്ല്യ എഹറൻബുർഗ്ഗ് ചുകപ്പുപട്ടാളം ജർമ്മനിയിലേയ്ക്കു കടന്നയുടനെ പറയുകയുണ്ടായി:

> "ഞാൻ വീണ്ടും പറയുന്നു, പകവീട്ടാനല്ല, നീതി പാലിക്കാനാണ് ഞങ്ങൾ വരുന്നത്. ജർമ്മൻ കുഞ്ഞുങ്ങളെ ഞങ്ങൾ ഉപദ്രവിക്കയില്ല. ഞങ്ങൾ കുഞ്ഞുങ്ങളെ കൊല്ലുന്നവരല്ല. പക്ഷേ, ആർ കുഞ്ഞുങ്ങളെ കൊന്നുവോ, ആരതിന്നു പിരിമുറുക്കിയോ, ഒററിക്കൊടുത്തുവോ, അതു നടപ്പിൽവരുത്തിയോ അവക്കു രക്ഷയില്ല. ശിക്ഷയിൽനിന്നവക്കു രക്ഷയില്ല."

ഇതാണ് ചുകപ്പുപട്ടാളം: ആയുധങ്ങളുടേയും ആയോധനമുറകളുടേയും സൈന്യനായകന്മാരുടേയും കാര്യത്തിൽ ലോകത്തിലൊന്നാമത്തെ പട്ടാളം; സംസ്കാരത്തിന്റെ പട്ടാളം, ജീവിതത്തിന്റെ പട്ടാളം, ജനങ്ങളുടെ പട്ടാളം, നീതിയുടെ പട്ടാളം. സ്വാതന്ത്ര്യത്തിന്നുവേണ്ടിയു

ള്ള പോരാട്ടത്തിൽ ഇന്ന് അതു ലോകജനതയുടെ മുന്നിൽ നടക്കുന്നു. നാളെ സമാധാനത്തിന്നുവേണ്ടിയുള്ളപോരാട്ടത്തിലും അതു ലോകജനതയെ നയിക്കും.

1120 കുംഭം.

## അവസാനാദ്ധ്യായം.

"ബർലിൻനഗരം ഇന്നു മരണയാതനകളിലാണ്. കൈബോംബുകളുടേയും ബോംബുകളുടേയും ഇടിഞ്ഞു പൊളിഞ്ഞുവീഴുന്ന കെട്ടിടങ്ങളുടേയും അലച്ചകൊണ്ട് മുഴങ്ങുന്നതും കത്തിയെരിയുന്നതുമായ തെരുവീഥികളുടെ വൈതരണിയിലൂടെ ചുകപ്പുപട്ടാളത്തിലെ മുന്നണിവിഭാഗങ്ങൾ ജർമ്മൻതലസ്ഥാനത്തിൻെറ നെഞ്ചിലേയ്ക്ക് പാഞ്ഞുകയറിക്കൊണ്ടിരിക്കുന്നു.

"മരണനോവിലകപ്പെട്ട ബർലിൻപട്ടണമിന്നു ഭയാനകമായ ഒരു ചിത്രമാണ്. ആ വമ്പിച്ച പട്ടണം യന്ത്രത്തോക്കുകളുടെ വെടിയുണ്ടകളേററു തവിടുപൊടിയായിക്കൊണ്ടിരിക്കുന്നു. പട്ടണത്തിന്നാകെ തീപ്പിടിച്ചിട്ടുണ്ട്. ജർമ്മൻതലസ്ഥാനനഗരത്തിലെ വീതിയേറിയ വീഥികളിൽ ജർമ്മൻകാർക്കു പീരങ്കികളും യന്ത്രത്തോക്കുകളും സ്ഥാപിച്ച് എതിക്കാൻ സാധിക്കുന്നുണ്ട്. അതേസമയത്തുതന്നെ വിശാലമായ തെരുവുകൾ ചുകപ്പുടാങ്കുകൾക്ക് കൂടുതൽ സ്വാതന്ത്ര്യം നല്കുന്നതുകൊണ്ട് ഈ ആനുകൂല്യം നാമമാത്രമായിത്തീൎന്നിരിക്കുന്നു. ഇരുവശത്തുമുള്ള കെട്ടിടങ്ങളുടെ മേൽത്തട്ടിൽനിന്നെറിയുന്ന കൈബോംബുക

ളും വെടിമരുന്നുകുപ്പികളും തട്ടാതെ തെരുവുകളുടെ മദ്ധ്യ ത്തിലൂടെ മുന്നോട്ടു പോകാൻ റഷ്യൻടാങ്കുകൾക്കു സാധി ക്കുന്നു.

"റഷ്യൻപട്ടാളത്തിൻെറ ആക്രമണത്തിന്നെതിരാ യുള്ള ജമ്മൻചെറുത്തുനില്പിൻെറ ശക്തി ഉച്ചകോടിയി ലെത്തുന്നതോടൊപ്പം ബർലിൻനഗരം ഓരോ തെരുവാ യി കീഴടങ്ങിക്കൊണ്ടിരിക്കയാണു്. ജമ്മൻസാമ്രാജ്യത്തി ൻെറ ഹൃദയത്തിന്നുവേണ്ടിയുള്ള ഈ യുദ്ധത്തിൽ ഇരുക്കൂ ട്ടരും കയ്യറകളരിവെച്ചിരിക്കുന്നു.

"ജമ്മൻകാർ പഠിച്ച പണി പതിനെട്ടും നോക്കുന്നു ണ്ടു്. പക്ഷേ തങ്ങളുടെ മാർഗ്ഗത്തിലുള്ള എല്ലാ തടസ്ഥങ്ങ ളേയും തട്ടിത്തകക്കാനുള്ള ചുകപ്പുപട്ടാളത്തിൻെറ നിശ്ച യം അതുകൊണ്ടു് കൂടുതൽ ദൃഢമായിത്തീരുന്നതേയുള്ളൂ.

"തലസ്ഥാനനഗരത്തിലെ സമരമുഖങ്ങളിൽ റ ഷ്യൻകൊസ്സാക്കുപട്ടാളക്കാർ തങ്ങളുടെ കുതിരകളിന്മേൽ നിന്നിറങ്ങി ജമ്മൻകാരോടു് മല്ലയുദ്ധത്തിലേപ്പെടാൻ തു ടങ്ങിയിരിക്കുന്നു. വളരെ അപൂവ്വമായിട്ടേ കൊസ്സാക്കു കാർ തങ്ങളുടെ കുതിരകളെ വെടിയുകയുള്ളൂ; പക്ഷേ മ ററു ചുകപ്പുപട്ടാളക്കാരെപ്പോലെ ബർലിന്നുവേണ്ടിയുള്ള അവസാനയുദ്ധത്തിൽ പങ്കെടുക്കാൻ ഇവരും അത്യൽസു കരാണു്........

"ഇതുവരേയും ജമ്മൻതലസ്ഥാനം കഠോരമായി ചെ റുത്തുനില്ക്കുന്നുണ്ടു്. അതിന്നു പ്രധാനകാരണം സ്വജീവ നെ ബലികഴിക്കാൻ തയ്യാറുള്ള ചെറുപ്പക്കാരായ നാസി കളാണു്. എങ്കിലും മണിക്കൂറിലനേകം കെട്ടിടങ്ങളുടെ

തോതിലാണ് നഗരം തകരുന്നത്. ഓരോ കെട്ടിടം തകരുമ്പോഴും അതിലുള്ള നാസികളാകെ നാശമടയുന്നുണ്ട്."

ചുകപ്പുപട്ടാളം ബർലിൻനഗരത്തിൻെറ നേക്കുള്ള ഒടുക്കത്തെ ആക്രമണം ആരംഭിച്ചിട്ട് ഒരാഴ്ച കഴിഞ്ഞപ്പോഴ, നഗരത്തിനകത്തേയ്ക്ക് റഷ്യൻസേനകഠം പ്രവേശിച്ചതോടുകൂടി അവിടത്തെ സ്ഥിതിയെ വിവരിക്കുന്ന ദിനപത്രറിപ്പോർട്ടുകളിൽ ചിലതാണ് മേലുദ്ധരിച്ചിട്ടുള്ളത്.

ബർലിൻെറ അധഃപതനത്തിന്നു പിറകിൽ

ബർലിൻനഗരം, ജമ്മനിയുടെ മാത്രമല്ല യൂറോപ്പിൻെറ മുഴുവനും തലസ്ഥാനമാണെന്ന് പേരുകേട്ട ഈ പൌരാണികപട്ടണം, ഇന്നനുഭവിക്കുന്ന മമ്മഭേദകമായ മരണയാതനയിൽ സഹാനുഭൂതിയേക്കാളധികം സംതൃപ്തിയാണ് പ്രകടിതമായിക്കാണുന്നത്.

യൂറോപ്പിലെ എല്ലാ തലസ്ഥാനനഗരികഠംക്കും ഇത്തരത്തിലോ ഇതിലധികമോ തീവ്രയാതന കഴിഞ്ഞ ആറുകൊല്ലത്തിന്നിടയ്ക്ക് അനുഭവിയ്ക്കേണ്ടിവന്നിട്ടുണ്ട്, ബർലിനാണതിന്നു കാരണം. 1938ൽ വാർസാ; 1940ൽ പാരീസ്സ്; 1941_ൽ യൂറോപ്പിലെ ചെറുരാജ്യങ്ങളുടെയെല്ലാം തലസ്ഥാനങ്ങഠം—ബൽഗ്രേഡ്, ബുഖാറസ്റ്റ്, പ്രേഗ്, വിൽന, കോണാസ്സ്, റിഗ; 1942_43_ൽ ലെനിൻഗ്രാഡ്, മിൻസ്ക്, കീവ്, കാർഖോവ്, ഓഡീസ, സെബാസ്റ്റപോഠം, റോസ്റ്റോവ്, സ്റ്റാലിൻഗ്രാഡ്—ഈ പട്ടണങ്ങളിലെല്ലാം ജമ്മനിയുടെ പീരങ്കികളും ടാങ്കുകളും പോർവിമാനങ്ങളും പടയാളികളും കൊള്ളിവെച്ചും കൊ

ള്ളചെയ്യും കൊലപ്പെടുത്തിയും നാടും വീടും നശിപ്പിച്ചിട്ടില്ലേ? ഈ പട്ടണങ്ങൾക്കെല്ലാം നാസിജമ്മനിയുടെ ആധിപത്യത്തിൻകീഴിൽ ദുശ്ശാസനവാഴ്ചയല്ലേ അനുഭവിയ്ക്കേണ്ടിവന്നിട്ടുള്ളതു്?

ഓരോന്നോരോന്നായി ഈ തലസ്ഥാനങ്ങളെയെല്ലാം മോചിപ്പിച്ചതിനുശേഷമാണ് കിഴക്കുനിന്നു ചുകപ്പുപട്ടാളവും പടിഞ്ഞാറുനിന്നു സഖ്യപട്ടാളങ്ങളും ഇന്നു ജമ്മനിക്കകത്തെത്തിട്ടുള്ളതു്. അവക്കു ദയ കാണിക്കാൻ വയ്യ. അത്തരം കാഴ്ചകളാണ്, കെടുതികളാണ് യൂറോപ്പിലെ ഈ ഓരോ സംസ്ഥാനത്തിലും അവർ നേരിട്ടുകണ്ടിട്ടുള്ളതു്. അതവരുടെ കണ്ണിൽ തീപ്പൊരി പാറിച്ചിട്ടുണ്ടു്; ഉന്നംപിഴയ്ക്കാത്ത കരുത്തു് അവരുടെ കൈകൾക്കു നല്കീട്ടുണ്ടു്. നാമതിൻെറ ഫലം ബർലിൻനഗരത്തിലെ യുദ്ധത്തിൽ കാണുന്നു.

## വളഞ്ഞിടുന്ന തന്ത്രത്തിൻെറ വിജയം

ചുകപ്പുപട്ടാളത്തിൻെറ ഈ അവസാനാക്രമണം ഏപ്രിൽ 17-ാംനു-യാണ് തുടങ്ങിയതു്. 70 നാഴിക വീതിയിലുള്ള ഒരു മുന്നണിയിൽ വടക്ക് മാഷ്ൽ റൊക്കോസ്സോവ്സ്കിയും മദ്ധ്യത്തിൽ മാഷ്ൽ സൂക്കോവും തെക്കേയററത്തു് മാഷ്ൽ കോണീവും ബർലിൻെറ നേരെ പട നീക്കി. ബർലിനിലേയ്ക്കെത്താനുള്ള ഒടുക്കത്തെ തടസ്ഥമായിട്ടുണ്ടായിരുന്ന ഓഡർനദിയും നീസ്നദിയും അവർ തെക്കുനിന്നും വടക്കുനിന്നും കടന്നു.

മാഷ്ൽ റൊക്കോസ്സോവ്സ്കി നേരിട്ടു ബർലിനെ ആക്രമിക്കയല്ല ചെയ്തതു്; ബർലിനെ വലയം ചെയ്യാനു

ള്ള ഉദ്ദേശത്തോടെ നഗരത്തിന്റെ വടക്കുഭാഗത്തുടെ പടിഞ്ഞാട്ടു നീങ്ങി. മാഷ്ൽ കോണീവിന്റെ പട്ടാളങ്ങളിലൊരു ഭാഗം ബർലിനെ ലക്ഷ്യമാക്കിയും മറെറാന്നു തെക്കുഭാഗത്തുടെ പടിഞ്ഞാട്ടും കയറി.

യുദ്ധം തുടങ്ങിയിട്ടു് ഇപ്പോഠം രണ്ടാഴ്ചയേ ആയിട്ടുള്ളു. ഇതിന്നിടയ്ക്കു് എന്തെല്ലാം സംഭവിച്ചു എന്നു് നോക്കുക: ഏപ്രിൽ 23-ാംനു- ആക്രമണം തുടങ്ങിയിട്ടു ഒരാഴ്ച കഴിഞ്ഞപ്പോഠം മാർഷൽ സ്റ്റാലിന്റെ രണ്ടു പട്ടാളക്കല്പനകഠം പുറത്തു വന്നു. ഒന്നു്, മാർഷൽ സൂക്കോവിനുള്ളതായിരുന്നു: അതിൽ ഒന്നാം വൈററ്റഷ്യൻരംഗത്തിലെ പട്ടാളങ്ങഠം ഓഡർനദീതീരത്തുള്ള ഫ്രാൻകഫർട്ടു് പട്ടണം പിടിച്ചു ബർലിനിലേയ്ക്കു നേരിട്ടു യാത്ര തുടന്നതായും പട്ടണത്തിൽ പ്രവേശിച്ചിരിക്കുന്നതായും പറഞ്ഞിരിക്കുന്നു. രണ്ടാമത്തേതു് മാർഷൽ കോണീവിനുള്ളതാണു്: കോണീവിന്റെ നേതൃത്വത്തിലുള്ള ഒന്നാം ഉക്രേനിയൻ മുന്നണിപ്പട്ടാളങ്ങഠം ഒരാഴ്ചയ്ക്കകം 95 നാഴിക പിന്നിട്ടു കോട്ടബസ്സ് എന്ന നഗരം പിടിച്ചു് എൽബ് നദീതീരത്തെത്തുകയും തെക്കുഭാഗത്തു ബർലിൻനഗരത്തിലേയ്ക്കു കടക്കുകയും ചെയ്തിരിക്കുന്നു.

രണ്ടു ദിവസം കഴിഞ്ഞു. ഏപ്രിൽ 25-ാംനു- സ്റ്റാലിന്റെ പുതിയൊരു പട്ടാളക്കല്പന; മാഷ്ൽമാരായ സൂക്കോവിന്നും കോണിവിന്നുംകൂടിയുള്ളതാണതു്. അതിൽ പറയുന്നു: "ഒന്നാം വൈററ്റഷ്യൻമുന്നണിയിലെ പട്ടാളങ്ങഠം ബർലിനിൽനിന്നു പടിഞ്ഞാറോട്ടു പോകുന്ന എല്ലാ റോഡുകളും മുറിക്കുകയും പോററ്സ്ഡാമിന്നു വടക്കു

പടിഞ്ഞാറുവെച്ച് ഒന്നാം ഉക്രേനിയൻമുന്നണിയിലെ പട്ടാളങ്ങളുമായി കൂടിച്ചേരുകയും ചെയ്തിരിക്കുന്നു."

ബർലിൻപട്ടണത്തെ തികച്ചും ചുകപ്പുപട്ടാളം വളഞ്ഞുകഴിഞ്ഞു. ബർലിനെ രക്ഷിക്കാമെന്ന വ്യാമോഹത്തിന്മേൽ അവിടെ തടിച്ചുകൂടീട്ടുള്ള ഭ്രാന്തുപിടിച്ച നാസിചെറുപ്പക്കാർക്കും അവരുടെ നേതാക്കന്മാർക്കും ഈ ഇരുമ്പുവലയത്തിൽനിന്നു രക്ഷപ്പെടാൻ വയ്യ. ഈ വലയം അവരുടെ മേൽ ക്രമേണ ക്രമേണ മുറുകിവന്ന് അവരെ അവസാനനാശത്തിലേയ്ക്കോ കീഴടങ്ങുന്നതിലേയ്ക്കോ എത്തിക്കുന്നതിന്ന് എത്ര ദിവസം വേണ്ടിവരുമെന്നത് ഒരു പ്രശ്നമല്ല; അവരെ വളഞ്ഞുകഴിഞ്ഞുവെന്നതാണ് കാര്യം.

## സഖ്യപട്ടാളങ്ങൾ കൈകോർക്കുന്നു

ബർലിൻപട്ടണം വളഞ്ഞുകഴിഞ്ഞുവെന്നതുമാത്രമല്ല, ഏപ്രിൽ അവസാനത്തെ ആഴ്ചയിൽ യൂറോപ്യൻ യുദ്ധമുന്നണിയിലുണ്ടായിട്ടുള്ള ഏററവും പ്രധാനമായ സംഭവികാസം; തെക്കുകിഴക്കൻ ജർമ്മനിയിൽ ചെക്കോസ്ലോവാക്യയുടെ അതിർത്തിയിൽവെച്ച് അമേരിക്കൻ സൈന്യവും റഷ്യൻസൈന്യവും കൈകോർത്തുപിടിച്ചിരിക്കുന്നു. മോസ്കോനഗരം ഈ സംഭവത്തെ ആഘോഷിക്കാനായി 324 ആചാരവെടി പൊട്ടിക്കുകയുണ്ടായി. സ്റ്റാലിനും ചർച്ചിലും പ്രസിഡണ്ട് ട്രൂമാനും പരസ്പരം ആശംസാസന്ദേശങ്ങളയച്ചുകൊണ്ടാണ് ഈ സംഭവം ലോകത്തെ അറിയിച്ചത്. അമേരിക്കയിലെ സാൻഫ്രാൻസിസ്കോനഗരത്തിൽ നാല്പത്താറു സഖ്യരാജ്യങ്ങളിലെ നേതാക്കന്മാർ യുദ്ധങ്ങളുടെ മൂലകാരണങ്ങളെത്തന്നെ നി

മ്മാജ്ജനം ചെയ്തു ഭാവിയിൽ സമാധാനമോഹനമായ ഒരു ലോകത്തെ സൃഷ്ടിക്കുന്നതിന്നുള്ള ആലോചനകൾ നടത്തുന്ന സമയത്ത്, മഞ്ഞിലും മഴയത്തും മരുഭൂമിയിലും മലയിടുക്കുകളിലും അചിന്ത്യങ്ങളായ അനേകം പ്രതിബന്ധങ്ങളോട് മല്ലിട്ടും സ്വന്തം ജീവനെ ബലികഴിച്ചും സമാധാനസ്ഥാപനത്തിന്നുള്ള പരിതഃസ്ഥിതികൾ സൃഷ്ടിച്ച സംഖ്യപട്ടാളക്കാർ സൌഹാർദ്ദത്തിലും ശത്രുസംഹാരദൃഢനിശ്ചയത്തിലും കൈകോർക്കുകയെന്നതിന്നുള്ള പ്രാധാന്യം കുറച്ചൊന്നുമല്ല.

സോവിയററുഷ്യയുടെ ആവിർഭാവത്തിന്നുശേഷം, ആ രാജ്യത്തെ ഒററതിരിച്ചുകററിനിർത്തുകയെന്ന നയവിശേഷം കഴിഞ്ഞ കാൽനൂററാണ്ടുകാലം അനുവർത്തിച്ചതിന്റെ വിഷഫലം ഈ യുദ്ധത്തോടുകൂടിയാണ് ലോകജനത അനുഭവിച്ചത്. സോവിയററുഷ്യയ്ക്കെതിരായി അജയ്യമായ ഒരു സായുധശക്തിയെന്ന നിലയ്ക്കു ജർമ്മൻഫാഷിസത്തെ പോററി വളർത്തിക്കൊണ്ടുവന്നവർക്കു, സ്പൃശനമാത്രസംഹാരശക്തികൊണ്ടുതന്നെ സേവിച്ച രാക്ഷസനെ അനുഗ്രഹിച്ച പരമശിവന്റെ ഗതി വന്നുകൂടി. ആ രാക്ഷസൻ വരദാതാവിന്റെ നേക്കുതന്നെ കൈ നീട്ടി. ആ രാക്ഷസനെ നിഹനിക്കാതെ ലോകത്തിലാക്കെങ്കിലും രക്ഷയുണ്ടോ? യൂറോപ്പിലെ ചെറുരാജ്യങ്ങളുടെ തലയ്ക്കെല്ലാം അവൻ കൈവെച്ചു; അവയെല്ലാം നിലംപതിച്ചു. റഷ്യയെമാത്രമേ അവന്നു തൊടാൻ സാധിക്കാതിരുന്നുള്ളു. സ്വാതന്ത്ര്യത്തിലും സമാധാനപൂർണ്ണമായ ജീവിതത്തിലും ആഗ്രഹവും വിശ്വാസവുമുള്ള എല്ലാവരും അവനെ

വളഞ്ഞിട്ടു കൊല്ലാനായി ഒത്തുചേരേണ്ടതായിരുന്നു. പക്ഷെ അതു ക്ഷിപ്രസാദ്ധ്യമായിരുന്നില്ല. രണ്ടാംയുദ്ധരംഗം തുറക്കാൻ രണ്ടരക്കൊല്ലം നിരന്തരമായി പൊരുതേണ്ടിവന്നു. രണ്ടാംയുദ്ധരംഗം തുറന്നപ്പോഴോ, എന്തൊരു മാററമാണ് സംഭവിച്ചതു്? ഒരു കൊല്ലം തികയുന്നതിന്നുമുമ്പു്, അതേ രാക്ഷസൻെറ നെഞ്ചിൽവെച്ചു്, ജർമ്മൻ മണ്ണിൽ വെച്ചു സഖ്യപട്ടാളങ്ങൾ കൈകോർത്തുപിടിച്ചിരിക്കുന്നു.

ജർമ്മൻപട്ടാളശക്തി ചിന്നിച്ചിതറി

തെക്കൻ ജർമ്മിനിയിലൊരിടത്തു മാത്രമല്ല ഈ സമ്മേളനം നടക്കാൻ പോകുന്നുള്ളൂ. ജർമ്മനിയിലുടനീളം ഒരു ഭാഗത്തു ബ്രിട്ടീഷമേരിക്കൻസൈന്യങ്ങളും മറുഭാഗത്തു റഷ്യൻപട്ടാളങ്ങളും പരസ്പരം കൈകോർത്തുപിടിച്ചു് അവസാനത്തെ യുദ്ധത്തിലേയ്ക്കു് ഒത്തൊരുമിച്ചിറങ്ങാനാണ് ഭാവം.

ഒന്നാമതു്, ബർലിൻനഗരത്തിൻെറ പടിഞ്ഞാറുഭാഗത്തു റഷ്യൻപട്ടാളക്കാരും, പടിഞ്ഞാറുനിന്നു തലസ്ഥാനത്തിൻെറ ഏററവും അടുത്തെത്തിയ അമേരിക്കൻ ഒമ്പതാംപടയും തമ്മിൽ എന്നു വേണമെങ്കിലും യോജിച്ചേയ്ക്കാം., അവർ തമ്മിൽ ഇരുപതു നാഴിക ദൂരമേയുള്ളൂ.

രണ്ടാമതു്, തെക്ക് ആസ്ത്രീയയിൽ മാർഷൽ ടോൾബുഖിൻെറ ചുകപ്പുപട്ടാളസംഘവും ജനറൽ പാററൻെറ അമേരിക്കൻമൂന്നാംപടയും തമ്മിൽ ലിൻസ് പട്ടണത്തിന്നടുത്തുവെച്ചുകൂടിച്ചേരാൻപോകുന്നു. ഇതിന്നുവേണ്ടിയാണ്, ആസ്ത്രീയയുടെ തലസ്ഥാനമായ വിയന്ന പിടിച്ചതിന്നുശേഷം മാർഷൽ ടോൾബുഖിൻ പടിഞ്ഞാട്ടു തിരി

ഞ്ഞതു്. അമേരിക്കൻ മൂന്നാംപട ലിൻസ്നഗരത്തിന്നു 40 നാഴിക വടക്കുപടിഞ്ഞാറു ഡാന്യൂബ്നദീതീരത്തെത്തിയിരിക്കുന്നു; മാർഷൽ ടോൾബുഖിൻെറ പട്ടാളം ഡാന്യൂബ്നദീതീരത്തുതന്നെ പട്ടണത്തിൻെറ 55 നാഴിക കിഴക്കും.

മൂന്നാമതു്, ബർലിൻെറ വടക്കുഭാഗത്തു് എൽബ് നദീതീരത്തെത്തിക്കഴിഞ്ഞ മാഷ്ൽ മോൺഗോമറിയുടെ പട്ടാളങ്ങളും, ബാൾട്ടിക്ക്തീരത്തെ ജമ്മൻതുറമുഖങ്ങളെ ഓരോന്നായി പിടിച്ചുകൊണ്ടു പടിഞ്ഞാട്ടു നീങ്ങുന്ന മാഷ്ൽ റൊക്കോസ്സോവ്സ്കിയുടെ റഷ്യൻസൈന്യവും അടുത്തുതന്നെ യോജിക്കും.

ഇതുകൊണ്ടും ചിത്രം പൂത്തിയായില്ല. തെക്ക് ഇററലിയിൽനിന്നും യൂഗോസ്ലാവിയയിൽനിന്നും ജമ്മനിയുടെ നേക്ക് അപ്രതിഹതമായ ഒരു കൊടുങ്കാററു് ഇരച്ചുകയറുന്നുണ്ടു്. അതിൻെറ ഇരമ്പം ഇന്നുതന്നെ ജമ്മനിയിൽ കേട്ടു തുടങ്ങീട്ടുണ്ടാവും. വളരെക്കാലമായി മയങ്ങിക്കിടന്നിരുന്ന ഇററാലിയൻയുദ്ധമുന്നണി എങ്ങും അനങ്ങിത്തുടങ്ങിയിരിക്കുന്നു. വടക്കൻ ഇററലിയിലെ ഗറില്ലാപട്ടാളങ്ങളുടെ സഹായത്തോടുകൂടി മാഷ്ൽ അലക്സാൻഡർ വായുവേഗത്തിലാണ് ഇററാലിയൻനഗരങ്ങളെ വിമോചിപ്പിച്ചുകൊണ്ടു മുന്നോട്ടു കയറുന്നതു്. യൂഗോസ്ലാവിയയിൽ മാഷ്ൽ ടീറേറാവും പടനീക്കിയിരിക്കുന്നു. മാഷ്ൽ ടോൾബുഖിൻെറ പട്ടാളത്തിലൊരു ഭാഗം തെക്കൻ ആസ്റ്റ്രിയായിൽ കിഴക്കോട്ടും നീങ്ങുന്നുണ്ടു്. ഈ പട്ടാളനായകന്മാരുടെ സംയുക്തനേതൃത്വത്തിൽ ബ്രിട്ടീഷമേരിക്കൻ-

റഷ്യൻ-യൂഗോസ്ലാവിയൻസൈന്യങ്ങളുടെ ഒരു വമ്പിച്ച പ്രവാഹം ജർമ്മനിയുടെ നേക്ക് മിന്നൽപോലെ പാഞ്ഞുവരും.

## വായ്മടങ്ങിയ ഒടുക്കത്തെ ആയുധം

ജർമ്മൻപട്ടാളത്തിന്നു് ഒരിടത്തും ഇനി നിലയില്ലെന്നാണിതിൻെറ സാരം. ബർലിൻ പിടിച്ചാലും വടക്കൻ ജർമ്മനി മുഴുവനും നഷ്ടപ്പെട്ടാലും തെക്കൻ ജർമ്മനിയിലേയും ബവേറിയയിലേയും മലംകാടുകളിലേയ്ക്കു പിൻവാങ്ങി അവിടെ യുദ്ധം തുടരാമെന്നായിരുന്നു ഹിററ്ലരുടെ ആശ. പക്ഷെ ആശ ഉറയ്ക്കുന്നതിന്നു മുമ്പുതന്നെ, സൂര്യപ്രകാശം തട്ടിയ മൂടൽമഞ്ഞുപോലെ, ആവിയായിപ്പോയിരിക്കുന്നു. അതാണു് ഈ സഖ്യപട്ടാളമേളനങ്ങളുടെ അർത്ഥം. ഹിററ്ലക്കു തൻെറ പട്ടാളങ്ങളെ തെക്കൻ ജർമ്മനിയിലേയ്ക്കു പിൻവലിയ്ക്കാൻ നിവൃത്തിയില്ലെന്നുമാത്രമല്ല, തെക്കൻജർമ്മനിയിൽത്തന്നെ കിഴക്കു നിന്നും പടിഞ്ഞാറുനിന്നും മുന്നോട്ടു കയറുന്ന സഖ്യപട്ടാളങ്ങൾ പ്രധാനനഗരങ്ങൾ പിടിച്ചും ജർമ്മൻപട്ടാളസങ്കേതങ്ങളെ വളഞ്ഞിട്ടും എതിർപ്പിന്നുള്ള സാദ്ധ്യതകളില്ലാതാക്കിവരികയാണു്.

ഇന്നു് 130 ലക്ഷം സഖ്യസൈന്യങ്ങൾ ജർമ്മനിക്കകത്തുണ്ടു്. അവർ തികച്ചും ആയുധം ധരിച്ചവരാണു്, സതതരവിജയങ്ങളുടെ തിരമാലയിന്മേൽ സവാരിചെയ്തുകൊണ്ടാണവർ വരുന്നതു്. അതിന്നെതിരായി 22½ ലക്ഷം പട്ടാളങ്ങളാണു് ഹിററ്ലക്കുള്ളതു്—ആശാഭഗ്നമായ, തോററു തോററു മനംമടുത്ത ഒരു പട്ടാളം—നാസിസ

ക്കറുപ്പുകൊണ്ടു കണ്ണും കരളും കെട്ടുപോയ ചെറിയൊരു വിഭാഗം ചെറുപ്പക്കാരൊഴികെ ജർമ്മൻപട്ടാളക്കാരിൽ ഭൂരിഭാഗവും എങ്ങനെയെങ്കിലും യുദ്ധം കഴിഞ്ഞാൽ മതിയെന്നാഗ്രഹിക്കുന്നവരുമാണ്. ഈ സ്ഥിതിയിൽ എന്താണുണ്ടാകാൻ പോകുന്നതെന്ന് ഊഹിയ്ക്കാൻ വിഷമമില്ല.

അപ്പോൾ പിന്നെ തങ്ങളെ കാത്തുനില്ക്കുന്ന അനിവാര്യവും അനുതാപരഹിതവുമായ ശിക്ഷയിൽനിന്നു രക്ഷപ്പെടാനെന്താണ് മാർഗ്ഗം? സഖ്യശക്തികൾക്കിടയിൽ പിളർപ്പുണ്ടാക്കുക; അവർക്കുള്ളതിച്ചാടാനുള്ള വിടവതുമാത്രമേയുള്ളൂ. ഒരു മാസംമുമ്പു ജർമ്മൻ വിദേശകാര്യമന്ത്രിയായ റിബൺട്രോപ്പ് പ്രസംഗിച്ചു: "ജർമ്മൻകാർ ഒരിക്കലും ബ്രിട്ടീഷമേരിക്കൻ ഗവർമ്മേണ്ടുകൾക്കു കീഴടങ്ങുകയില്ല. വേണമെങ്കിൽ അവർ റഷ്യക്കാരെ യഥേഷ്ടം ജർമ്മനിയിലേയ്ക്കു കടന്നുവരാനനുവദിച്ചിട്ടും പടിഞ്ഞാറൻ രംഗത്തുള്ള യുദ്ധം തുടരും." അതു ബ്രിട്ടീഷമേരിക്കൻ പട്ടാളങ്ങൾ ആക്രമണമാരംഭിച്ച സമയത്തായിരുന്നു. ഹോളണ്ടു മുതൽ സ്വിററ്സർലണ്ടുവരെ ബ്രിട്ടീഷമേരിക്കൻഫ്രഞ്ചുസൈന്യങ്ങൾ അത്ഭുതപൂർവ്വമായ ആയുധസന്നാഹങ്ങളോടുകൂടി ജർമ്മനിയിലേയ്ക്കു കടക്കാൻ തുടങ്ങിയിരുന്നു. റൈൻനദി അവർ മുറിച്ചുകടന്നു; വൈസർനദി അവരുടെ മാർഗ്ഗത്തിലൊരു വലിയ തടസ്ഥമായില്ല; മുന്നണിപ്പട്ടാളവിഭാഗങ്ങൾ അവസാനത്തെ നദീതടസ്ഥമായ എൽബിന്റെ വക്കത്തെത്തി. അപ്പോഴാണ് കിഴക്കുനിന്നു പതിനാറു റഷ്യൻപടകൾ ബർലിന്റെ നേർക്കു കുതിച്ചത്. ഒട്ടും താമസമുണ്ടായില്ല, ഹിററ്ലരും ഗോബൽ

സും പ്രസംഗിയ്ക്കാൻ: "ആ ബോൾഷവിക്ക്കാട്ടാളന്മാരിൽനിന്നു യൂറോപ്പിനെ രക്ഷിക്കാനുള്ള അവസാനത്തെ അവസരമാണ് വന്നിരിക്കുന്നത്. ജർമ്മനിയിലെ ധീരഭടന്മാർ ഈ അന്തിമസന്ദർഭം ഉപേക്ഷിക്കുകയില്ല."

അതുകൊണ്ടും ഫലമുണ്ടായില്ല. ആരും അതു ചെവിക്കൊണ്ടില്ല. സഖ്യപട്ടാളങ്ങൾക്ക് ഇത്തരം ജല്പനങ്ങൾ കേൾക്കാൻ സമയമില്ല. ജർമ്മൻജനതയ്ക്കുതന്നെ തങ്ങൾക്കുള്ളതായിപ്പറയുന്ന ഈ "പരിശുദ്ധദൌത്യ"ത്തെപ്പററി സംശയം ജനിക്കാൻ തുടങ്ങിയിരുന്നു.

## സന്ധിയാലോചകൾ വെറും തന്ത്രം

കെഞ്ചിയിട്ടോ കണ്ണുരുട്ടിയിട്ടോ യാതൊരു ഗുണവുമില്ലെന്നു കണ്ട നാസിനേതാക്കൾ ഇപ്പോൾ നിരുപാധികമായി കീഴടങ്ങാൻ തയ്യാറാണെന്ന് അറിയിച്ചിരിക്കുന്നു. നാസിദുശ്ശാസനനായ ഹിംലരാണുപോലും അറിയിച്ചിരിക്കുന്നത്. ബ്രിട്ടന്റേയും അമേരിക്കയുടേയും മുമ്പിൽ കീഴടങ്ങാനൊരുക്കമാണെന്നത്രേ ഹിംലരുടെ അപേക്ഷ. ഊദ്ധ്വൻവലിക്കുമ്പോഴും സഖ്യരാജ്യങ്ങളെ തമ്മിൽ തെററിക്കാമെന്നാണ് അവരുടെ ആശ.

സഖ്യപട്ടാളങ്ങൾ ജർമ്മനിയിൽ സൈനികമായി കൈകോർത്തുപിടിച്ച സമയത്താണ്, സഖ്യരാഷ്ട്രപ്രതിനികൾ രാഷ്ട്രീയമായി സാൻഫ്രാൻസിസ്കോപട്ടണത്തിൽ ഒത്തുചേർന്നിരിക്കുന്ന സമയത്താണ് റഷ്യയെ അവഗണിച്ചുകൊണ്ടുള്ള ഈ അഭ്യർത്ഥന ഹിംലർ പുറപ്പെടുവിച്ചത്.

ബ്രിട്ടനും അമേരിക്കയും അതിന്ന് അർഹിക്കുന്ന മ

റുപടി കൊട്ടുക്കുകയും ചെയ്തു: ജർമ്മനി എല്ലാ സഖ്യരാഷ്ട്ര ങ്ങളുടേയും മുമ്പിൽ കീഴടങ്ങണം.

ജനാധിപത്യരാജ്യങ്ങൾക്കിടയിൽ പിളപ്പുണ്ടാക്കാനുള്ള കുതന്ത്രങ്ങൾ വായ്ത്തല മടങ്ങിയ ഒരായുധമാണ്. അതിന്നു വെറും വെണ്ണക്കൂടി മുറിക്കാനാവില്ല. എന്നിട്ടല്ലേ സഖ്യരാഷ്ട്രങ്ങളുടെ ആയസബന്ധത്തെ തകൎക്കാൻ മോഹിക്കുന്നത്?

റഷ്യൻ യുദ്ധലേഖകനായ ഇല്ല്യ എഹറൻബൂൎഗ്ഗിൻെറ ചില വാചകങ്ങളാണ് ഈ സന്ദൎഭത്തിൽ എനിക്കോൎമ്മയിൽ വരുന്നത്. ചുകപ്പു പട്ടാളം ജൎമ്മനിയിൽ കടന്നതിന്നുശേഷം ജൎമ്മനിയിൽപ്പോയപ്പോൾ തനിക്കുണ്ടായ വിചാരങ്ങളെ അദ്ദേഹം രേഖപ്പെടുത്തിട്ടുള്ളതാണ് ആ വാചകങ്ങൾ:

"മഹത്തും ശക്തിമത്തുമായ പല പട്ടാളങ്ങളേയും ചരിത്രത്തിന്നറിയാം. പക്ഷേ മനുഷ്യൻെറ അന്തസ്സിൻെറയും നീതിയുടേയും പട്ടാളമായ ചുകപ്പുപട്ടാളം മുമ്പൊരിക്കലും ചരിത്രത്തിലുണ്ടാകാത്തതാണ്. ജൎമ്മനിയിലെത്തിയാൽ ഓരോ നിമിഷവും ഞങ്ങൾക്കു തോന്നും, ഞങ്ങളാണ് ലോകത്തെ രക്ഷിച്ചതെന്ന്; ഞങ്ങളാണ് യൂറോപ്പിനെ മോചിപ്പിച്ചതെന്ന്; ഫാഷിസ്റ്റുകണ്ടാമൃഗത്തിൻെറ മുഖത്തു ഞങ്ങളാണ് പാദമൎപ്പിച്ചതെന്ന്. അതുകൊണ്ടാണ് ഞങ്ങൾക്കിത്ര സന്തോഷം. അതുകൊണ്ടാണ് ഞങ്ങളുടെ പട്ടാളക്കാരും, ഉക്രെനിയൻ പെൺകിടാങ്ങളും, പോളണ്ടുകാരായ സ്ത്രീകളും, പരന്ത്രീസ്സുകാരും, ഇംഗ്ലീഷുകാരും എ

ല്ലാം പുഞ്ചിരി തൂകുന്നതു്. ജമ്മൻകാർ മാത്രമേ ചിരിക്കാതുള്ളു. 'അവസാനം ചിരിക്കുന്നവനാണു് ഏററവും നന്നായി ചിരിക്കുക'യെന്നു് ഒരു പരന്ത്രീസ്സു ചൊല്ലുണ്ടു്. ജമ്മൻകാർ വളരെക്കാലം ചിരിച്ചു. വാർസാപട്ടണം കത്തിയെരിഞ്ഞപ്പോഴം, പാരീസ്സുനഗരം കണ്ണീർ വാത്തപ്പോഴം, ജമ്മൻവിമാനങ്ങഠം തീയുണ്ട ചൊരിയുന്നതിൻകീഴിൽ റഷ്യൻ കൃഷിക്കാരുടെ സ്ത്രീകഠം കുഞ്ഞുങ്ങളെ മാറോടണച്ചുപിടിച്ചു സ്മോളൻസ്കിലെ തെരുവുകളിലൂടെ പാഞ്ഞോടി നടന്നപ്പോഴം, ജമ്മൻകാർ പൊട്ടിച്ചിരിച്ചു. ജമ്മൻകാർ അന്നു ചിരിച്ചു മണ്ണുകപ്പി. ഇന്നവർ ചിരിക്കുന്നില്ല. അടുത്തു് അവക്കു കുറച്ചു കരയേണ്ടതായും വരും."

1120 മീനം

## ജപ്പാനെ തോൽപ്പിക്കാൻ

യൂറോപ്പിൽ നാസിനിണമണിച്ചൽനാടകത്തിൻെറ ഭരതവാക്യം ചൊല്ലിക്കഴിഞ്ഞെങ്കിലും, ലോകത്തെയാകെ എടുത്തുനോക്കുമ്പോഠം യുദ്ധമവസാനിച്ചിട്ടില്ല. എങ്ങനെ അവസാനിക്കും? നാസികഠംതന്നെ ഉടപ്പഴിച്ചുവെച്ചു് ലളിതയുടെ കള്ളവേഷത്തിൽ വീണ്ടും അരങ്ങത്തു വരികയില്ലെന്നു തീത്തുപറയാറായിട്ടില്ല. തന്നെയല്ല, കിഴക്കു ശാന്തസമുദ്രത്തിൽ ഫാഷിസ്റ്റു് ത്രിപുരാസുരന്മാരിൽ അവസാനത്തെയാഠം ഇപ്പോഴം അട്ടഹസിച്ചു നില്ക്കുക

തന്നെയാണു്; അവനേയും നശിപ്പിച്ചാലല്ലാതെ നമുക്കു സമാധാനമായെന്നു പറയാൻതന്നെ വയ്യ.

എത്ര വേഗത്തിലാണതുണ്ടാവുക? ജപ്പാന്നെതിരായ യുദ്ധത്തിൻെറ നിലയെന്തു്? എത്രയും വേഗത്തിൽ ജപ്പാനെക്കൂടി തോല്പിക്കാൻ വേണ്ട സൈനികവും രാഷ്ട്രീയവുമായ കരുത്തു സഖ്യശക്തികാം സംഭരിച്ചുകഴിഞ്ഞിട്ടുണ്ടോ?

1941 ഡിസമ്പറിന്നും 1942 ആഗസ്റ്റിന്നുമിടയ്ക്കു് അഞ്ചെട്ടുമാസംകൊണ്ടു് ജപ്പാൻകാർ തെക്കുകിഴക്കൻ ഏഷ്യയെ മുഴുവനും കൈവശപ്പെടുത്തി-അന്യാദൃശമായ വേഗത്തോടുകൂടിയ ആക്രമണങ്ങളിലൊന്നായിരുന്നു അതു്. ശാന്തസമുദ്രത്തിൽ ജാപ്പുപട്ടാളക്കാർ ആസ്ത്രേലിയയുടെ അതിരുകാംവരെയെത്തി; ഇന്ത്യാസമുദ്രത്തിൽ മലയയും ബമ്മയും പടിച്ചടക്കി ഇന്ത്യയുടെ പടിവാതില്ക്കൽ വന്നു മുട്ടിത്തുടങ്ങി. ജപ്പാൻദ്വീപിൻെറയും തങ്ങാംക്കിഷ്ടംപോലെ കൈകാര്യംചെയ്യാനുള്ള ഒരു സ്വകാര്യസ്വത്തായി ജപ്പാൻകാർ കണക്കാക്കിയ ചൈനീസ് ഭൂഖണ്ഡത്തിൻേറയും ചുററുപാടും വിസ്താരമേറിയ ഒരു രക്ഷാവലയം കെട്ടിയുയത്താൻ ഈ സത്വരവിജയങ്ങളുടെ ഫലമായി അവക്കു് സാധിച്ചു.

കഴിഞ്ഞ രണ്ടരകൊല്ലമായി ഈ രക്ഷാവലയങ്ങാം മുറിച്ചുകടക്കാനുള്ള ഭഗീരഥസമരമായിരുന്നു സഖ്യപട്ടാളങ്ങാം—നാവികപ്പടയും വിമാനസൈന്യവും വിശേഷിച്ചും—നടത്തിവന്നതു്. അതു ദീർഘമേറിയതായിരുന്നു; കഠോരമായിരുന്നു. ഓരോ കൊച്ചുദ്വീപിന്നും ഓരോ അംഗുലം സ്ഥലത്തിന്നുംവേണ്ടി അവക്കു് പൊരുതേണ്ടിവന്നു.

ബൎമ്മയിൽ പരക്കംപാച്ചൽ

ഒരു വൎഷംമുമ്പ് ആസ്സാം–ബംഗാളതിൎത്തിയിൽനിന്ന് ഇന്ത്യയിലേയ്ക്കു പ്രവേശിച്ച ജാപ്പുപട്ടാളം ഇന്നു ബൎമ്മാരാജ്യമാകെ ഉപേക്ഷിച്ചുകൊണ്ടു് പിന്തിരിഞ്ഞോടുകയാണ്. ഇന്ത്യയുടെ അതിരുകളിൽനിന്നും അരാക്കാനിൽനിന്നും ജാപ്പുസൈന്യങ്ങളെ പിന്നോക്കം തള്ളിയ പതിന്നാലാംപട്ടാളം കഴിഞ്ഞ ഏഴെട്ടുമാസമായി ക്രമേണ ക്രമേണ വടക്കൻബൎമ്മയിലേയ്ക്കു കയറി, ഓരോ പട്ടണത്തിൽനിന്നും ഗ്രാമത്തിൽനിന്നും ശത്രുസൈന്യങ്ങളെ തുരത്തി ബൎമ്മയുടെ മദ്ധ്യത്തിലൂടെ വടക്കുതെക്കായൊഴുകുന്ന ഐരാവതീനദിയുടെ തീരംവരെയെത്തിയിരുന്നു; വടക്കൻബൎമ്മയുടെ തലസ്ഥാനമായ മാണ്ഡലെനഗരത്തെ സമീപിച്ചുകഴിഞ്ഞിരുന്നു. മാർച്ചുമാസാരംഭത്തിൽ പതിന്നാലാംപട്ടാളം വീണ്ടും ആക്രമണമാരംഭിച്ചു. മാണ്ഡലെ പിടിയ്ക്കുക, മദ്ധ്യബൎമ്മൻസമതലത്തിൽനിന്നു ശത്രുക്കളെ ഓടിയ്ക്കുക, അങ്ങനെ റംഗൂണിലേയ്ക്കു് മാർച്ചുചെയ്യാനുള്ള മാൎഗ്ഗം തെളിയിക്കുക—ഇതായിരുന്നു ഈ ആക്രമണത്തിന്റെ ഉദ്ദേശം. ആറാഴ്ചകാലത്തെ സുധീരവും മാമൂലുകളെ വകവെയ്ക്കാത്തതുമായ സൈനികപ്രവൎത്തനങ്ങളെക്കൊണ്ടു പതിന്നാലാംപട്ടാളത്തിന്നിതു സാധിച്ചിരിക്കുന്നു.

പ്രധാനപട്ടാളം മാണ്ഡലെ നഗരത്തെ നേരിട്ടാക്രമിച്ചു; കഠിനമായ യുദ്ധം നടന്നു. പട്ടണവും ഡഫ്രിൻ കോട്ടയെന്ന ശക്തിയേറിയ ശത്രുപട്ടാളകേന്ദ്രവും സഖ്യസൈന്യങ്ങൾക്കധീനമായി. അതേസമയത്ത്, വിമാനം

വഴി വന്നുചേൎന്ന കൂടുതൽ സൈന്യങ്ങളെക്കൊണ്ടു ശക്തികൂടിയ മറെറാരു വിഭാഗം പട്ടാളക്കാർ മാണ്ഡലേയ്ക്കു തെക്കായി ഐരാവതീനദി കടന്നു കരൊാറയടിയ്ക്കു മീററ്ക്കിലപട്ടണം പിടിച്ചു. ഈ രണ്ടു വിഭാഗങ്ങളും ചേൎന്നു നദീതീരത്തിലൂടെ തെക്കോട്ടു നീങ്ങി. മൂന്നാമതൊരു വിഭാഗം നേരെ കിഴക്കോട്ടു ചെന്നു മായാവിയോ എന്ന സ്ഥലത്തു് ഒത്തുചേൎന്നു നില്ക്കുന്ന ജാപ്പുസൈന്യത്തെ അറിയാതെ ആക്രമിച്ചു നശിപ്പിക്കുകയും, കിഴക്കു നിന്നു വരുന്ന ചൈനീസ്സമേരിയ്ക്കൻപട്ടാളവുമായി സന്ധിച്ചു തെക്കോട്ടു നീങ്ങാൻ തുടങ്ങുകയും ചെയ്തു.

അങ്ങനെ മദ്ധ്യബൎമ്മയ്ക്കുവേണ്ടിയുള്ള യുദ്ധം അവസാനിച്ചു. ബൎമ്മയുടെ തെക്കുഭാഗവും റംഗൂൺപട്ടണവുമായി, പതിന്നാലാംപട്ടാളത്തിൻെറ പിന്നത്തെ ലക്ഷ്യം. റംഗൂൺപട്ടണത്തിൽനിന്നു കരവഴി വടക്കുകിഴക്കോട്ടു പിൻമാറാനുള്ള വഴിയടയ്ക്കുകയാണു് സഖ്യസൈന്യം ഒന്നാമതു ചെയ്തതു്. റംഗൂണിൽനിന്നു വരുന്ന റെയിൽപ്പാതകളും റോഡുകളും കൂടിച്ചേരുന്ന പ്രധാനമായ ഒരു ജംക്ഷനായ പെഗു സഖ്യസൈന്യം കൈവശപ്പെടുത്തി. അതിനുശേഷമാണു റംഗൂണിൻെറ നേൎക്കു തിരിച്ചതു്. റംഗൂൺനഗരം അനായാസേന വിമോചിപ്പിയ്ക്കപ്പെട്ടു.

അതോടൊപ്പംതന്നെ, പതിന്നാലാംപട്ടാളത്തിലെ ഒരു വിഭാഗം യെനാൻഗ് യുവാൻഗ് എന്ന സ്ഥലത്തിന്നു ചുററുമുള്ള പെട്രോൾഖനികളെയാകെ കൈവശപ്പെടുത്തി. റംഗൂണിൽനിന്നു് എങ്ങിനെയോ രക്ഷപ്പെട്ട ചെറുജാപ്പുപട്ടാളവിഭാഗങ്ങളെ പിന്തുടൎന്നും വളഞ്ഞിട്ടും ക

ട്ടുകയുന്ന ജോലിയിലേപ്പെട്ടിരിക്കുകയാണു് സഖ്യസൈന്യ ങ്ങളിപ്പോൾ. കിഴക്കു ഷാൻപ്രദേശത്തേയ്ക്കും, തെക്കു മല യയിലേയ്ക്കും പിൻവാങ്ങുകയാണു് ജാപ്പുപട്ടാളം ചെയ്യു ന്നതു്; എങ്കിലും കിഴക്കൻബർമ്മയിൽ വിടാതെനിന്നു യു ദ്ധം ചെയ്യുന്നതിന്നൊരുക്കുകൂട്ടിവരുന്നുമുണ്ടു്.

## ബർമ്മീസ് ഗറില്ലകളുടെ പങ്കു്

രണ്ടുമാസത്തിനകം ബർമ്മയിലുണ്ടായ ഈ അതി പ്ര ധാനവിജയങ്ങൾക്കു സഹായകമായ ഒരു സംഗതി ബ ർമ്മീസ്ഗറില്ലകളുടെ സഹകരണമാണു്. അസോഷിയേ റ്റഡ്പ്രസ്സ് പ്രതിനിധിയായ കെ രാജമണി എഴുതുന്നു:

"ബർമ്മീസ്ഗറില്ലകൾ ചെറുസംഘങ്ങളായി എ ങ്ങും ജാപ്പുപട്ടാളക്കാരെ ശല്യപ്പെടുത്തിക്കൊണ്ടിരിക്കു ന്നു........പതിന്നാലാംപട്ടാളത്തിൻെറ മുന്നണിവിഭാ ഗങ്ങൾ തെക്കൻബർമ്മയുടെ ഹൃദയത്തിലൂടെ കത്തി പോലെ മുറിച്ചുപോയ്ക്കൊണ്ടിരിക്കെ, പിന്നിൽ വി ട്ടുംവെച്ചുപോകുന്ന ജാപ്പുപട്ടാള'ക്കീശ'കളെ നശിപ്പി ക്കുന്നതിൽ മുൻനില്ക്കുന്നതു് ഈ ബർമ്മീസ് ഗറില്ലക ളാണു്." (ഏപ്രിൽ 17)

മൈക്കേൽ മാക്ക്ഡോനാഗ് എന്ന മറ്റൊരു പ ത്രപ്രതിനിധി എഴുതുകയുണ്ടായി:

"ബ്രിട്ടീഷ് പതിന്നാലാംപട്ടാളത്തിൻെറ വിജയപൂ ർണ്ണമായ ആക്രമണയാത്രയിൽ ബർമ്മീസ്ഗറില്ലകൾ മഹനീയമായ ഒരു പങ്കു വഹിക്കുന്നുണ്ടു്. അവർ അ നേകശതം ശത്രുക്കളെ കൊല്ലുന്നു; ജാപ്പു പട്ടാളത്തി

ൻെറ ഗതാഗതത്തെ തടസ്ഥപ്പെടുത്തുന്നു; റോഡുകറം മുറിച്ചുകളയുന്നു."

ആരാണ് ഈ ഗറില്ലകറം? ബമ്മയിൽ ഇന്നു ബമ്മാദേശാഭിമാനമുന്നണി (ബമ്മാ പാടിയോററിക്ക് ഫ്രണ്ട്) എന്നൊരു സംഘടനയുണ്ട്. അതിൽ 50,000 ത്തിലധികം അംഗങ്ങളുണ്ട്. ആയിരക്കണക്കിന്നു് ആയുധധാരികളായ ഗറില്ലകറം ഈ സംഘടനയുടെ നേതൃത്വത്തിൽ ബമ്മയുടെ നാനാഭാഗത്തും പ്രവത്തിച്ചുവരുന്നു. ജപ്പാൻകാർ ബമ്മയിൽ സൃഷ്ടിച്ച ബമ്മാ ഡിഫൻസ്പട്ടാളമെന്ന സംഘടനയിൽപ്പെട്ട 10,000 പട്ടാളക്കാരെ ഈ ദേശീയമുന്നണിയിലേയ്ക്കു കൊണ്ടുവരാൻ ഇവക്കു സാധിച്ചിട്ടുണ്ട്.

മേയ് 20-ാംനു-ത്തെ 'സ്റ്റേററ്സ്മാൻ' പത്രത്തിൽ ഇങ്ങനെ ഒരു റിപ്പോർട്ടുണ്ടായിരുന്നു:

"ജനങ്ങറം തങ്ങറംക്കെതിരായി ആയുധമെടുത്തു യുദ്ധം ചെയ്താലോ എന്നു ഭയപ്പെട്ടിട്ടുകൂടിയായിരിക്കണം ജപ്പാൻകാർ റംഗൂൺ ഉപേക്ഷിക്കാൻ നിശ്ചയിച്ചതെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ റംഗൂണിൽനിന്നു് ഒഴിഞ്ഞുപോകാനുള്ള കാരണം മനസ്സിലാകുന്നില്ല. സഖ്യപക്ഷാക്രമണത്തിന്നു കുറേ ആഴ്ചകറം മുമ്പുമുതല്ക്കേ റംഗൂണിലെ ജപ്പാൻകാർ എപ്പോഴും ആയുധം കൊണ്ടുനടക്കാൻ തുടങ്ങിയിരുന്നു."

'പീപ്പ്റംസ് വാർ' എന്ന കമ്മ്യൂണിസ്ററുപത്രത്തിൻെറ പ്രത്യേകലേഖകൻ എഴുതിയിരുന്നു:

"ടൌംഗൂ മുതലായ സ്ഥലങ്ങളിൽ ജനങ്ങറം സജീ

വമായി ഗറില്ലാസംഘക്കാരെ സഹായിച്ചു. സഖ്യപട്ടാളക്കാർ അവിടെ എത്തുന്നതിന്നുമുമ്പുതന്നെ ഗറില്ലകഠം ടൌംഗൂ പിടിക്കുകയും ജാപ്പുസൈന്യങ്ങഠം ആ പട്ടണം വിട്ടൊഴിഞ്ഞുപോവുകയും ചെയ്തിരുന്നു..........

"ഇവരുടെ പ്രതിനിധിയായി തൈൻപെ എന്നൊരാഠം 1942 മുതല്ക്കേ ഇന്ത്യയിലുണ്ട്. വളരെ കാലതാമസത്തിന്നും ഭയാശങ്കകഠംക്കും ശേഷം 1944 ഫെബ്രുവരിയിൽ അരാക്കാനിലെ ഗറില്ലകഠംക്ക് ആയുധസഹായം കൊടുക്കാൻ ബ്രിട്ടീഷ്സൈനികാധികൃതന്മാർ തീരുമാനിച്ചു. 1944 സപ്തമ്പറിൽ ബമ്മാദേശാഭിമാനമുന്നണിയെ അവർ ഔദ്യോഗികമായംഗീകരിച്ചു. എങ്കിലും അന്നൊന്നും അക്കാര്യം പുറത്തുപറയുന്നത് അവർ ഉചിതമായി കരുതിയില്ല. ബ്രിട്ടീഷ്തോക്കുകളോടുകൂടിയ ഗറില്ലകളും ബമ്മീസ്ദേശരക്ഷാസൈന്യത്തിൽപ്പെട്ടവരും ജപ്പാൻകാർ നല്കിയ തോക്കെടുത്തവരുമായ പട്ടാളക്കാരും വെറും അരിവാളുമാത്രം ആയുധമായുള്ള ബമ്മീസ്കൃഷിക്കാരും സഖ്യപട്ടാളത്തിൻെറ അത്ഭുതാവഹമായ വിജയയാത്രയ്ക്കു വഴി തെളിയിച്ചവരാണ്."

## ജാപ്പാന്ന് 600 നാഴിക അടുത്ത്

ശാന്തസമുദ്രത്തിലേയും സ്ഥിതി 2½ കൊല്ലം മുമ്പത്തേതല്ല. അന്നു ജാപ്പുനാവികപ്പട ആസ്ട്രേലിയയുടെ തൊട്ടടുത്തുള്ള സോളോമൻ ദ്വീപുകഠംവരെയെത്തിയിരുന്നു; ഇന്ന് അമേരിക്കൻപട്ടാളം ജപ്പാൻെറ അരികത്തുള്ള ഒക്കിനാവാദ്വീപുകളിൽക്കൂടി ഇറങ്ങിക്കഴിഞ്ഞു.

സുദീൎഘമായ ഒരു സമരമായിരുന്നു ഈ തിരികെപ്പിടിക്കൽ. 1942 ജൂലായിയിലാണ് ജാപ്പ് പട്ടാളക്കാർ സോളമൻദ്വീപിൻകൂട്ടത്തിലുള്ള ഗ്വഡൽക്കനാലിൽ ഇറങ്ങിയത്. അവിടെ ഒരു വിമാനത്താവളം പണിയുകയായിരുന്നു അവരുടെ ഉദ്ദേശം—നേരിട്ട് ആസ്ത്രേലിയയെ ആക്രമിക്കാനുള്ള ഒരുക്കൂട്ടൽ. അതിനെ തടയാനുള്ള പരിശ്രമത്തോടുകൂടിയാണ് ശാന്തസമുദ്രത്തിൽ സഖ്യശക്തികളുടെ പിൻവാങ്ങൽ അവസാനിച്ചത്. ഈ ശ്രമം ജപ്പാനുമായുള്ള ആദ്യത്തെ ബലപരീക്ഷയായിരുന്നു. ജപ്പാൻകാർ പണിചെയ്തു മുഴമിക്കാറായ വിമാനത്താവളം സഖ്യപട്ടാളം യാതൊരു കേടും തട്ടാതെ കൈവശപ്പെടുത്തി. ഈ യുദ്ധത്തിൽ 28 പടക്കപ്പലുകളും 25,000 പട്ടാളക്കാരും ജപ്പാനു നഷ്ടപ്പെട്ടു.

പിന്നീട് ന്യൂഗിനിയാദ്വീപിൻകൂട്ടം തിരികെപ്പിടിക്കാനുള്ള സംരംഭമായി. അതിനുള്ള യുദ്ധം ഒരു കൊല്ലത്തിലധികം നീണ്ടുനിന്നു. 1944 മേയ്മാസത്തിൽ ന്യൂഗിനിയയ്ക്കടുത്തു കിടക്കുന്ന വെയ്ക്ക് ദ്വീപിൽ സഖ്യപട്ടാളങ്ങൾ ഇറങ്ങി. സോളമൻദ്വീപിൻകൂട്ടവും ന്യൂഗിനിയയുടെ കടൽത്തീരവും സഖ്യപട്ടാളങ്ങളുടെ കൈവശമായതോടുകൂടി ശാന്തസമുദ്രത്തിലെ യുദ്ധത്തിൻെറ ഗതിക്കു മാററംവരാൻ തുടങ്ങി. തെക്കുകിഴക്കൻ ശാന്തസമുദ്രത്തിലെ നിരവധി ദ്വീപിൻകൂട്ടങ്ങളിൽനിന്നു ജപ്പാൻകാരെ സാവധാനത്തിൽ പിന്നോക്കം തള്ളാനുള്ള സൈനികവും യുദ്ധതന്ത്രപരവുമായ കഴിവു സഖ്യശക്തികൾക്കു കിട്ടിക്കഴിഞ്ഞു.

ഗിൽബെർട്ട് ദ്വീപ്, മാഷൽ ദ്വീപ്, കാരോലൈൻ ദ്വീപ്, മാരിയാനസ്സ് ദ്വീപ്—ഇങ്ങനെ സഖ്യപട്ടാളം ജപ്പാൻെറ അരികിലേയ്ക്കു നീങ്ങി. അപ്പോഴും സഖ്യപട്ടാളം ടോക്കിയോവിൽനിന്ന് 1,500 നാഴിക അകലെയേ എത്തീട്ടുള്ളു എങ്കിലും, ഈ ദ്വീപിൻകൂട്ടങ്ങൾ വീണ്ടെടുത്തതും, മാരിയാനാസ്സ് ദ്വീപുകൾക്കടുത്തുവെച്ചുണ്ടായ നാവികയുദ്ധത്തിൽ ജാപ്പുകപ്പൽപ്പടയെ നിശ്ശേഷം തോല്പിച്ചതും ശാന്തസമുദ്രസമരത്തിലെ വമ്പിച്ചൊരു ദശാസന്ധിയാണ്.

ഇതിനെത്തുടൎന്നു ജനറൽ മക്കാർതരുടെ നേതൃത്വത്തിൽ അമേരിക്കൻപട്ടാളം ഫിലിപ്പൈൻദ്വീപുകളിൽ ഇറങ്ങി. ശാന്തസമുദ്രത്തിലെ ദ്വീപിൻകൂട്ടങ്ങൾക്കിടയിൽ തവളച്ചാട്ടം ചാടുന്നതു നിൎത്തി, ജാപ്പാനുമായുള്ള കാൎയ്യമായൊരു യുദ്ധത്തിലേയ്ക്കു സഖ്യപട്ടാളം ഇറങ്ങിയെന്നാണതിൻെറ അൎത്ഥം. ഫിലിപ്പൈൻദ്വീപുകളിന്നു തികച്ചും സ്വതന്ത്രമാക്കപ്പെട്ടിരിക്കുന്നു.

സഖ്യപട്ടാളവിജയങ്ങൾ ഇതുകൊണ്ടും അവസാനിച്ചിട്ടില്ല. 1945 ഫെബ്രുവരിയിൽ ജപ്പാനിൽനിന്ന് 75 നാഴിക അകലെ കിടക്കുന്ന ഇവോജീമദ്വീപിൻെറ നേരെയും പിന്നീട് ഒക്കിനാവാദ്വീപിൻെറ നേരെയും സഖ്യനാവികപ്പട ആക്രമണം ആരംഭിച്ചു. ഒക്കിനാവാ ജപ്പാനിൽനിന്നു 300 നാഴികമാത്രം അകലത്തുള്ള ഒരു ദ്വീപാണ്. ഈ ദ്വീപിൽനിന്നു കരവഴിയ്ക്കും വിമാനം വഴിയ്ക്കും കടൽവഴിക്കും ജപ്പാനെത്തന്നെ ആക്രമിക്കാൻ കഴിയും. ഈ രണ്ടു ദ്വീപുകളും ഇന്നു സഖ്യശക്തികളുടെ കയ്യിലാണ്.

ഇനിയെത്രകാലം വേണം?

അതായത്, യൂറോപ്യൻയുദ്ധാവസാനത്തിൽ ഇന്നു ജപ്പാനെ തോല്പിക്കാനുള്ള എത്രയും അനുകൂലമായ പരിതസ്ഥിതിയാണുള്ളത്. എങ്കിലും അതിന്നൊത്ത ശുഭപ്രതീക്ഷയൊന്നും സഖ്യരാജ്യത്തിലെ പട്ടാളനായകന്മാരുടെയിടയിൽ കാണാനില്ല. മെയ് 18-ാനു-ത്തെ 'ടൈംസ് ഓഫ് ഇന്ത്യാ'പത്രത്തിൽ അതിൻെറ ലേഖൻ എഴുതിയതിപ്രകാരമാണ്:

"ജാപ്പാന്നു് ഇപ്പോഴും 50 ലക്ഷം ആളുകളുള്ള ഒരു പട്ടാളമുണ്ട്. സഖ്യസൈന്യങ്ങൾ ജപ്പാനോട് അടുക്കുംതോറും ഇവരുടെ എതിർപ്പിന്നും ശക്തി കൂടുമെന്നാണ് പ്രതീക്ഷിയ്ക്കേണ്ടതു്."

യൂറോപ്പിൽനിന്നും അമേരിക്കയിൽനിന്നും കിട്ടുന്ന റിപ്പോർട്ടുകളെല്ലാം ഇതേ സ്വരത്തിൽത്തന്നെയാണ് സംസാരിക്കുന്നതു്: യൂറോപ്യൻയുദ്ധം കഴിഞ്ഞതിൻെറ ഫലമായി ജപ്പാന്നെതിരായ സമരത്തിന്നു വേഗംകൂട്ടാൻ കഴിയുമെന്നു് അവരെല്ലാം സമ്മതിക്കുന്നുണ്ട്; പക്ഷേ കഠോരമായും സുദീർഘമായും പൊരുതിനില്ക്കാൻ വേണ്ട കഴിവുകൾ ഇപ്പോഴും ജപ്പാന്നുണ്ടെന്നു് അവരെല്ലാം പറയുന്നു. എന്താണിതിന്നു കാരണം? ജപ്പാനെ അവസാനമായി തോല്പിക്കാൻ വേണ്ട യുദ്ധം ഇനിയും തുടങ്ങിക്കഴിഞ്ഞിട്ടില്ല. ജപ്പാന്നുള്ള 50 ലക്ഷം പട്ടാളത്തിൽ പകുതിയോളം ചൈനയിലാണെന്നും, പത്തു ലക്ഷം ജപ്പാനെ രക്ഷിക്കാൻവേണ്ടി നിർത്തിയിരിക്കയാണെന്നും ബാക്കിമാത്രമേ ബാക്കിരംഗങ്ങളിലായിട്ടുള്ളുവെന്നും വിശ

സനീയമായ അമേരിക്കൻ കണക്കുകഠം പറയുന്നു. മാത്ര മല്ല, അമേരിക്കയിലെ വിദേശസാമ്പത്തികവകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ മുന്നറിയിപ്പു നല്കിയപോലെ,

"കഴിഞ്ഞ രണ്ടു കൊല്ലമായി ജപ്പാൻകാർ തങ്ങളുടെ വ്യവസായങ്ങളെല്ലാം ഓരോന്നായി മഞ്ചൂറിയയിലേയ്ക്കു മാററിയിരിക്കുന്നു: സഖ്യപട്ടാളങ്ങഠം ചൈനീസ് തീരത്തിറങ്ങിയാൽത്തന്നെ, മഞ്ചൂറിയയിൽ നിന്ന് അവരെ തുരത്തുന്നതു് എളുപ്പമായിരിക്കയില്ല."

അപ്പോഠം ചൈനയാണ് ജപ്പാൻെറ മമ്മം. അവിടെയാണ് ജപ്പാൻെറ പട്ടാളത്തിൽ പകുതിയിലധികവുമുള്ളതു്; അവിടെയാണു ജപ്പാൻെറ യുദ്ധവ്യവസായങ്ങഠം കേന്ദ്രീകരിച്ചിട്ടുള്ളതു്. അവിടെയടിക്കാതെ ജപ്പാനെ തോല്പിക്കാനാവില്ല.

## ചൈനയാണ് മമ്മം

അതിന്നുള്ള കഴിവു ചൈനയ്ക്കുണ്ടോ? ചൈനയിൽ ഇന്നു രണ്ടു പട്ടാളങ്ങഠം ജപ്പാന്നെതിരായി യുദ്ധംചെയ്യുന്നു. ഒന്നു്, ചുങ്കിങ്ങ് ഗവമ്മേണ്ടിൻേറയും ചിയാങ്ങ്കൈഷേക്കിൻേറയും നേതൃത്വത്തിലുള്ള കൊമിൻതാങ്ങ് പട്ടാളം; രണ്ടു്, വടക്കുകിഴക്കൻ ചൈനയിൽ നേരിട്ടു ജപ്പാനെ എതിത്തുകൊണ്ടിരിക്കുന്ന കമ്മ്യൂണിസ്റ്റ് പട്ടാളം. ഈ രണ്ടു പട്ടാളങ്ങളും യോജിച്ചു സഖ്യശക്തികളുടെ സഹായത്തോടെ ജപ്പാനെ എതിത്താലേ ശാന്തസമുദ്രയുദ്ധം സത്വരവിജയത്തിൽ കലാശിക്കയുള്ളു. ചൈനീസ് കമ്മ്യൂണിസ്റ്റ് പട്ടാളത്തിൻെറ സവ്വസൈന്യാധിപനായ

ജനറൽ ചൂട്ടെ മേയ് 29-ാംനു പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ പറയുന്നതു ശ്രദ്ധാഹ്മമാണ്:

"ചൈനീസ് കമ്മ്യൂണിസ്ററുപട്ടാളം, ജപ്പാന്നെതിരായി യുദ്ധംചെയ്യുന്നതും കമ്മ്യൂണിസ്ററുകാരോടു സൌഹാർദ്ദത്തിലിരിക്കാനിഷ്ടപ്പെടുന്നതുമായ മററു പട്ടാളങ്ങളുമായി അടുത്ത ബന്ധം പുലത്തണം. ഏകോപിച്ച പട്ടാളനടവടികഠം നടത്താൻ യഥാത്ഥത്തിൽ കെൽപ്പുള്ള ഒരു ഏകീകൃതസൈന്യനായകത്വം സ്ഥാപിക്കേണ്ടതാവശ്യമാകുന്നു. സൺയാത്സെന്നിന്റെ സിദ്ധാന്തങ്ങഠംക്കനുസരിച്ച ജനങ്ങളുടെ പട്ടാളങ്ങഠം രൂപീകരിക്കണം; സഖ്യശക്തികളുമായി കൈകോത്തുപിടിച്ച് എത്രയും വേഗത്തിൽ ജാപ്പക്രമിയെ പരാജയപ്പെടുത്താൻ വേണ്ടി പഴയ പട്ടാളങ്ങളെ പരിഷ്ക്കരിക്കണം........

"ജപ്പാന്നെതിരായ യുദ്ധത്തിൽ കമ്മ്യൂണിസ്റ്റ് പട്ടാളങ്ങഠം വഹിച്ചിട്ടുള്ള പങ്കിനെ ആക്കും കുറയ്ക്കാൻ കഴിയുകയില്ല. 1937നും 1945നുമിടയ്ക്കു കമ്മ്യൂണിസ്റ്റ് പട്ടാളം ജപ്പാൻകാക്കും അവരുടെ ദല്ലാളികഠംക്കുമെതിരായി 115,000 ചെറുതും വലുതുമായ യുദ്ധങ്ങഠം നടത്തീട്ടുണ്ട്; അതിൽ യാതൊരു വൈദേശികസഹായവും കമ്മ്യൂണിസ്ററുകാക്കു കിട്ടീട്ടില്ല. ജപ്പാൻകാരുടെ ഭാഗത്തുനിന്ന് 960,000 പട്ടാളക്കാർ കമ്മ്യൂണിസ്ററുകാരുടെ ഭാഗത്തു ചേന്നിട്ടുണ്ട്; 136,000 ശത്രുക്കളെ അവർ കൊന്നൊടുക്കീട്ടുണ്ട്. 1028 പീരങ്കികളും 7,700 യന്ത്രത്തോക്കുകളും 43,000 തോക്കുകളും ശത്രുക്കളിൽനിന്ന് അവർ പിടിച്ചെടുത്തിട്ടുണ്ട്; തെക്കൻചൈനയിലും മദ്ധ്യചൈനയി

ലുമായി 9 കോടി 50 ലക്ഷം ജനങ്ങൾ നിവസിക്കുന്ന പ്രദേശങ്ങളെ കമ്മ്യൂണിസ്റ്റ് പട്ടാളം ശത്രുക്കളിൽനിന്നു മോചിപ്പിച്ചിട്ടുണ്ട്.

"ഇതേസമയത്തു വിദേശങ്ങളിൽനിന്ന് അയച്ചുകിട്ടിയ ആയുധസാമഗ്രികളോടുകൂടിയ കൊമിൻതാങ്ങ് പട്ടാളത്തിന്ന് അടിയ്ക്കടി പരാജയമേ പററീട്ടുള്ളു; തെക്കും കിഴക്കും ചൈനയിൽ വലിയൊരു ഭാഗം ശത്രുക്കൾക്കു കാഴ്ചവെയ്ക്കുകയാണ് അവർ ചെയ്തിട്ടുള്ളത്."

സഖ്യപക്ഷത്തിൻെറ ദൌബ്ബല്യം

എങ്കിലും മേയ് അവസാനത്തെ ആഴ്ചയിൽ ചുങ്കിങ്ങിൽ സമ്മേളിച്ച കൊമിൻതാങ്ങ് പാർട്ടിയുടെ കോൺഗ്രസ്സ് ഇക്കാര്യത്തിൽ യാതൊരു തീരുമാനവുമെടുക്കാതെ പിരിയുകയാണ് ചെയ്തത്. പഴയ അവിശ്വാസങ്ങളെ ഇപ്പോഴും മുറുകെപ്പിടിച്ചുകൊണ്ടു സത്വരവിജയത്തിന്നത്യാവശ്യമായ നടവടികളെടുക്കാൻ മടിക്കുന്നതാരുതന്നെയായാലും, അതു ചൈനയുടെ ദുരിതത്തെ ദീർഘിപ്പിക്കുക മാത്രമല്ല, ലോകത്തിൽ സമാധാനം പുനസ്ഥാപിക്കുന്നതിനെ തടയുകകൂടി ചെയ്യുമെന്നു തീച്ചയാണ്.

അതുപോലെത്തന്നെ അപായകരമാണ് ബ്രിട്ടൻെറ കോളോണിയൽനയവും. ബമ്മ വീണ്ടെടുത്തതോടുകൂടി അവിടെ വീണ്ടും പഴയ ഭരണം പുനഃസ്ഥാപിക്കാനുള്ള പരിപാടിയാണ് ബ്രിട്ടൻ തയ്യാറാക്കീട്ടുള്ളത്. യാതൊരു തന്ത്രമുപയോഗിച്ചാണോ ജപ്പാൻകാർ ആദ്യകാലത്തു മലയയിലേയും ബമ്മയിലേയും ജനങ്ങളെ വശത്താക്കിയത്,

ആ തന്ത്രം ഇനിയും തുടൻുപോകാൻ സൌകൎയ്യമുണ്ടാക്കി ക്കൊടുക്കുകമാത്രമാണിതു ചെയ്യുന്നതു്. ഫിലിപ്പൈൻ ദ്വീപുകൾക്കു യുദ്ധം കഴിഞ്ഞാലുടനെ സ്വാതന്ത്ര്യം നല്കുന്നതാണെന്നു് അമേരിക്ക പ്രഖ്യാപിച്ചിരിക്കേ, ഇന്നു തന്നെ ഫിലിപ്പൈൻസിൻെറ ഭരണത്തിൽ അവിടു ത്തെ ജനങ്ങളെ സജീവമായി ഭാഗഭാക്കുകളാകാൻ അമേരിക്ക എല്ലാ സൌകൎയ്യങ്ങളും നല്കിക്കൊണ്ടിരിക്കേ, ബൎമ്മയിൽ ബ്രിട്ടൻ കൈക്കൊണ്ടിട്ടുള്ള നയം ഒരു തരത്തിലും യുദ്ധത്തെ സഹായിക്കില്ല; ജപ്പാനെ തോല്പിക്കുന്നതിൽ സഖ്യപട്ടാളങ്ങൾക്കു സൎവ്വസഹായവും നല്കാൻ ആ രാജ്യത്തിലെ ജനങ്ങൾക്കു് ഉത്സാഹമുണ്ടാകുകയില്ല.

ചൈനയിലെ അനൈക്യം, കോളനികളുടെ നേരെയുള്ള പഴയ മനോഭാവം:—ഇതു രണ്ടുമാണു് സഖ്യപക്ഷത്തിൻെറ ദൌർബ്ബല്യം. ഇതു രണ്ടും ഉപയോഗപ്പെടുത്തി എങ്ങനെയെങ്കിലും രക്ഷപ്പെടാമെന്നാണു് ജപ്പാൻ ഇപ്പോഴും മോഹിക്കുന്നതു്.

തങ്ങൾ അവസാനംവരെ യുദ്ധംചെയ്യാനൊരുക്കമാണെന്നു കാണിക്കാൻ പടയൊരുക്കുന്നതോടൊപ്പംതന്നെ, ജപ്പാനിലെ ഭരണാധികാരികൾ സന്ധിക്കും ശ്രമം തുടങ്ങിയിരിക്കുന്നു. ജാപ്പുചക്രവൎത്തിയും ഒരു കൂട്ടം പ്രബലരായ വ്യവസായമേധാവികളുംകൂടി സാൻ ഫ്രാൻസിസ്കോവിൽ സമ്മേളിച്ച സൎവ്വരാജ്യനേതാക്കന്മാരുടെ മുമ്പിൽ ഒരു സന്ധിനിർദ്ദേശം സമൎപ്പിക്കുകണ്ടായെന്നു റിപ്പോർട്ടുണ്ടായിരുന്നു. നിരുപാധികമായി കീഴടങ്ങുന്നതിനുമുമ്പു ഹിമ്മ്ലരും ഈ സൂത്രം പ്രയോഗിച്ചുനോക്കുക

യുണ്ടായെന്നു നമുക്കറിയാമല്ലോ. ജപ്പാന്റെ സന്ധിനിർദ്ദേശം നിരസിക്കപ്പെട്ടു.

റഷ്യയുടെ നിലയെന്തായിരിയ്ക്കും?

ഈ സന്ധിനിർദ്ദേശത്തിന്നു പ്രത്യേകമായൊരു അർത്ഥമുണ്ടെന്നാണ് പലരും പറയുന്നത്. സോവിയറ്റുറഷ്യ ശാന്തസമുദ്രയുദ്ധത്തിൽ പങ്കെടുക്കുന്നതു ജപ്പാന്ന് ഇഷ്ടമില്ലപോലും. യൂറോപ്പിലെ ഫാഷിസ്റ്റുകാൎക്ക് എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്നു നന്നായറിയുന്ന ജപ്പാനിലെ ഭരണാധികാരികൾ അതിഷ്ടപ്പെടുന്നില്ലെങ്കിൽ അത്ഭുതമില്ല.

പക്ഷേ അവരുടെ ഇഷ്ടമല്ലല്ലോ പ്രധാനം. അക്രമികളുടെ നേരെയുള്ള സോവിയറ്റു റഷ്യയുടെ മനോഭാവം അസന്ദിഗ്ധവും അചഞ്ചലവുമാണെന്ന് എല്ലാവൎക്കുമറിയാം. 1941 ഡിസമ്പറിൽ ജപ്പാൻ യുദ്ധത്തിലിറങ്ങിയപ്പൊഴേ, ജൎമ്മനിയേയും ഇറ്റലിയേയുംപോലെ ജപ്പാനും അക്രമിരാജ്യങ്ങളിലൊന്നാണെന്നു റഷ്യ വ്യക്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്നുമുമ്പായിരുന്നു ജപ്പാനുമായുള്ള നിഷ്പക്ഷതാസന്ധിയിൽ സോവിയറ്റുറഷ്യ ഒപ്പിട്ടത്. ആ സന്ധി റദ്ദ് ചെയ്യാനുള്ള ഒന്നാമത്തെ സന്ദൎഭം റഷ്യ ഉപയോഗപ്പെടുത്തുകയും ചെയ്തു. സാൻഫ്രാൻസിസ്കോ സമ്മേളനത്തിൽവെച്ചു സോവിയറ്റുപ്രതിനിധികൾ പ്രഖ്യാപിച്ചു: ശാശ്വതവും സ്ഥിരവുമായ സമാധാനത്തിന്നു ജാപ്പുഫാഷിസത്തേയും നശിപ്പിക്കേണ്ടിയിരിക്കുന്നു. പടിഞ്ഞാറ് യൂറോപ്പിൽ സോവിയറ്റുറഷ്യയുടെ രക്ഷയ്ക്കു ഹിറ്റ്ലറിസത്തെ ഉന്മൂലനാശം ചെയ്യേണ്ടത് എത്രകണ്ടാ

വശ്യമായിരുന്നുവോ, അത്രതന്നെ ആവശ്യമാണു് കിഴക്ക് സോവിയററുറഷ്യയുടെ രക്ഷയ്ക്കു ജാപ്പഫാഷിസത്തിന്റെ മുരടറുക്കലും.

"നിരുപാധികമായി കീഴടങ്ങുന്നതിന്നുള്ള വ്യവസ്ഥകൾ സ്വീകരിക്കാൻ ആവശ്യപ്പെട്ടുകൊണ്ടു്" സോവിയററുറഷ്യ ജപ്പാന്നു് ഒരന്ത്യശാസനമയയ്ക്കുകയായിരിക്കും ഉണ്ടാവുകയെന്നു മേയ് 18-ാംനു- പാരീസു റേഡിയോ പ്രസ്താവിക്കയുണ്ടായി. സോവിയററു റഷ്യ എടുക്കുന്ന നടവടിയെന്തായാലും, കിഴക്കു യുദ്ധം കഴിയുംവേഗം അവസാനിപ്പിക്കാൻ സോവിയററുറഷ്യ സജീവമായി പ്രവർത്തിക്കാതിരിക്കയില്ല.

1120 എടവം

## യുദ്ധമോ സമാധാനമോ?

സാൻ ഫ്രാൻസിസ്കോസമ്മേളനം അവസാനിച്ചിരിക്കുന്നു. രണ്ടാംലോകമഹായുദ്ധത്തിൽ നാസിജർമ്മനിയ്ക്കും ഫാഷിസ്റ്റിററലിക്കും അക്രമിജപ്പാനും എതിരായി പ്രത്യക്ഷമായോ പരോക്ഷമായോ പങ്കെടുത്ത അമ്പതിലധികം ജനാധിപത്യപ്രേമികളായ രാജ്യങ്ങളുടെ പ്രതിനിധികളാണു്. അവിടെ സമ്മേളിക്കുകയുണ്ടായതു്. ലോകത്തിൽ ശാശ്വതസമാധാനം പുലർത്തുന്നതിന്നുള്ള വഴികളാരായുകയായിരുന്നു സമ്മേളനത്തിന്റെ ഉദ്ദേശം. തികച്ചും രണ്ടു മാസം അവർ കൂടിയാലോചിച്ചു. അഭിപ്രായഭേദങ്ങൾക്കിടയാക്കിയ പല സംഗതികളും ഉന്നയിക്കപ്പെടുകയുണ്ടായി; തീവ്രമായ വാദപ്രതിവാദങ്ങൾ നടക്കുകയു

ണ്ടായി; സമ്മേളനം അലസിപ്പിരിയുമോ എന്നുപോലും ആശങ്കിക്കാൻ കാരണമായ ആപൽഘട്ടങ്ങളാവിർഭവിക്കുകയുണ്ടായി. പക്ഷേ ആറുകൊല്ലത്തെ ആയോധനത്തിൻെറ നരകയാതനകളനുഭവിച്ച ലോകത്തിലെ ജനങ്ങൾ—നിരന്തരമായ തീയുണ്ടവർഷംകൊണ്ടു കുടിയും കുടുംബങ്ങളും നശിച്ചവർ, പട്ടാളത്തിൽപ്പോയി ഭർത്താവോ പിതാവോ പുത്രനോ നഷ്ടപ്പെട്ട ലക്ഷോപലക്ഷം സ്ത്രീകൾ, നാസികൾ യൂറോപ്പിൽ പലസ്ഥലത്തും സ്ഥാപിച്ച മരണഫാക്റ്ററികളിലെ വൈതരണികളിലൂടെ കടന്നുപോയി വീണ്ടുമൊരു ജന്മം ജനിച്ചപോലെ രക്ഷപ്പെട്ടവർ, അവയെപ്പററി കേൾക്കാൻപോലും സംഗതിയായവർ, നിത്യോപയോഗസാധനങ്ങൾക്കു വിലകൂട്ടിയും കിട്ടാതെയും നാനാതരം രോഗങ്ങളുടെ ആക്രമണത്തിന്നിരയായും ജീവിതം മരണതുല്യമായിക്കഴിക്കേണ്ടിവന്നവർ_സമ്മേളനം അലസിപ്പിരിയരുതേ എന്ന് ഉള്ളഴിഞ്ഞു പ്രാർത്ഥിച്ചിട്ടുണ്ടാവും. സാർവ്വജനീനമായ ആ ആഗ്രഹത്തിൻെറയും സമ്മേളനത്തിൽ പങ്കെടുത്ത വിവിധരാജ്യപ്രതിനിധികളുടെ ഒന്നിച്ചു നില്ക്കാനുള്ള ദൃഢനിശ്ചയത്തിൻേറയും ഫലമായിട്ട് സാൻ ഫ്രാൻസിസ്കോസമ്മേളനം വിജയപര്യവസായിയാകതന്നെ ചെയ്തു. നമുക്കതിലാഹ്ളാദം കൊള്ളുക.

## പുതിയ സർവ്വരാജ്യസംഘടന

സാൻ ഫ്രാൻസിസ്കോസമ്മേളനം പുതിയ ഒരു സർവ്വരാജ്യസംഘടന രൂപവൽക്കരിക്കാനുള്ള തീരുമാനം ചെയ്തുകൊണ്ടാണ് അവസാനിച്ചത്. ആ സംഘടനയു

ടെ അടിസ്ഥാനപ്രമാണങ്ങളടങ്ങുന്ന ഒരു തീട്ടൂരത്തിൽ സമ്മേളനത്തിൽ പങ്കെടുത്ത രാജ്യങ്ങളെല്ലാം ഒപ്പുവെയ്ക്കുകയും ചെയ്തിരിക്കുന്നു:

"മനുഷ്യസമുദായത്തെ നമ്മുടെ ജീവിതകാലത്തിന്നിടയ്ക്കു രണ്ടുതവണ പറയാവതല്ലാത്ത കഷ്ടപ്പാടുകൾക്കു ഇരയാക്കിയ യുദ്ധത്തിൻെറ മഹാവ്യാധിയിൽനിന്നു ഭാവിതലമുറകളെ രക്ഷിയ്ക്കാനുറച്ചുകൊണ്ടും; മൌലികമായ മനുഷ്യാവകാശങ്ങളിലും മനുഷ്യവ്യക്തിയുടെ വിലയിലും അന്തസ്സിലും സ്ത്രീപുരുഷന്മാരുടേയും എല്ലാ രാജ്യങ്ങളുടേയും സമാവകാശങ്ങളിലും തങ്ങൾക്കുള്ള ഉത്തമവിശ്വാസം ഉറപ്പിക്കാൻവേണ്ടിയും; സന്ധികളിൽ നിന്നും മററു സാർവ്വദേശീയനിയമങ്ങളിൽനിന്നും ഉളവാകുന്ന അന്യോന്യക്കടപ്പാടുകളോടു ബഹുമാനവും നീതിയും പുലർത്തത്തക്ക ഒരു പരിതസ്ഥിതിയെ സൃഷ്ടിക്കാൻ നിശ്ചയിച്ചുകൊണ്ടും;.......സാർവ്വദേശീയമായ സമാധാനവും രക്ഷയും നിലനിർത്താനായി തങ്ങളുടെ ശക്തികളെ ഏകോപിപ്പിക്കാനും പൊതുതാൽപര്യത്തിന്നല്ലാതെകണ്ട് ആയുധബലം ഉപയോഗിക്കാനിടയാവാതിരിയ്ക്കാൻ വേണ്ട സ്ഥാപനങ്ങളും നടവടിക്രമങ്ങളും ഉണ്ടാക്കാനും, എല്ലാ ജനങ്ങളുടേയും സാമ്പത്തികസാമൂഹ്യപുരോഗതിക്കായി സാർവ്വദേശീയസ്ഥാപനങ്ങളുണ്ടാക്കാനും തീരുമാനിച്ചുകൊണ്ടും; ഐക്യരാജ്യങ്ങളിലെ ജനങ്ങൾ, ഈ ഉദ്ദേശങ്ങൾ സാധിക്കാനായി തങ്ങളുടെ എല്ലാത്തരം കഴിവുകളും കൂട്ടിച്ചേർക്കാൻ നിശ്ചയിച്ചിരിക്കുന്നു.

"അതിന്നായി സാൻ ഫ്രാൻസിസ്കോനഗരത്തിൽ

സമ്മേളിച്ച ഐക്യരാജ്യഗവമ്മേൻറുകളുടെ പ്രതിനിധികൾ 'ഐക്യരാജ്യസംഘടന' എന്ന ഒരു സാവ്വദേശീയ സംഘടന സ്ഥാപിക്കുന്നു"—എന്ന മുഖവുരയോടുകൂടി തുടങ്ങുന്ന ആ അടിസ്ഥാനപ്രമാണത്തിട്ടൂരം ഈ പുതിയ സവ്വരാജ്യസംഘടനയുടെ വിവിധരൂപങ്ങളും അവകാശങ്ങളും അധികാരങ്ങളും ചുമതലകളുമെന്തെന്നു സവിസ്തരം വിവരിക്കുന്നു.

"സാവ്വദേശീയസമാധാനം നിലനിൎത്തുകയാണതിൻെറ ഉദ്ദേശം; അതിന്നായി, സമാധാനഭംഗത്തിന്നിടയാക്കുന്ന സംഗതികളെ തടയാനും ഇല്ലാതാക്കാനും, അക്രമങ്ങളേയും മററു സമാധാനഭംഗങ്ങളേയും അമത്താനും, സമാധാനഭംഗത്തിന്നിടയാക്കിയേയ്ക്കാവുന്ന സാവ്വദേശീയതക്കങ്ങളെ നീതിയുടേയും സാവ്വദേശീയനിയമങ്ങളുടേയും തത്ത്വങ്ങൾക്കനുസരിച്ച് സമാധാനപരമായി തീക്കാനും, കൂട്ടായും ഫലപ്രദമായും നടവടികളെടുക്കുകയാണ് അതിൻെറ കടമ."

<u>പഴയ ലീഗ്—ഓഫ്—നേഷൻസോ?</u>

ഈ പുതിയ സംഘടനയുടെ അടിസ്ഥാനമായി അംഗീകരിച്ചിട്ടുള്ള പ്രഖ്യാപനത്തിൻെറ വിവിധവശങ്ങളെപ്പററി വിസ്തരിക്കാൻ ഞാനിവിടെ ഒരുമ്പെടുന്നില്ല. സാൻ ഫ്രാൻസിസ്കോവിലെ ആലോചനകൾ നടന്നുകൊണ്ടിരുന്നപ്പോഴും അതിനുശേഷവും ഈ പുതിയ സംഘടനയ്ക്കു ഭാവിയിൽ ശാശ്വതസമാധാനം പുലത്താനുള്ള കഴിവുണ്ടോ എന്ന കായ്യത്തിൽ പലരും സംശയം പ്രദശിപ്പിച്ചിട്ടുണ്ട്. അതു ന്യായമാണുതാനും. കഴിഞ്ഞ ഇ

രുപത്തഞ്ചുകൊല്ലത്തെ ലോകത്തിൻെറ അനുഭവം അതാണ്. ഒന്നാം ലോകമഹായുദ്ധത്തിൻെറ അവസാനത്തിലും ഇതുപോലെ സമാധാനസംരക്ഷണത്തിന്നെന്നും പറഞ്ഞ് ഒരു ലോകസംഘടന രൂപീകരിക്കപ്പെടുകയുണ്ടായല്ലോ.

അന്നും ലോകത്തിലെ രാജ്യതന്ത്രജ്ഞന്മാർ പ്രഖ്യാപിച്ചു: യുദ്ധമവസാനിച്ചു; ലോകത്തിലൊരു പുതിയ യുഗം പിറക്കുകയായി—ശാന്തിയും സമാധാനവും വിളയാടുന്ന ഒരു സുന്ദരയുഗമായിരിക്കും അത്. ആളുകളെല്ലാം ശ്വാസവുമടക്കി കാത്തിരുന്നു. പക്ഷേ ജനീവയിലെ സർവ്വരാജ്യസഖ്യപ്രഹസനത്തിൻെറ തിരശ്ശീല പൊങ്ങിയപ്പോഠം, ലോകം ദശിച്ചതെന്താണ്? അതൊരു കൊള്ളക്കാരുടെ സമ്മേളനമായിരുന്നു; സാമ്രാജ്യങ്ങളുടെ അതിരില്ലാത്ത ദുരാഗ്രഹങ്ങളുടെ കേളീരംഗമായിട്ടാണതു പരിണമിച്ചത്. കയ്യൂക്കുള്ളവരായിരുന്നു അവിടെ കാര്യക്കാർ; അക്രമികഠംക്കവിടെ അനുഗ്രഹവും ആശംസയുമാണ് കിട്ടിയത്; അക്രമങ്ങഠംക്കെതിരായി ദുർബ്ബലമാണെങ്കിലും, തങ്ങളുടെ ശബ്ദമുയർത്താൻ ധൈര്യപ്പെട്ടവരുടെ വായ അടയ്ക്കപ്പെടുകയാണുണ്ടായത്. അങ്ങനെ നേരും നെറിവുമുള്ളവരുടെയെല്ലാം അവജ്ഞയ്ക്കും അപഹാസത്തിന്നും പാത്രമായ ആ ലീഗ്-ഓഫ്-നേഷൻസ് രണ്ടാം ലോകമഹായുദ്ധത്തോടുകൂടി ആരുമറിയാതെ, ആരും പുകഴ്ത്താനില്ലാതെ, ആരും ഒരിററു കണ്ണീർപോലും വാക്കാതെ, സ്വയം കാലയവനികയ്ക്കകം മറഞ്ഞുപോയി.

തൻെറ ജ്യേഷ്ഠസഹോദരൻെറ ദുർഗ്ഗതിതന്നെ ഈ പു

തിയ സംഘടനയ്ക്കും വന്നുചേരില്ലെന്ന് ആക്കറിയാം? പഴയ സംഘടനയുടെ സൂത്രധാരന്മാരായിരുന്നവരിൽപ്പലരും ഇതിലേയും നായകന്മാരായിട്ടുണ്ടല്ലോ; അവരുടെ പഴയ മനോഭാവത്തിൽ എന്തെങ്കിലും കാര്യമായ പരിവർത്തനം ഇക്കാലത്തിന്നിടയ്ക്കു വന്നിട്ടുണ്ടോ? അവർ തങ്ങളുടെ സ്വാത്ഥതാൽപര്യസിദ്ധിക്കായി ഈ പുതിയ സംഘടനയേയും ഉപയോഗപ്പെടുത്തുകയില്ലേ? ഇതൊക്കെയാണ് സംശയങ്ങൾ.

## കാൽനൂററാണ്ടിനകം വന്ന മാററം

പക്ഷേ 1920-നും 1945-നുമിടയ്ക്കു ലോകത്തിൽ പല മാററങ്ങളുമുണ്ടായിരിക്കുന്നു. ആ മാററങ്ങൾ കാണാതിരിക്കയാണെങ്കിൽ, പഴയ മാനദണ്ഡങ്ങൾകൊണ്ടുതന്നെ ഇന്നത്തെ നിലയേയും അളക്കാൻ നോക്കുകയാണെങ്കിൽ പല സംശയങ്ങളും ന്യായമായുണ്ടാകാവുന്നതുമാണ്. എന്തെല്ലാമാണു ആ മാററങ്ങൾ?

ആ മാററങ്ങളിലേററവും വലുതു കഴിഞ്ഞ ആറുകൊല്ലമായി നടക്കുന്ന യുദ്ധംതന്നെയാണ്. ആ യുദ്ധം നമ്മെ പല പാഠങ്ങളും പഠിപ്പിച്ചിട്ടുണ്ട്.

1.- യുദ്ധമെന്നുവെച്ചാൽ എത്ര ഭയങ്കരമായ ഒരു വിപത്താണെന്നു ലോകം പഠിച്ചു. സവ്വസംഹാരകമാണ് ഇന്നത്തെ യുദ്ധം. യുദ്ധത്തിൽ നേരിട്ടു പങ്കെടുക്കുന്നവരെമാത്രമല്ല, ജനങ്ങളെയാകെ അതു ബാധിക്കുന്നു. യുദ്ധത്തിൽ ഏതു ക്രൂരതയും കാണിക്കാൻ മടിയില്ലാതായിരിക്കുന്നു. കൊള്ളയും കൊലയും ഒരു വിനോദവും ശാസ്ത്രവുമായിത്തീൎന്നിരിക്കുന്നു.

2. ഫാഷിസത്തെ വളർത്തിക്കൊണ്ടു വന്നതു് എന്തൊരു മഹാവിപത്തായിത്തീൎന്നുവെന്നു ലോകം പഠിച്ചു. 1931_ൽ ജപ്പാൻ മഞ്ചൂറിയയെ ആക്രമിച്ചപ്പോഴും, 1934_ൽ ഇററലി അബ്സീനിയയുടെ മേൽ ബലാൽക്കാരത്തിന്നൊരുങ്ങിയപ്പോഴും, 1937_ൽ ജപ്പാൻ ചൈനയുടെ മേൽ ചാടിവീണപ്പോഴും, സ്പെയിനിൽ ഫ്രാങ്കോ കലാപം കുത്തിയിളക്കിയപ്പോഴും, 1938_ൽ മ്യൂണിക്കിൽ വെച്ചു ചെക്കോസ്ലോവക്ക്യയെ ഹിററ്ലൎക്കു തിരുമുൽക്കാഴ്ച വെച്ചപ്പോഴും ഈ നീചകൃത്യങ്ങളിൽ പങ്കെടുത്തവരും അവയെ നിഷ്പക്ഷതാനയംകൊണ്ടു ശരിവെച്ചവരും അവയ്ക്കു് അതിരുനിന്നവരും ലോകത്തോടു് എന്തൊരു മഹാപാതകമാണു് ചെയ്തതെന്നു് ഈ യുദ്ധം തെളിയിച്ചു. മനസ്സാക്ഷിയില്ലാത്തതും മാനം മറന്നതുമായ അവരുടെ പ്രവൃത്തികളാണു് ലോകത്തെ ഈ യുദ്ധവൈതരണിയിലേയ്ക്കു തള്ളിവിട്ടതു്.

3. ഇക്കാലമത്രയും നേരും നെറിയും കൈവിടാതെ ഒരു രാജ്യം ലോകത്തിലുണ്ടായിരുന്നുവെന്നു ലോകം പഠിച്ചു. ആ രാജ്യം എല്ലാ രാജ്യങ്ങളുമായി സൌഹാൎദ്ദബന്ധം പുലൎത്താൻ അങ്ങേയററം ശ്രമിച്ചു. ആ രാജ്യം ലോകനിരായുധീകരണസമ്മേളനത്തിൽ പൂൎണ്ണമായ നിരായുധീകരണത്തിന്നുവേണ്ടി വാദിച്ചു. 1934_ൽ ലീഗ്_ഓഫ്_നേഷൻസിൽ ചേൎന്നതിന്നുശേഷം ആ രാജ്യം നിരന്തരമായി സമാധാനത്തിന്നും കൂട്ടരക്ഷാവ്യവസ്ഥയ്ക്കുംവേണ്ടി വാദിച്ചു. മ്യൂണിക്കസന്ധിസമയത്തു ചെക്കോസ്ലോവാക്യ ഹിററ്ലരുടെ വെട്ടിപ്പിടുത്തത്തെ ചെറു

ക്കാനൊരുങ്ങുകയാണെങ്കിൽ, അതു സഹായവാഗ്ദാനം ചെയ്തു. 1938-ൽ അതു ഹിററ്ലർ ജർമ്മനിക്കെതിരായി ഒരു സമാധാനമുന്നണി കെട്ടിപ്പെടുക്കുന്നതിന്ന് അങ്ങേയററം ശ്രമിച്ചു. ഫാഷിസ്ററുരാജ്യങ്ങളുടെ ആക്രമണങ്ങൾക്കിരയായ ചൈനയേയും അബ്സീനിയയേയും അതു സഹായിച്ചു. ആ രാജ്യമാണ് സോവിയററുറഷ്യ. സോവിയററുറഷ്യയുടെ ഈ വിദേശനയം എത്ര ശരിയായിരുന്നുവെന്ന് ഇന്നു ലോകമാകെ മനസ്സിലാക്കിയിട്ടുണ്ട്.

4. ആക്രമണത്തെ ഫലപ്രദമായി അവസാനിപ്പിക്കണമെങ്കിൽ, അതിന്നെതിരായ ശക്തികളെല്ലാം ഏകോപിച്ചു നില്ക്കണമെന്ന് ലോകം പഠിച്ചു. 1941 ജൂൺ 22-ാംനു ഹിററ്ലർ സോവിയററുറഷ്യയെ ആക്രമിക്കുന്നതുവരെ അച്ചുതണ്ടുശക്തികൾക്ക് അടിക്കടി വിജയങ്ങളാണുണ്ടായത്. അതിനുശേഷം ഫാഷിസത്തിന്നെതിരായ ഐക്യമുന്നണി രൂപീകരിക്കപ്പെട്ടു. 1943 ഡിസമ്പറിൽ നടന്ന ടെഹ്റാൻസമ്മേളനത്തിന്നുശേഷം, 1944 ജൂൺ ആദ്യത്തെ ആഴ്ചയിൽ രണ്ടാംയുദ്ധരംഗം തുറന്നതോടുകൂടി നാസിജർമ്മനിയുടേയും ഫാഷിസ്ററിററലിയുടേയും ശവപ്പെട്ടിമേൽ അവസാനത്തെ ആണിയടിക്കാൻ തുടങ്ങി. ഒരു കൊല്ലത്തിന്നകം യൂറോപ്യൻയുദ്ധം പൂർണ്ണവിജയത്തിൽ കലാശിച്ചു.

ജീവിതാനുഭവങ്ങളിൽനിന്നുണ്ടായ ഈ മാററങ്ങളെല്ലാം ഏറെക്കുറെ പുതിയ സാർവ്വദേശീയസംഘടനയിലും പ്രതിഫലിച്ചിട്ടുണ്ട്.

## സമാധാനം പുലർത്താൻ കഴിവുള്ള ഉപകരണം

പഴയ ലീഗ്-ഓഫ്-നേഷൻസും പുതിയ ഐക്യരാജ്യസംഘടനയും തമ്മിലുള്ള വ്യത്യാസങ്ങളെന്തെല്ലാം? ഒന്നാമത്,

പഴയ ലീഗ്-ഓഫ്-നേഷൻസിൽനിന്ന് അമേരിക്ക ഒഴിഞ്ഞുനിന്നു; സോവിയററുറഷ്യയെ ഒഴിച്ചുനിർത്തി. ലോകത്തിലെ ഈ രണ്ടു വമ്പിച്ച രാജ്യങ്ങളെക്കൂടാത്ത ആ സംഘടന, പടിഞ്ഞാറൻ യൂറോപ്പിലെ സാമ്രാജ്യശക്തികളുടെ ചൂതുകളിക്കുള്ള രംഗമായിത്തീർന്നു. ഇത്തവണ അങ്ങനെയല്ല; അമേരിക്കയും സോവിയററുറഷ്യയും ഐക്യരാജ്യസംഘടനയിൽ സജീവമായ പങ്കെടുത്തിട്ടുണ്ട്; കേന്ദ്രസ്ഥാനത്താണിരിക്കുന്നത്.

രണ്ടാമത്,

പഴയ ലീഗിന്നാണെങ്കിൽ സദുദ്ദേശപ്രഖ്യാപനങ്ങൾ ചെയ്യാനല്ലാതെ, തീരുമാനങ്ങൾ നടപ്പിൽ വരുത്താനായി യാതൊരു അധികാരവും ഉണ്ടായിരുന്നില്ല. നേരേമറിച്ച്, പുതിയ ഐക്യരാജ്യസംഘടനയ്ക്ക്, സമാധാനഭംഗത്തിന്നൊരുങ്ങുന്നവർക്കെതിരായി സാമ്പത്തികവും സൈനികവുമായ നടവടികളെടുക്കാനുള്ള അധികാരമുണ്ട്. സാൻഫ്രാൻസിസ്കോസമ്മേളനം അംഗീകരിച്ച തീട്ടൂരം പറയുന്നു:

“സംഘടനയിലെ അംഗങ്ങളായ എല്ലാ രാജ്യങ്ങളും ഈ തീട്ടൂരമനുസരിച്ചെടുക്കുന്ന എല്ലാ നടവടികൾക്കും എല്ലാ സഹായവും ചെയ്തുകൊടുക്കാനും, അങ്ങനെ

നടവടികളെടുക്കപ്പെടുന്ന രാജ്യങ്ങളെ യാതൊരുവിധ ത്തിലും സഹായിക്കാതിരിക്കാനും കടപ്പെട്ടവരാണ്........

"ലോകരക്ഷാകൌൺസിലിന്ന്; അതിൻെറ തീരു മാനങ്ങൾ നടപ്പിൽ വരുത്താനായി, ആയുധശക്തികളു ടെ ഉപയോഗമൊഴികെയുള്ള എന്തെല്ലാം നടവടികളാ ണെടുക്കേണ്ടതെന്നു തീരുമാനിക്കാവുന്നതും ആ നടവടി കളെടുക്കാൻ എല്ലാ അംഗങ്ങളോടും ആവശ്യപ്പെടാവു ന്നതുമാണ്........ഇത്തരം നടവടികൾ മതിയാവില്ലെന്നു ലോകരക്ഷാകൌൺസിലിന്നു ബോധപ്പെടുകയാണെ ങ്കിൽ, ലോകസമാധാനം നിലനിർത്താനോ പുനഃസ്ഥാ പിക്കാനോ വേണ്ടി, അംഗങ്ങളുടെ കൈവശമുള്ള ആ കാശ-കടൽ-കരസൈന്യങ്ങളുപയോഗിച്ച് ആവശ്യമാ യ മററു നടവടികളും എടുക്കാവുന്നതാണ്."

<u>മൂന്നാമത്</u>,

പഴയ ലീഗിൽ ഏകകണ്ഠമായിട്ടല്ലാതെ യാതൊരു തീരുമാനവും ചെയ്യാൻ പാടുള്ളതല്ല. അതുകൊണ്ട് ഏ തെങ്കിലും ഒരു രാജ്യത്തിന്നു ലീഗ് ഫലപ്രദമായിട്ടെന്തെ ങ്കിലും നടവടിയെടുക്കുന്നതിനെ തടയാൻ കഴിയും. പ ക്ഷേ പുതിയ സംഘടനയിൽ അങ്ങനെ യാതൊരു നി ബന്ധനയുമില്ല. ജനറൽ അസംബ്ളിക്കു പ്രധാനപ്രശ്ന ങ്ങളെസ്സംബന്ധിച്ച്, ഹാജരായ മെമ്പർമാരുടെ മൂന്നിൽ രണ്ടുഭാഗത്തിൻെറ ആനുകൂല്യമുണ്ടെങ്കിൽ തീരുമാനങ്ങ ളെടുക്കാവുന്നതാണ്. മെമ്പറായ ഓരോ രാജ്യത്തിന്നും ഓരോ വോട്ടുമാത്രമേ ഉള്ളുതാനും.

തീരുമാനങ്ങൾ നടപ്പിൽ വരുത്താനധികാരമുള്ള

ലോകരക്ഷാകൌൺസിലിലാണെങ്കിൽ,—ബ്രിട്ടൻ, അമേരിക്ക, സോവ്വ്യയററുരഷ്യ, ചൈന, ഫ്രാൻസ് എന്നീ അഞ്ചു സ്ഥിരം മെമ്പർമാരും ജനറൽ കൌൺസിൽ അതാതവസരത്തിൽ തിരഞ്ഞെടുക്കുന്ന ആറു് അസ്ഥിരം മെമ്പർമാരുമാണതിലുള്ളതു്— "ആയുധശക്തികളുടെ പ്രയോഗം ആവശ്യമായി വരുന്ന പ്രവൃത്തികളിൽ സ്ഥിരം അംഗങ്ങളുടെയെല്ലാം വോട്ടുവേണം; എന്നാൽ വഴക്കിൽ പങ്കാളിയായ രാജ്യത്തിന്നു വോട്ടുചെയ്യാൻ പാടില്ല; കേവലം മാർഗ്ഗനിർദ്ദേശപരമായ കാര്യങ്ങളിലാകട്ടെ ഏതെങ്കിലും ഏഴംഗങ്ങളുടെ വോട്ടുണ്ടായാൽ അതൊരു ഭൂരിപക്ഷമായി."

കോളനികളുടെ സ്വാതന്ത്ര്യകാര്യത്തിലും കയ്യുണ്ടു്

നാലാമതു്,

പഴയ ലീഗ്, കഴിഞ്ഞ ലോകമഹായുദ്ധം അവസാനിച്ചപ്പോൾ, തോററ രാജ്യങ്ങളുടെ കൈവശമുണ്ടായിരുന്ന കോളനികളെ ജയിച്ച രാജ്യങ്ങളെ ഏല്പിക്കയുണ്ടായി. അങ്ങനെ ഏല്പിച്ച കോളനികളെയാണു് 'മാൻഡേററുകൾ' എന്നു പറഞ്ഞിരുന്നതു്. ഈ 'മാൻഡേററു' രാജ്യങ്ങളെ സ്വന്തം കോളനികളെപ്പോലെ അടിമയാക്കി അടക്കി ഭരിക്കുകയാണു് സാമ്രാജ്യക്കോയ്മകൾ ചെയ്തതു്; പക്ഷേ ഈ രാജ്യങ്ങളുടെ ക്ഷേമത്തെപ്പററിയും സ്വയംഭരണാവകാശത്തെപ്പററിയും ഒന്നും പറയാൻ പഴയ ലീഗിന്നധികാരമുണ്ടായിരുന്നില്ല; അതു ചെയ്യപ്പെടുകയും ചെയ്തില്ല.

സാൻ ഫ്രാൻസിസ്ക്കോസമ്മേളനത്തിൽ ഇന്ത്യയുടെ സ്വാതന്ത്ര്യകാര്യം ഒന്നാമതായി സോവിയററു

റഷ്യൻ പ്രതിനിധിയായ മൊളോട്ടോവ് ഉന്നയിച്ചതോടുകൂടി, കോളനികളുടെ സ്വയംഭരണകാര്യം അവഗണിക്കാനായി ബ്രിട്ടനും അമേരിക്കയ്ക്കും സാധിച്ചില്ല. സ്വയംഭരണമില്ലാത്ത രാജ്യങ്ങളുടെ കാര്യത്തെപ്പററി എന്തു ചെയ്യണമെന്നു നിശ്ചയിക്കാനായി പുതിയ സർവ്വരാജ്യ സംഘടനയുടെ ഭാഗമായി ഒരു ട്രസ്റ്റിഷിപ്പ് കൌൺസിൽ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ഈ ട്രസ്റ്റിഷിപ്പ് കൌൺസിലിൽ ചൈനയും റഷ്യയും അംഗങ്ങളാണ്—ഈ രണ്ടു രാജ്യങ്ങളാകട്ടെ, കോളനികളിൽ യാതൊരു സ്ഥാപിത താൽപര്യവുമില്ലാത്തവയാണ്; എല്ലാ രാജ്യങ്ങളുടേയും സ്വയംനിർണ്ണയാവകാശത്തിനും പൂർണ്ണസ്വാതന്ത്ര്യത്തിനുംവേണ്ടി നിലകൊള്ളുന്നവയാണ്.

ഈ ട്രസ്റ്റിഷിപ്പ് കൌൺസിലിൻെറ ഉദ്ദേശം "ഇങ്ങനെ ട്രസ്റ്റായിട്ടുള്ള രാജ്യങ്ങളിലെ ജനങ്ങളുടെ രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവും വിദ്യാഭ്യാസപരവുമായ പുരോഗതിയെ സഹായിക്കുകയും, ഓരോ രാജ്യത്തിലേയും പ്രത്യേകപരിതസ്ഥിതിക്കനുസരിച്ചും ജനങ്ങളുടെ സ്വതന്ത്രമായ ആഗ്രഹങ്ങൾക്കനുസരിച്ചും ആ രാജ്യങ്ങളെ സ്വയംഭരണത്തിലേയ്ക്കോ പൂർണ്ണസ്വാതന്ത്ര്യത്തിലേയ്ക്കോ നയിക്കുകയുമാണ്."

അഞ്ചാമത്,

പഴയ ലീഗിൽ അംഗങ്ങളായിരുന്ന യൂറോപ്പിലേയും മററും ചെറുരാജ്യങ്ങളിലെ ഗവമ്മേണ്ടുകൾ ഏതെങ്കിലുമൊരു സമ്രാജ്യക്കോയ്മയുടെ ഇഷ്ടത്തിന്നൊത്തു തുള്ളുന്ന വെറും പാവകളായിരുന്നു. ഈ യുദ്ധംതന്നെ അതു തെ

ളിയിക്കുകയുണ്ടായി. പല രാജ്യങ്ങളിലേയും ഭരണാധികാരികറം ഹിററ്ലരുടേയും മുസ്സോളിനിയുടേയും ഭാഗത്തു ചേൎന്നു; മററുള്ളവർ ഹിററ്ലരുടെ ആക്രമണത്തെ ചെറുത്തു നില്ക്കുവാനാവാതെ ഇംഗ്ലണ്ടിലേയ്ക്കും മററും ഓടി രക്ഷപ്പെട്ടു.

പക്ഷേ ഈ രണ്ടു കൂട്ടരുമല്ല പുതിയ യൂറോപ്പിൻെറ ഭാഗധേയം നിശ്ചയിക്കാൻപോകുന്നതു്. ഈ യുദ്ധകാലത്തിന്നിടയ്ക്കു തങ്ങളെ കീഴടക്കിയ അക്രമിയെ ഫലപ്രദമായെതിരിടാനായി പുതിയ ജനാധിപത്യശക്തികറം യൂറോപ്പിലോരോരാജ്യത്തും പൊന്തിവന്നിട്ടുണ്ടു്; അതു നിരന്തരം ശക്തിപ്പെട്ടുവരികയാണു്. ചെക്കോസ്ലോവാക്യ, യൂഗോസ്ലാവിയ, റുമേനിയ, ബറംഗേറിയ മുതലായ രാജ്യങ്ങളിലെ ഇന്നത്തെ ഗവമ്മേണ്ടുകളുടെ സ്വരൂപവും സ്വഭാവവും നോക്കിയാൽ അതു കാണാൻ സാധിക്കും. സ്ഥാപിതതാൽപര്യക്കാരായ ചിലർ എന്തെല്ലാം തന്ത്രങ്ങറം പ്രയോഗിച്ചാലും, പഴയ യാഥാസ്ഥിതികന്മാക്ക മടങ്ങിവരാൻ സാദ്ധ്യമല്ലെന്നും, പുതിയ ജനാധിപത്യശക്തികളെ എല്ലാവക്കും അംഗീകരിക്കേണ്ടതായിവരുമെന്നുമുള്ളതിന്നു പോളണ്ടിൽ അടുത്തു നടന്ന സംഭവങ്ങറം പ്രത്യക്ഷോദാഹരണമാണു്. ഈ ജനകീയയൂറോപ്പിൻെറ പ്രതിനിധികറം, ഐക്യരാജ്യസംഘടനയിൽ സമാധാനത്തിന്നും സ്വാതന്ത്ര്യത്തിന്നും വിഘാതമായി നില്ക്കുവാൻ മോഹിക്കുന്ന ശക്തികറക്കു് ഒരു തരത്തിലും പിന്തുണ നില്ക്കില്ലെന്നു വ്യക്തമാണു്.

പഞ്ചമഹാശക്തികളുടെ ഐക്യം

ആറാമത്,

പഴയ ലീഗും പുതിയ സവ്വരാജ്യസംഘടനയും തമ്മിലുള്ള വ്യത്യാസം സോവിയററുറഷ്യ, ബ്രിട്ടൻ, അമേരിക്ക, ചൈന, ഫ്രാൻസ് എന്നീ പഞ്ചമഹാശക്തികളുടെ ഐക്യമാണ്. പഴയ ലീഗിൽ ഇത്തരം ഐക്യത്തിന്നുള്ള യാതൊരു നിബന്ധനയുമുണ്ടായിരുന്നില്ല. ഇത്തവണ, സമാധാനം പുലത്താൻ ബാദ്ധ്യതപ്പെട്ട ലോകരക്ഷാകൌൺസിലിൽ ഈ അഞ്ചുരാജ്യങ്ങരം സ്ഥിരം മെമ്പർമാരാണ്; ഈ അഞ്ചുരാജ്യങ്ങളുടെ സമ്മതംകൂടാതെ യാതൊരു നടപടിയും എടുക്കാൻ നിവൃത്തിയില്ലതാനും.

കഴിഞ്ഞ മൂന്നു കൊല്ലത്തിന്നിടയ്ക്കു സാവ്വദേശീയ ബന്ധത്തിലാകെ സമൂലമായ ഒരു പരിവത്തനം വരുത്തിയത് ഈ ഐക്യമാണ്. മോസ്കോ, ടെഹറാൻ, യാരംട്ട, സാൻ ഫ്രാൻസിസ്കോ എന്നി പേരുകരം ഈ ഐക്യം വളന്നുവന്നതിൻെറ സാക്ഷ്യംവഹിക്കുന്ന ലോകചരിത്രത്തിലെ നാഴികക്കല്ലുകളാണ്.

1943 നവമ്പർ മാസത്തിൽ ബ്രിട്ടൻ, അമേരിക്ക, സോവിയററുറഷ്യ എന്നീ രാജ്യങ്ങളിലെ വിദേശകായ്യമന്ത്രിമാർ മോസ്കോവിൽവെച്ചു സമ്മേളിച്ചു. യൂറോപ്യൻ യുദ്ധം സഖ്യശക്തികളുടെ വിജയത്തിൽ പയ്യവസാനിപ്പിക്കുന്നതിനുവേണ്ട കൂട്ടായ സൈനികനടപടികളെപ്പററി ഒന്നാമതാലോചിച്ചത് അപ്പോഴാണ്. അതു മാത്രമല്ല ആ സമ്മേളനം ചെയ്തുള്ളു. നാസിജമ്മനിയുടേയും ഫാസിസ്റ്റ് ഇററലിയുടേയും ഉപഗ്രഹങ്ങളായി അവയെ

സഹായിച്ചുകൊണ്ടിരുന്ന ചെറുരാജ്യങ്ങൾക്ക് അതു് ക ശ്നമായ താക്കീതു നല്കി; ഫാഷിസത്തിൻെറ കീഴിൽ നിന്നു വിമോചിപ്പിക്കപ്പെട്ടുന്ന രാജ്യങ്ങളിൽ ജനാധിപ ത്യപരമായ ഭരണം സ്ഥാപിക്കുന്നതിനുള്ള പരിപാടിക ളെപ്പററി അതാലോചിച്ചു; യുദ്ധക്കുററവാളികളെ ലോക ത്തിൻെറ ഏതു മൂലയിൽനിന്നും പിടിച്ചുകൊണ്ടുവന്നു ശി ക്ഷിക്കുന്നതാണെന്നു് അതു പ്രഖ്യാപിച്ചു.

അതിനെ തുടൎന്നു 1943 ഡിസമ്പറിൽ ടെഹ്റാ നിൽവെച്ചു ചൎച്ചിലും റൂസ്വെൽട്ടും സ്റ്റാലിനും കൂടിയാ ലോചിച്ചു; വിജയകരമായ സൈനികപ്രവൎത്തനത്തിനു ള്ള അവസാന പ്ലാൻ തയ്യാറാക്കപ്പെട്ടു. യുദ്ധാനന്തരവും സമാധാനപാലനത്തിന്നായി ബ്രിട്ടനും അമേരിക്കയും റഷ്യയും സഹകരിച്ചു പ്രവൎത്തിക്കുന്നതാണെന്നു് അവർ പ്രഖ്യാപിച്ചു; അതിന്നായി സ്വാതന്ത്ര്യകാംക്ഷികളായ എല്ലാ രാജ്യങ്ങളുടേയും സഹകരണം ആവശ്യപ്പെട്ടു.

1945 ഫെബ്രുവരിയിൽ യാൽട്ടയിൽവെച്ചു വീ ണ്ടും ത്രിശക്തിനേതാക്കന്മാർ സമ്മേളിച്ചു. യൂറോപ്പ്യൻ യുദ്ധം അവസാനിക്കാറായ ഘട്ടത്തിലായിരുന്നു അതു്. ജൎമ്മനിയോടു സ്വീകരിക്കേണ്ട നില, യൂറോപ്പിലെ വിമു ക്തരാജ്യങ്ങൾ, യുദ്ധാനന്തരപുനസ്സംഘടന—ഇവയെ ല്ലാം ആലോചനാവിഷയങ്ങളായിരുന്നു. നാസിഭരണയ ന്ത്രത്തേയും നാസിപ്പാർട്ടിയേയും നാസിപ്പട്ടാളമേധാവി തത്തേയും നാസിയുദ്ധവ്യവസായങ്ങളേയും തികച്ചും നി ൎമ്മൂലമാക്കിത്തീൎക്കുകയും ജൎമ്മനിയിൽ ജനാധിപത്യപരമാ യ ഭരണസ്ഥാപനങ്ങൾ വളൎത്തിക്കൊണ്ടുവരികയും ചെയ്യു

ന്നതിന്നായി ആ രാജ്യത്തെ നാലു മേഖലകളായി തിരിച്ചു സഖ്യപട്ടാളങ്ങൾ മേൽനോട്ടം നടത്തണമെന്ന് അവിടെവെച്ചു തീരുമാനിക്കപ്പെട്ടു. യൂഗോസ്ലാവിയയുടേയും പോളണ്ടിൻേറയും പ്രശ്നവും അവിടെവെച്ചു പരിഹരിക്കപ്പെട്ടു. സാൻ ഫ്രാൻസിസ്കോസമ്മേളനം വിളിച്ചുകൂട്ടാനും തീരുമാനിച്ചു.

## സമാധാനസ്വാതന്ത്ര്യങ്ങൾക്ക് അടിസ്ഥാനമാകണമെങ്കിൽ

പഞ്ചമഹാശക്തികളുടെ ഈ ഐക്യം തകരുകയാണെങ്കിൽ, മറെറാരു യുദ്ധം തീച്ചയാണ്. ആ ഐക്യം പൊളിയുമെന്നാണ് ഇന്നും ജപ്പാനിലെ ഫാഷിസ്ററുകാർ ആഗ്രഹിക്കുന്നത്. ആ ഐക്യം നിലനില്ക്കുന്നതിലിഷ്ടമില്ലാത്ത ഫാഷിസ്റ്റനുകൂലികളും സാമ്രാജ്യതാൽപര്യക്കാരുമാണ് ബ്രിട്ടനിലും അമേരിക്കയിലും ഇന്നു വീണ്ടും പഴകിപ്പറിഞ്ഞുപോയ സോവിയററുവിരോധക്കൊടിയുയർത്തുന്നത്. മറെറാരു യുദ്ധം ആഗ്രഹിക്കാത്തവരാരും ആ ഐക്യം പൊളിയണമെന്നാഗ്രഹിക്കുകയില്ല.

എന്നാൽ ഈ ഐക്യത്തിൻെറ ചട്ടക്കൂടിനുള്ളിൽ ലോകത്തിലുണ്ടാകാൻ പോകുന്ന സമാധാനം ഏതു തരത്തിലുള്ളതായിരിയ്ക്കും? അത്, അടിമത്തത്തിൻെറ സമാധാനമായിരിക്കുമോ, ശാശ്വതമായ സാമ്രാജ്യമേധാവിത്വത്തിൻെറ സമാധാനമായിരിക്കുമോ? അതോ, ലോകത്തിലെ എല്ലാ ജനതകൾക്കും സ്വാതന്ത്ര്യവും സ്വച്ഛന്ദമായി വളരാനുള്ള സൌകര്യവും കിട്ടുന്ന സമാധാന

മായിരിക്കുമോ? ആയിരിക്കണമെന്നാണ് ലോകത്തിലെ ജനങ്ങൾ ആശിക്കുന്നതും ആവശ്യപ്പെടുന്നതും.

ഈ പഞ്ചമഹാശക്തികളിൽ സോവിയററുറഷ്യയും ചൈനയും ലോകസ്വാതന്ത്ര്യത്തിന്നുവേണ്ടി നിലക്കൊള്ളുന്നതാണെന്നു നമുക്കറിയാം. സാൻഫ്രാൻസിസ്കോവിൽ സർവ്വപ്രധാനമായ ഐക്യം പുലത്താനായി സോവിയററുറഷ്യ അതിൻെറ സ്വാതന്ത്ര്യാദശങ്ങളിൽനിന്നു ചില വിട്ടുവീഴ്ചകൾ ചെയ്യുകയുണ്ടായെങ്കിലും ആ ആദശങ്ങൾ ഉപേക്ഷിച്ചിട്ടില്ല. ജനാധിപത്യപരവും ഏകീകൃതവുമായ ഒരു ചൈന, ദേശീയഗവർമ്മേൻേറാടുകൂടിയ ഒരു ഇന്ത്യ, പുതിയതായി വളന്നുവന്ന ജനകീയശക്തികളെ തികച്ചും പ്രതിഫലിപ്പിക്കുന്ന ഒരു ഗവർമ്മേൻേറാടുകൂടിയ ഫ്രാൻസ്, യൂറോപ്പിലെ ചെറുരാജ്യങ്ങൾ—ഇവയുടെയെല്ലാം പിൻബലത്തോടുകൂടിയ സോവിയററുറഷ്യക്കു, ബ്രിട്ടീഷമേരിക്കൻ സാമ്രാജ്യത്വങ്ങളുടെ തടസ്ഥനയങ്ങളെ തട്ടിനീക്കാനും, സമാധാനം സംരക്ഷിച്ചുകൊണ്ടുതന്നെ ലോകത്തിലെ ജനതകളെയാകെ സ്വാതന്ത്ര്യത്തിലേയ്ക്കും സമൃദ്ധിയിലേയ്ക്കും നയിക്കുവാനും സാധിക്കുമെന്നാണ് വിശ്വസിക്കേണ്ടത്.

1120 മിഥുനം

**KOTTAYAM PUBLIC LIBRARY**

**KOTTAYAM**

Cl. No. 900 Acc. No. 4506

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 5 JAN 2010 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 20 Ps. per day will be charged

900 4506

ഉണ്ണിരാജ - സി

യുദ്ധമോ സമാധാനമോ?

KOTTAYAM PUBLIC LIBRARY
Call No. 900 Acc. No. 4506
Author ഉണ്ണിരാജ. സി.
Title യുദ്ധമോ സമാധാനമോ ?